34th Year of Service 2026

NOT OUR MERIT BUT HIS GRACE · KERALA EXPRESS

# കേരളാ എക്സ്പ്രസ്

KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

June 01, 2026 Vol. XXXIV No. 22

3 റെയ്ഡിനിടെ ഇഡിയെ ആക്രമിച്ചു

6 യുഡിഎഫ് സർക്കാരിന്റെ ആദ്യ നയപ്രഖ്യാപനം

11 ഏകീകൃത സിവിൽ കോഡ് ആസാമിലും പാസാക്കി

20 ചിക്കാഗോ സെന്റ് മേരീസിൽ ദിവ്യകാരുണ്യ സ്വീകരണം

24 ജിമ്മിജോർജ് സൂപ്പർ ട്രോഫി വോളിബോൾ

### മാസപ്പടി കേസ്: സിഎംആർഎലിന് സ്റ്റേ അനുവദിച്ചില്ല

# വെള്ളിയാഴ്ചവരെ തുടർനടപടി വേണ്ടെന്ന് ഹൈക്കോടതി

കൊച്ചി: സിഎംആർഎൽ–എക്സാലോജിക് സാമ്പത്തിക ഇടപാടുമായി ബന്ധപ്പെട്ട് വെള്ളിയാഴ്ച വരെ




കരിമണൽ കമ്പനിക്കെതിരെ തുടർനടപടി പാടില്ലെന്ന് ഹൈക്കോടതി. മാസപ്പടി കേസിലെ ഇഡി അന്വേഷണം സ്റ്റേ ചെയ്യണമെന്നാവശ്യപ്പെട്ട് സിംഗിൾ ബെഞ്ച് പുറപ്പെടുവിച്ച ഉത്തരവ് ചോദ്യം ചെയ്തുകൊണ്ട് സിഎംആർഎൽ നല്കിയ ഹർജി ഹൈക്കോടതി തള്ളി. അന്വേഷണം തടയണമെന്നാവശ്യപ്പെട്ട് സിഎംആർഎൽ നല്കിയ അപ്പീൽ ജസ്റ്റിസ് എ. രാജാ വിജയരാഘവൻ, കെ.വി. ജയകുമാർ എന്നിവരുടെ ബെഞ്ചാണ് പരിഗണിച്ചത്. അപ്പീലിന്മേൽ വെള്ളിയാഴ്ച വിധി പറയാമെന്നും അതുവരെ ഹർജിക്കാർക്കെതിരെ നടപടി പാടില്ലെന്നുമാണ് കോടതി നിർദേശം.

ഇഡി അന്വേഷണം തുടരാമെന്ന സിംഗിൽ ബെഞ്ച് ഉത്തരവിനെതിരെയാണ് സിഎംആർഎൽ ഡിവിഷൻ ബെഞ്ചിനെ സമീപിച്ചത്. ഷെഡ്യൂൾഡ് കുറ്റകൃത്യമല്ലാത്തതിനാൽ പിഎംഎൽഎ നിയമപ്രകാരം കേസെടുക്കുന്നതിന് ഇഡിക്ക് അധികാരമില്ലെന്നായിരുന്നു സിഎംആർഎലിന്റെ പ്രധാനവാദം. അന്വേഷണസ്വഭാവത്തിലുള്ള സമൻസ് ഇഡി അയച്ചത് നിയമവിരുദ്ധമായാണ്. അധികാരമില്ലാത്ത അന്വേഷണമാണ് ഇഡി നടത്തുന്നതെന്നും സിഎംആർഎൽ വാദിച്ചു.

കൃത്യമായ ഒരു എഫ്ഐആറോ അല്ലെങ്കിൽ ഔദ്യോഗിക പരാതിയോ ഇല്ലാതെയാണ് കേന്ദ്ര ഏജൻസി തങ്ങൾക്കെതിരെ കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമപ്രകാരം അന്വേഷണവുമായി മുമ്പോട്ടു പോകുന്നതെന്നും കമ്പനി വാദിച്ചു.

മുൻമുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ ടി. വീണയുടെ ഉടമസ്ഥതയിലുള്ള (ശേഷം 34-ാം പേജിൽ)

# സംസ്ഥാനത്ത് സ്കൂളുകൾ തുറന്നു

തിരുവനന്തപുരം: പുത്തൻ ഉടുപ്പുകളും സ്കൂൾ ബാഗുകളുമായി അക്ഷരമുറ്റത്തേക്ക് കുരുന്നുകൾ എത്തി. ഒന്നാം ക്ലാസിലേക്ക് പ്രവേശനത്തിനെത്തിയ കുരുന്നുകളെ സ്കൂൾ അധികൃതർ മധുരം നല്കിയും പൂക്കളും കിരീടവും അണിയിച്ചുമാണ് വരവേറ്റത്.

രണ്ടു മാസത്തെ മധ്യവേനൽ അവധിക്കുശേഷം ജൂൺ ഒന്നിന് സംസ്ഥാനത്തെ സ്കൂളുകൾ തുറന്നു. 42 ലക്ഷം കുട്ടികളാണ് സംസ്ഥാനത്തെ വിവിധ സ്കൂളുകളിലെത്തിയത്. ഇതിൽ മൂന്നു ലക്ഷം കുട്ടികൾ നവാഗതരാണ്.

ആദ്യമായി സ്കൂളിലെത്തിയ കുരുന്നുകൾക്ക് ആദ്യം വിഷമമുണ്ടായെങ്കിലും അദ്ധ്യാപികമാരുടെ സ്നേഹപരിചരണത്തിൽ അവരുടെ സങ്കടം അലിഞ്ഞില്ലാതായി. അദ്ധ്യാപകരും കുട്ടികളുടെ മാതാപിതാക്കളും തമ്മിൽ നല്ല സൗഹൃദം ഉണ്ടാകണമെന്ന് പ്രവേശനോത്സവം ഉദ്ഘാടനം ചെയ്തുകൊണ്ട് മുഖ്യമന്ത്രി വി.ഡി. സതീശൻ ആഹ്വാനം ചെയ്തു. കുട്ടികളുടെ കഴിവുകൾ തിരിച്ചറിയാനും അവർക്ക് കൂടുതൽ പ്രോത്സാഹനം നല്കാനും ഈ സൗഹൃദം വഴിതെളിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. വിദ്യാഭ്യാസ പുരോഗതിയിൽ അമ്മമാർക്ക് കൂടുതൽ പങ്കുവഹിക്കാനുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സ്കൂൾ പഠനകാലത്തെ തന്റെ സ്മരണകൾ പങ്കിട്ടായിരുന്നു മുഖ്യമന്ത്രി പ്രസംഗം ആരംഭിച്ചത്. ഇത് വിജ്ഞാന വിസ്ഫോടനത്തിന്റെ കാലഘട്ടമാണ്. അറിവുകൾ തേടിപ്പിടിക്കണം. എഐയുടെ കാലമാണെന്നും അറിവുകൾ ശരിയായി ഉപയോഗിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. മാതാപിതാക്കളുടെ സ്വപ്നങ്ങൾ പൂവണിയിക്കാനും സമൂഹത്തിനു മാതൃകയായി വളരണമെന്നും അദ്ദേഹം കുട്ടികളെ ഉപദേശിച്ചു. മയക്കുമരുന്നിനെതിരെ കുട്ടികൾ ഒറ്റക്കെട്ടായി പ്രവർത്തിക്കണം. ലഹരിക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു. ആദ്യമായി സ്കൂളിലെത്തിയ കുട്ടികൾക്ക് വിദ്യാഭ്യാസമന്ത്രി എം. ഷംസുദ്ദീൻ ലഡു നല്കി വരവേറ്റു. സംസ്ഥാനത്തെ സ്കൂളുകളിൽ ആഴ്ചയിലൊരു ദിവസം കളർഡ്രസ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടെന്ന് അദ്ദേഹം പറഞ്ഞു. കളർഡ്രസ് എന്നത് ആകർഷകമായ ആശയമാണ്. ബാക്ക് ബെഞ്ച് രീതി ഒഴിവാക്കുമെന്നും അദ്ദേഹം വ്യക്തമാക്കി



സ്കൂൾ പ്രവേശനോത്സവത്തോടനുബന്ധിച്ച് ആദ്യമായി സ്കൂളിലെത്തിയ കുരുന്നുകൾക്ക് മുഖ്യമന്ത്രി വി.ഡി. സതീശൻ സ്കൂൾ ബാഗും കുടയും സമ്മാനിക്കുന്നു,

# പ്രധാനമന്ത്രി മുതൽ സംസ്ഥാന മന്ത്രി വരെയുള്ളവർക്ക് പെരുമാറ്റച്ചട്ടം

കൊല്ലം: മന്ത്രിക്ക് സമ്മാനം വാങ്ങാമോ? വാങ്ങുന്നതിന് കൃത്യമായ നിബന്ധന പെരുമാറ്റച്ചട്ടത്തിലുണ്ട്. അടുത്ത ബന്ധുക്കളിൽനിന്നോ ഔദ്യോഗിക ഇടപാടുള്ള വ്യക്തികളിൽനിന്നോ വിലപിടിപ്പുള്ള സമ്മാനങ്ങൾ സ്വീകരിക്കരുതെന്നാണ് വ്യവസ്ഥ. പ്രധാനമന്ത്രി മുതൽ സംസ്ഥാന മന്ത്രിമാർക്കു വരെ ഇതാണ് പെരുമാറ്റച്ചട്ടം.

വിദേശ സന്ദർശന സമയത്തു ലഭിക്കുന്ന സമ്മാനം സ്വീകരിക്കുന്നതിലും വ്യവസ്ഥയുണ്ട്. വാളും പരിചയും പോലെ ചടങ്ങുകളിൽ നൽകുന്ന സമ്മാനങ്ങൾ, സ്മാരക ചിഹ്നങ്ങൾ പോലെ പ്രതീകാത്മക സമ്മാനങ്ങൾ എന്നിവ മന്ത്രിക്ക് കയ്യിൽ വെക്കാം. വിലപിടിപ്പുള്ള സമ്മാനങ്ങളിൽ 5000 രൂപ വരെയുള്ളത് സൂക്ഷിക്കാം. അതിൽ കൂടുതൽ മൂല്യം വരുന്നവ സർക്കാരിലേക്കു നൽകണം. അത് സ്വന്തമാക്കാൻ ആഗ്രഹമുണ്ടെങ്കിൽ സർക്കാർ നിശ്ചയിക്കുന്ന വിലയിൽ 5000 രൂപയ്ക്ക് മുകളിൽ വരുന്ന തുക നൽകി വാങ്ങാം. പെയിന്റിങ്ങുകൾ, ഫർണിച്ചർ എന്നിവയും ഈ ഗണത്തിൽ വരും.

പുരസ്കാരം നൽകുന്ന സ്ഥാപനത്തിന്റെ വിശ്വാസ്യത പരിശോധിച്ച ശേഷമേ സ്വീകരിക്കാവൂ. എന്നാൽ പണമായുള്ള അവാർഡ് ഭാഗം സ്വീകരിക്കരുതെന്നാണു വ്യവസ്ഥ.

മന്ത്രിയായി ചുമതലയേൽക്കുന്നതിനു മുൻപ് ബന്ധപ്പെട്ടിരുന്ന ഏതെങ്കിലും ബിസിനസ് സ്ഥാപനങ്ങളുമായോ വ്യാപാര സ്ഥാപനങ്ങളുമായോ ഉള്ള എല്ലാ ഇടപാടുകളും പൂർണമായും അവസാനിപ്പിക്കണം. സർക്കാരുമായി ഇടപാടുള്ള ഏതെങ്കിലും സ്ഥാപനത്തിൽനിന്ന് കരാറുകൾ, ലൈസൻസുകൾ, അനുമതികൾ, ലീസ് ഇടപാടുകൾ ലഭിക്കുന്ന സ്ഥാപനങ്ങളുമായി നേരിട്ടോ പരോക്ഷമായോ പങ്കാളിയാകരുത്. മന്ത്രിയുടെ കുടുംബാംഗം സർക്കാരുമായി വ്യാപാര ഇടപാടുകൾ നടത്തുന്ന കമ്പനികൾ ആരംഭിക്കുകയോ അതിൽ പങ്കാളിയാകുകയോ ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്തണം. (ശേഷം 34-ാം പേജിൽ)

SUNNY FINANCIAL STRATEGIES, LLC

Forbes 2025 BEST-IN-STATE TOP FINANCIAL SECURITY PROFESSIONALS



**Tom Sunny, CFP®, CLU®, RICP®**

*Financial Planner & Wealth Advisor*

## *Expert Guidance Through Life's Financial Transitions*

Comprehensive planning for professionals, retirees, and business owners who want clarity, confidence, and long-term security for generations.

Support for complex financial moments, including:

- Financial Planning & Wealth Management
- Retirement Income Strategy
- 401(k) & IRA Investment Optimization
- Estate Planning & Trusts
- Risk Management & Insurance
- Tax Planning Strategies
- Business & Employee Benefits
- Social Security & Medicare

*Complimentary Financial Plan*

Retirement & Estate Review

No Cost • Limited Availability

*Let's Plan Your Brighter Financial Future*

847-414-9116 tom@sunnyfinancial.com

SunnyFinancial.com

SCAN TO LEARN MORE

475 N Martingale Rd, Suite 1250, Schaumburg, IL 60173 | 847-585-4931 | SunnyFinancial.com

Financial Advisor with Eagle Strategies LLC (a Registered Investment Adviser). Securities offered through NYLIFE Securities LLC (Member FINRA/SIPC). Insurance offered through NYLIFE Securities LLC, a Licensed Insurance Agency. Eagle Strategies LLC and NYLIFE Securities LLC are New York Life companies.

Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.

# Secure Tax Services

DBA SMALL BUSINESS ACCOUNTING LLC

## Personal and Business Tax Services

*Free Electronic Filling*



TINO SIMON MUNDAPLACKIL

Phone: 630-635-3615

E-mail:tino@greatwaysinc.com

1001 E Chicago Ave, Suite 151

Naperville, IL 60540

LIFE MEMBER MILLION DOLLAR ADVOCATES FORUM The Top Trial Lawyers In America™

# ACCIDENT ATTORNEYS

AV PREEMINENT® Peer Rated for Highest Level of Professional Excellence 2025

## LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY

**Fee Discounts On Certain Cases For Malayalee Clients**

**Home Visits Available**



Steve Crifase

Steve@Crifaselaw.com

## CRIFASE LAW FIRM, LTD.

312-855-0511

Free Consultation/Your Call Is Always Welcome Like A Family Friend



Michael Crifase

Michael@Crifaselaw.com

Crifase Law Firm, Ltd.

8 S. Michigan Avenue, Suite 2000

Chicago, Illinois 60603

CrifaseLaw.Com


BBB ACCREDITED BUSINESS A+ Rating Better Business Bureau

# പിണറായി വിജയന്റെ വീട്ടിലെ റെയ്ഡിനിടെ ഇഡിയെ ആക്രമിച്ചു

തിരുവനന്തപുരം: സിഎംആർഎൽ-എക്സാലോജിക് ഇടപാടുമായി ബന്ധപ്പെട്ട് മുൻമുഖ്യമന്ത്രി പിണറായി വിജയന്റെയും മരുമകനും മുൻമന്ത്രിയുമായ പി.എ. മുഹമ്മദ് റിയാസിന്റെയും വീടുകൾ ഉൾപ്പെടെ 10 കേന്ദ്രങ്ങളിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) റെയ്ഡ്. കേരളത്തിലും ബംഗളൂരുവിലുമായി സിഎംആർഎൽ മാനേജ്മെന്റുമായും എക്സാലോജിക് ഡയറക്ടർ കൂടിയായ മുഖ്യമന്ത്രിയുടെ മകൾ വീണയുമായും ബന്ധപ്പെട്ട കേന്ദ്രങ്ങളിലാണ് ഇ.ഡി. ഒരേസമയം പരിശോധന നടത്തിയത്. റെയ്ഡിനിടെ പിണറായിയെയും മകൾ വീണയെയും ചോദ്യംചെയ്തു.

തിരുവനന്തപുരം ബേക്കറി ജംഗ്ഷനിലെ പിണറായിയുടെ വാടകവീട്ടിലും കോഴിക്കോട് കോട്ടൂളിയിൽ മുഹമ്മദ് റിയാസിന്റെ വീട്ടിലും ഇഡി എത്തിയതിൽ പ്രതിഷേധിച്ച് തിരുവനന്തപുരത്ത് സിപിഎം പ്രവർത്തകർ ആക്രമണം അഴിച്ചുവിട്ടു. ഇ.ഡി സംഘത്തിന്റെ വാഹനം തകർത്തു. അക്രമികൾക്കെതിരെ വധശ്രമം ഉൾപ്പെടെയുള്ള വകുപ്പുകൾ ചുമത്തി പോലീസ് കേസെടുത്തു.

റെയ്ഡ് നടക്കുമ്പോൾ മുഹമ്മദ് റിയാസ് കോഴിക്കോട്ടെ വീട്ടിലുണ്ടായിരുന്നില്ല. ഇഡി അന്വേഷണം ചോദ്യം ചെയ്ത് സിഎംആർഎൽ നൽകിയ റിട്ട് ഹർജി ഹൈക്കോടതി തള്ളിയതിനു പിന്നാലെയായിരുന്നു മിന്നൽപരിശോധന. വീണയുടെ ഓഫീസിലും സിഎംആർഎൽ മാനേജിങ് ഡയറക്ടർ എസ്.പി. ശശിധരൻ കർത്തായുടെ ആലുവയിലെ വീട്ടിലും ഓഫീസിലും റെയ്ഡ് നടന്നു. സാമ്പത്തിക ക്രമക്കേട്, അനധികൃത സ്വത്ത്, കള്ളപ്പണം വെളുപ്പിക്കൽ ആരോപണങ്ങളുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ ഭാഗമായാണ് പരിശോധനയെന്ന് ഇഡി വൃത്തങ്ങൾ വ്യക്തമാക്കി.



മെയ് 27-ന് പുലർച്ചെ അഞ്ചരയോടെ ആരംഭിച്ച റെയ്ഡ് ഏഴരമണിക്കൂർ നീണ്ടു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ, എറണാകുളം, തിരുവനന്തപുരം, ബംഗളൂരു എന്നിവിടങ്ങളിലെ ചില ബിസിനസ് സ്ഥാപനങ്ങൾ, ഇടനിലക്കാരെന്നു കരുതപ്പെടുന്നവരുടെ വീടുകൾ, അക്കൗണ്ടിങ് ഓഫീസുകൾ എന്നിവിടങ്ങളിലും ഇ.ഡി. എത്തി. കേന്ദ്രസേനയുടെ കാവലിലായിരുന്നു പരിശോധന.

പിണറായിക്കൊപ്പം തിരുവനന്തപുരത്താണു വീണ താമസിക്കുന്നത്. ഇഡി സംഘമെത്തുമ്പോൾ പിണറായിയും മകളും വീട്ടിലുണ്ടായിരുന്നു. പ്രാഥമിക പരിശോധനയിൽ നിരവധി രേഖകൾ, ബാങ്ക് ഇടപാട് വിവരങ്ങൾ, ഡിജിറ്റൽ ഉപകരണങ്ങൾ, മൊബൈൽ ഫോണുകൾ, വിദേശ ഇടപാടുകൾ സംബന്ധിച്ച രേഖകൾ, ഹാർഡ്ഡിസ്കുകൾ എന്നിവ പരിശോധിക്കുകയും ചിലതു പിടിച്ചെടുക്കുകയും ചെയ്തതായി ഇ.ഡി. വൃത്തങ്ങൾ അറിയിച്ചു. പിണറായിയുടെ കണ്ണൂരിലെ വീട്ടിലും ഇഡി പരിശോധന നടത്തി. വീട്ടിൽനിന്നു രേഖകളൊന്നും കൊണ്ടുപോകുന്നില്ലെന്ന് ഉദ്യോഗസ്ഥർ എഴുതിനൽകിയതായി സിപിഎം നേതാവ് എം.വി. ജയരാജൻ പറഞ്ഞു.

മുഹമ്മദ് റിയാസ് എംഎൽഎയുടെ കോഴിക്കോട്ടെ വസതിയിൽ ഇഡി എത്തുമ്പോൾ മാതാപിതാക്കൾ, റിയാസിന്റെ മകൻ അയാൻ, സഹോദരീപുത്രി നെയ്മ എന്നിവരാണുണ്ടായിരുന്നത്. കോട്ടൂളിയിലെ 'ഗ്രേസ്' വീട്ടിൽ 27-ന് രാവിലെ 7.10-ന് തുടങ്ങിയ പരിശോധന ഉച്ചകഴിഞ്ഞ് രണ്ടുവരെ നീണ്ടു. രേഖകളൊന്നും കണ്ടെത്തിയില്ലെന്ന് ഇ.ഡി. എഴുതിനൽകി. ഇ.ഡി അസിസ്റ്റന്റ് ഡയറക്ടർ ധർമേന്ദ്ര ചൗഹാന്റെ നേതൃത്വത്തിൽ അഭിഷേക് കുമാർ, സൗമ്യ സുധാമൻ എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്. റെയ്ഡ് വിവരമറിഞ്ഞ് രാവിലെ മുതൽ കോട്ടൂളിയിലെ വീടിനു മുന്നിലേക്ക് നൂറുകണക്കിന് സിപിഎം പ്രവർത്തകരെത്തി. കുത്തിയിരുന്ന് പ്രതിഷേധിച്ച പ്രവർത്തകർ ഇഡി സംഘം പോയശേഷമാണ് മടങ്ങിയത്. കോഴിക്കോട് നഗരത്തിലും പ്രതിഷേധമുണ്ടായി.

തിരുവനന്തപുരത്ത് പിണറായിയുടെ വസതിയിലെ പരിശോധനയ്ക്കു ശേഷം മടങ്ങിയ ഇഡി ഉദ്യോഗസ്ഥരുടെ വാഹനങ്ങൾ സിപിഎം പ്രവർത്തകർ അടിച്ചുതകർത്തു. ഇഡി വാഹനത്തിന്റെ ഡ്രൈവർക്കും സുരക്ഷാച്ചുമതലയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥനും പരുക്കേറ്റു. സംഘർഷത്തിനും വെല്ലുവിളികൾക്കുമൊടുവിൽ ഏഴ് പാർട്ടി പ്രവർത്തകരെ അറസ്റ്റ് ചെയ്തു.

## മനുഷ്യക്കടത്ത് തടയാൻ മാർഗരേഖയുമായി സുപ്രീംകോടതി

ന്യൂഡൽഹി: ലൈംഗിക ചൂഷണത്തിനായുള്ള മനുഷ്യക്കടത്ത് തടയാനും ഇരകളാക്കപ്പെടുന്നവരുടെ പുനരധിവാസത്തിനും മാർഗരേഖയുമായി സുപ്രീംകോടതി. ഇന്ത്യയാകെ ലൈംഗികചൂഷണത്തിനിരയാക്കപ്പെടുന്നവരുടെ സംരക്ഷണത്തിനായി ഇടപെടലാവശ്യപ്പെട്ട് സന്നദ്ധസംഘടനയായ പ്രജ്ജ്വല 2004-ൽ നൽകിയ പൊതുതാത്പര്യ ഹർജിയിലാണ് നിർണായക വിധി.

ഹൃദയത്തോട് ചേർന്നുനിൽക്കുന്ന വിധിന്യായമാണിതെന്ന് ജസ്റ്റിസുമാരായ ജെ.ബി. പർദിവാല, ആർ. മഹാദേവൻ എന്നിവരുടെ ബെഞ്ച് നിരീക്ഷിച്ചു. വിധി തയാറാക്കാൻ കുറച്ചധികം സമയമെടുത്തു. അരക്ഷിതരായ പെൺകുട്ടികളുടെയും സ്ത്രീകളുടെയും സംരക്ഷണത്തിന് ഉപകരിക്കുമെന്നതിനാൽ ഇതു ഞങ്ങളുടെ ഹൃദയത്തോട് ചേർന്നിരിക്കും. ചരിത്രമാണിത് - വിധി പറയുമ്പോൾ ബെഞ്ച് നിരീക്ഷിച്ചു.

മനുഷ്യക്കച്ചവടത്തിനിരയായി ലൈംഗികവൃത്തിയിലെത്തിപ്പെടുന്നവരെയും സ്വന്തമിഷ്ടപ്രകാരം ലൈംഗികതൊഴിൽ ചെയ്യുന്നവരെയും ഒരേ നിയമത്തിൽ നോക്കിക്കാണുന്നതിന്റെ പ്രശ്നമാണ് ഹർജിക്കാർ ഉന്നയിച്ചത്. ഇക്കാര്യത്തിൽ രാജ്യവ്യാപകമായ മാനദണ്ഡം വേണമെന്നായിരുന്നു ഹർജിക്കാരുടെ പ്രാഥമികാവശ്യം. ഈ അടിസ്ഥാന വിഷയത്തിൽ ഉറച്ചുനിന്നാണ് സുപ്രീംകോടതി മാർഗരേഖയിറക്കിയത്. അതിനായി അന്താരാഷ്ട്രതലത്തിൽ ഇന്ത്യ ഭാഗമായ നിയമചട്ടക്കൂടുകളും കോടതി പരിശോധിച്ചു. ഇത്തരം കേസുകളിൽ അതിജീവിതയുടെ അവകാശങ്ങളെ കേന്ദ്രീകരിച്ചുള്ള സമീപനമാണ് വേണ്ടതെന്ന് കോടതി പറഞ്ഞു. സുനിതാ കൃഷ്ണനാണ് പ്രജ്ജ്വലയുടെ സ്ഥാപക.

## ശ്രീധരന്റെ വേഗറെയിൽ ശിപാർശയിൽ ഉടൻ തീരുമാനമെടുക്കില്ല

തിരുവനന്തപുരം: വേഗറെയിൽ പദ്ധതി നടപ്പാക്കാനുള്ള പുതിയ ശിപാർശയുമായി മെട്രോമാൻ ഇ. ശ്രീധരൻ സമീപിച്ചെങ്കിലും ഇക്കാര്യത്തിൽ സർക്കാരിനു തിടുക്കമില്ല. രണ്ടാഴ്ചയ്ക്കുള്ളിൽ അഭിപ്രായം അറിയിക്കാമെന്നു കൂടിക്കാഴ്ചയിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ ശ്രീധരനെ അറിയിച്ചിരുന്നു. എന്നാൽ, കഴിഞ്ഞ സർക്കാരിനെതിരെ ഏറ്റവും വലിയ ജനകീയ സമരത്തിനിടയാക്കിയ വിഷയത്തിൽ ധൃതിപിടിച്ചൊരു തീരുമാനമുണ്ടാകാനിടയില്ല. പ്രകടനപത്രികയിൽ വേഗറെയിൽ ഒരു വാഗ്ദാനമായതിനാൽ, ശ്രീധരന്റെ ശിപാർശ ഉൾപ്പെടെ പഠിക്കാൻ വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയേക്കും.



കഴിഞ്ഞ എൽഡിഎഫ് സർക്കാരിനും കേന്ദ്രസർക്കാരിനും 2024-ൽ ഇ. ശ്രീധരൻ നൽകിയ പദ്ധതി ശിപാർശയും ഈയിടെ നൽകിയ ശിപാർശയും തമ്മിൽ പല കാര്യങ്ങളിലും വൈരുദ്ധ്യങ്ങളുണ്ട്. ഈ സാഹചര്യത്തിൽ വിശദമായ പഠനം നടത്തേണ്ടിവരുമെന്നാണ് വിലയിരുത്തൽ. ശ്രീധരന്റെ പഴയ ശിപാർശ കേന്ദ്രസർക്കാർ അംഗീകരിച്ചിരുന്നില്ല. പുതിയ ശിപാർശ കേന്ദ്രത്തിനു മുൻപിൽ എത്തിയിട്ടുമില്ല. വേഗറെയിൽ പദ്ധതിയുടെ കാര്യത്തിൽ കേന്ദ്ര നിലപാട് എന്തെന്നറിയാനും കേരളം ആദ്യം തന്നെ ശ്രമിക്കും.

പുതിയൊരു ഭൂമിയേറ്റെടുക്കൽ നയം തന്റെ പദ്ധതിക്കായി ശ്രീധരൻ ശിപാർശ ചെയ്യുന്നുണ്ട്. ഏറ്റെടുക്കുന്ന ഭൂമിക്കു മുകളിൽ പാലത്തിലൂടെ റെയിൽപാത നിർമിച്ചശേഷം നിശ്ചിത നിബന്ധനകളോടെ ഭൂമി ഉടമയ്ക്കു തിരികെ നൽകണമെന്നും ഇതിനായി പുതിയ ഭൂമിയേറ്റെടുക്കൽ നയം വേണമെന്നതുമാണു ശ്രീധരന്റെ നിർദേശം. 2013-ലെ കേന്ദ്ര ഭൂമിയേറ്റെടുക്കൽ നിയമമാണു കേരള സർക്കാർ പിന്തുടരുന്നത്. മറ്റൊരു നയത്തിലേക്കും നിയമത്തിലേക്കും പോകുന്നതു നിയമക്കുരുക്കുണ്ടാക്കും.

റീജനൽ റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം (ആർആർടിഎസ്) റെയിൽ പദ്ധതി നടപ്പാക്കാൻ എൽഡിഎഫ് മന്ത്രിസഭ കേന്ദ്രത്തിനു ശിപാർശ നൽകിയിട്ടുണ്ട്. ഈ ശിപാർശ റദ്ദാക്കണോ എന്നതിലാകും ആദ്യ തീരുമാനം വേണ്ടിവരിക. 10 വർഷത്തിനുശേഷം ഭരണം ലഭിച്ചതിനാൽ പണച്ചെലവുള്ള ഒട്ടേറെ ക്ഷേമപദ്ധതികൾ നടപ്പാക്കാനുണ്ടെന്നിരിക്കെ, ഒരു ലക്ഷം കോടിയോളം രൂപ ചെലവു വരുന്ന വേഗറെയിൽ പദ്ധതി ആദ്യ മുൻഗണയിൽ വരുന്നില്ല.

## യുഎസ് പ്രതിരോധവകുപ്പിന്റെ പേരിൽ കോടികളുടെ തട്ടിപ്പ്

കൊച്ചി: യുഎസ് പ്രതിരോധ വകുപ്പിന്റെ പേരിൽ വ്യാജ ആയുധനിർമാണക്കരാർ ഉണ്ടാക്കി 700 കോടി തട്ടിയ രാജ്യാന്തര റാക്കറ്റിന്റെ ഇന്ത്യയിലെ ഏജന്റുമാർ നാലംഗ മലയാളി സംഘമാണെന്നു പോലീസ് അറിയിച്ചു. റാക്കറ്റിനുവേണ്ടി വ്യാജകരാറുകളും വ്യാജ സത്യവാങ്മൂലങ്ങളും തയാറാക്കുന്ന അഭിഭാഷകൻ നിരീക്ഷണത്തിലാണ്. കേസിൽ പ്രതിസ്ഥാനത്തു നിൽക്കുന്ന ന്യൂഡൽഹിയിലെ വിപിവിവി ടെക്നോ കൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ് കമ്പനി മുൻകൂർ ജാമ്യത്തിനായി കോടതിയിൽ ഹാജരാക്കിയ രേഖകളും വാദങ്ങളും വ്യാജമാണെന്നും അന്വേഷണത്തിൽ വ്യക്തമായി.

നൂറിലേറെ മലയാളികൾ ഉൾപ്പെടെ 500 പേർക്കു പണം നഷ്ടമായ കേസിൽ കേരളത്തിൽ രജിസ്റ്റർ ചെയ്ത മൂന്ന് കേസുകളിലാണു പോലീസ് അന്വേഷണം നടത്തിയത്.

കോടികൾ നഷ്ടപ്പെട്ടവർ ഇന്ത്യയുടെ പലഭാഗങ്ങളിലും പോലീസിനെ സമീപിച്ചു തുടങ്ങിയതോടെ വിദേശത്തേക്കു കടന്ന 'ഡോ. സാബ്' ആണു തട്ടിപ്പിന്റെ മുഖ്യസൂത്രധാരൻ. യുഎസിലെ ഇന്ത്യയുടെ നയതന്ത്ര പ്രതിനിധിയായിട്ടാണു നിക്ഷേപ സംഗമങ്ങളിൽ ഇയാളെ റാക്കറ്റ് അവതരിപ്പിച്ചത്. യഥാർത്ഥ പേര് ആർക്കും അറിയില്ല.

പറവൂർ പുത്തൻവേലിക്കര സ്വദേശി കെ.എം. വർഗീസ് (1.45 കോടി), കൊല്ലം കിളികൊല്ലൂർ സ്വദേശി എസ്. ശ്രീറാം (65 ലക്ഷം), തിരുവനന്തപുരം കുമാരപുരം സ്വദേശി എ. ഹരികൃഷ്ണൻ (ഒരു കോടി) എന്നിവരുടെ പരാതികളിലാണ് അതതു പോലീസ് സംഘങ്ങൾ അന്വേഷണം നടത്തുന്നത്.

ലഭിച്ച വിവരങ്ങൾ കേരള പോലീസ് ആസ്ഥാനത്തുനിന്നു കേന്ദ്ര ആഭ്യന്തര വകുപ്പിനു കൈമാറി. ഇതോടെയാണ് സിബിഐ അടക്കമുള്ള കേന്ദ്ര ഏജൻസികൾ വിവരശേഖരണം ഊർജിതമാക്കിയത്. തട്ടിയെടുത്ത പണം വിദേശത്തേക്കു കടത്തിയെന്നാണു പ്രാഥമിക നിഗമനം.

അതേസമയം, നിക്ഷേപകരിൽ ചിലരുടെ ആരോപണങ്ങളെ വിപിവിവി ടെക്നോ കൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ് തള്ളി. മുഴുവൻ പണവും സുരക്ഷിതമാണെന്നും അന്വേഷണത്തെ നിയമപരമായി നേരിടാൻ തയാറാണെന്നും ചെയർമാൻ വെങ്കിട വെങ്കട് പറഞ്ഞു.

എന്നാൽ യുഎസ് പ്രതിരോധ വകുപ്പിനു വേണ്ടി ആയുധങ്ങൾ നിർമിക്കാൻ വിപിവിവി കമ്പനി ഒപ്പിട്ടതായി പറയുന്ന ഉപകരാറിനെ കുറിച്ചോ അതിൽ പറയുന്ന 'ഇൻഡോ-യുഎസ് പസിഫിക് പീസ് ട്രീറ്റി'യെ കുറിച്ചു പരാതിക്കാർക്കുള്ള സംശയങ്ങളെക്കുറിച്ചോ കമ്പനി പ്രതികരിച്ചിട്ടില്ല.

# പാതയിൽ അപാകത; സംയുക്ത പരിശോധനാ റിപ്പോർട്ട് പൂഴ്ത്തിവെച്ചു

കോഴിക്കോട്: മോട്ടോർ വാഹനവകുപ്പും പോലീസും പൊതുമരാമത്ത് വിഭാഗവും സംയുക്തമായി പരിശോധന നടത്തി തയ്യാറാക്കി കളക്ടർക്ക് നല്കിയ റിപ്പോർട്ട് മാസങ്ങളായിട്ടും വെളിച്ചം കണ്ടില്ല. കരാർ കമ്പനിയെ സഹായിക്കാനാണെന്നാണ് ആരോപണം. കിലോമീറ്ററിന് 4 കോടിയിലധികം രൂപ മുടക്കി പ്രവൃത്തി പൂർത്തീകരിച്ച കൊയിലാണ്ടി-എടവണ്ണ സംസ്ഥാന പാത നവീകരണത്തിലെ അപാകതകൾക്കു പരിഹാരമില്ല. സംസ്ഥാന പാതയുടെ വിവിധ ഭാഗങ്ങളിൽ അപകടങ്ങളും അപകടമരണങ്ങളും തുടരുന്നതിനിടെ മുൻ സർക്കാരിന്റെ കാലത്ത് നല്കിയ റിപ്പോർട്ടും വെളിച്ചം കണ്ടില്ല. മുൻമന്ത്രി കെ.ബി. ഗണേഷ്കുമാറിന്റെ നിർദേശപ്രകാരം മോട്ടോർവാഹന വകുപ്പ്, പോലീസ്, പൊതുമരാമത്ത് വകുപ്പുകൾ സംയുക്ത പരിശോധന നടത്തി തയ്യാറാക്കി കളക്ടർക്ക് നല്കിയ റിപ്പോർട്ടാണ് മാസങ്ങളായി വെളിച്ചം കാണാത്തത്.

റോഡിലെ അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങൾക്കെതിരെ ഗുരുതര കണ്ടെത്തലുണ്ടെന്നാണ് വിവരം. റിപ്പോർട്ട് പൂഴ്ത്തിയത് കരാർ കമ്പനിയെ സഹായിക്കാനാണെന്ന ആരോപണവുമായി നാട്ടുകാർ രംഗത്തെത്തിയിരുന്നു. ജില്ലാ വികസന സമിതി യോഗത്തിൽ സി.കെ. കാസിം എംഎൽഎ റിപ്പോർട്ടിൽ അടിയന്തര നടപടി വേണമെന്ന് ആവശ്യപ്പെട്ടു. റിപ്പോർട്ടിലെ കണ്ടെത്തലുകൾ പുറത്തുവിടണമെന്നും പാത നവീകരണത്തിലെ അപാകതകൾ പൂർണമായും പരിഹരിക്കണമെന്നും എംഎൽഎ ആവശ്യമുന്നയിച്ചു.

ഇതിനിടെ പാതയിലെ നിർമ്മാണത്തകരാർ, കരാർ വ്യവസ്ഥപ്രകാരം പരിഹരിക്കുന്നതിൽ പി.ഡബ്ല്യു.ഡി-കെഎസ്.ടി.പി ഡിവിഷന് വീഴ്ച നേരിട്ടതായി മനുഷ്യാവകാശ കമ്മീഷനും കണ്ടെത്തിയിരുന്നു. കരാർ കമ്പനിയുമായി ഒപ്പുവെച്ച കരാറിലെ വ്യവസ്ഥകൾ കൃത്യമായി നടപ്പാക്കി റോഡിലും അനുബന്ധ സൗകര്യങ്ങളിലും ഉണ്ടായിട്ടുള്ള എല്ലാ അപാകതകളും കരാറുകാരനിലൂടെ നിശ്ചിത സമയപരിധിക്കുള്ളിൽ പരിഹരിക്കാൻ നടപടിയെടുക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. ഇതു പാലിച്ചില്ലെങ്കിൽ കരാറിലെ പിഴ, കരിമ്പട്ടികയിൽപ്പെടുത്തൽ തുടങ്ങിയ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നും മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് പൊതുമരാമത്ത് ചീഫ് എൻജിനീയർക്കും കെഎസ്ടിപി പ്രൊജക്ട് ഡയറക്ടർക്കും നിർദേശം നല്കിയതുമാണ്. അപകടസാദ്ധ്യത ഒഴിവാക്കുന്നതിനായി അടിയന്തര സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പാക്കണമെന്നും ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നും ഉത്തരവിൽ പറഞ്ഞിരുന്നു. എന്നാൽ, ഇതും നടപ്പായില്ല.

# വിവരാവകാശ പുരസ്കാരം ഡോ. ജോസ് ഏബ്രഹാമിന്

**ജോസ് കണിയാലി**

ചിക്കാഗോ: ആർടിഐ കേരള ഫെഡറേഷന്റെ ഈ വർഷത്തെ വിവരാവകാശ പുരസ്കാരം സുപ്രീം കോടതിയിലെ അഭിഭാഷകൻ ഡോ. ജോസ് ഏബ്രഹാമിന്. നിയമത്തിന്റെ പ്രചാരണത്തിനായി അദ്ദേഹം നടത്തുന്ന പ്രവർത്തനങ്ങൾ സമഗ്രമായി വിലയിരുത്തിയാണ് പുരസ്കാരം. ആർടിഐ പോർട്ടൽ രാജ്യമെങ്ങും നിലവിൽ വരാനും ആർടിഐ നിയമത്തെ ദുർബലമാക്കുന്ന ഡിപിഡിപിക്കെതിരെയും അദ്ദേഹം സുപ്രീം കോടതിയിൽ നടത്തുന്ന നിയമപോരാട്ടങ്ങൾ, നിയമത്തിന്റെ പ്രചാരണത്തിന് മുതൽക്കൂട്ടായ ഗ്രന്ഥരചനകൾ വരെയുള്ള പരിശ്രമങ്ങളും ജൂറി പരിഗണിച്ചു.

മുൻ സംസ്ഥാന വിവരാവകാശ കമ്മീഷണർ ഡോ. എ.എ. ഹക്കിം ചെയർമാനും ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ്, ഉപഭോക്തൃ കമ്മീഷൻ എറണാകുളം ജില്ലാ പ്രസിഡണ്ട് ഡി.ബി. ബിനു, വയോജന കമ്മീഷൻ അംഗം കെ.എൻ. നമ്പൂതിരി എന്നിവർ അംഗങ്ങളുമായ ജൂറിയാണ് പുരസ്കാര ജേതാവിനെ തെരഞ്ഞെടുത്തത്.

സാക്ഷ്യപത്രവും ഫലകവും 25,000 രൂപയും അടങ്ങിയ അവാർഡ് ജൂണിൽ കൊച്ചിയിൽ നടക്കുന്ന ചടങ്ങിൽ സമ്മാനിക്കുമെന്ന് ആർടിഐ കേരള ഫെഡറേഷൻ സംസ്ഥാന പ്രസിഡണ്ട് അഡ്വ. ശശി കിഴക്കട, ജനറൽ സെക്രട്ടറി ജോളി പാവേലിൽ എന്നിവർ അറിയിച്ചു.



പ്രവാസി ലീഗൽ സെൽ എന്ന സംഘടനയുടെ ഫൗണ്ടറും ഗ്ലോബൽ പ്രസിഡണ്ടുമായ ഡോ. ജോസ് ഏബ്രഹാം പ്രവാസികളെ നിയമപരമായി ശാക്തീകരിക്കുന്നതിനായി നിരവധിയായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. പ്രവാസികൾക്ക് വലിയ ആശ്വാസമാണ് എല്ലാ സംസ്ഥാനങ്ങളിലും ഹൈക്കോടതികളിലും ഓൺലൈൻ പോർട്ടലുകൾ സ്ഥാപിതമായത് മൂലമുണ്ടായത്. മുൻപ് വിദേശത്തുനിന്നും കത്തായി അയച്ചിരുന്ന വിവരാവകാശ അപേക്ഷകൾ ഇപ്പോൾ ഓൺലൈനായി നല്കാൻ സാധിക്കുന്നു എന്നുള്ളതാണ് നിലവിലുള്ള അനുകൂല സാഹചര്യം. നേഴ്സുമാരുടെ ബോണ്ട് സിസ്റ്റം നിർത്തലാക്കിക്കൊണ്ടുള്ള കോടതിവിധി നേടിയെടുത്തതും ഡോ. ജോസ് ഏബ്രഹാമിന്റെ നേതൃത്വത്തിലായിരുന്നു.

കോട്ടയം അതിരൂപതയിലെ കണ്ണൂർ മടമ്പം ഇടവകാംഗമായ ജോസ് ഏബ്രഹാം കോഴിക്കോട് ഗവ. ലോ കോളജിൽ നിന്ന് എൽഎൽ.ബി പഠനം പൂർത്തിയാക്കി. രൂപതയിൽ നിന്നും ആദ്യമായി ഇന്ത്യൻ സുപ്രീം കോടതിയുടെ അഡ്വക്കേറ്റ് ഓൺ റെക്കോഡുമായ വ്യക്തിയാണ്. ഒമ്പതോളം നിയമഗ്രന്ഥങ്ങളുടെ രചയിതാവുമാണ് ഡോ. ജോസ് ഏബ്രഹാം.

# വൈദ്യുതി കണക്ഷൻ സ്വന്തം പേരിലാക്കാൻ കാത്തിരുന്നത് 24 വർഷം

കൊച്ചി: വിലയ്ക്കുവാങ്ങിയ വീടിന്റെ വൈദ്യുതി കണക്ഷൻ സ്വന്തം പേരിലേക്കു മാറ്റാൻ ഉടമയ്ക്കു കാത്തിരിക്കേണ്ടി വന്നത് 24 വർഷം. തർക്കം വൈദ്യുതി ഓംബുഡ്സ്മാന്റെ അടുത്തെത്തിയപ്പോൾ പരാതിക്കാരന് നാലര ലക്ഷം രൂപ നഷ്ടപരിഹാരം നല്കാൻ വിധി. തമ്മനം പള്ളത്ത് റോഡിലെ റീത്ത പി. അന്തോണി 1998-ൽ വാങ്ങിയ വീടിന്റെ വൈദ്യുതി കണക്ഷൻ പേരുമാറ്റിക്കിട്ടാനാണ് അപേക്ഷ നല്കിയത്. ഉടമസ്ഥത മാറുന്നതിനും സിംഗിൾ ഫേസ് കണക്ഷൻ ത്രീഫേസ് ആക്കുന്നതിനുമായി 1998 മാർച്ച് 13-ന് വൈദ്യുതി ബോർഡ് പാലാരിവട്ടം സെക്ഷൻ ഓഫീസിൽ 9200 രൂപ ഫീസും അടച്ചു. നാലു മാസത്തിനുശേഷം ത്രീഫേസ് കണക്ഷൻ അനുവദിച്ചു. പക്ഷേ, ഉടമസ്ഥാവകാശം മാറ്റിയില്ല. സെക്യൂരിറ്റിയായി നല്കിയ 3000 രൂപ അപേക്ഷകയുടെ അക്കൗണ്ടിലേക്കു മാറ്റിയതുമില്ല.

വിവരാവകാശ നിയമപ്രകാരം ഇതിനു കാരണം തേടിയപ്പോൾ അപേക്ഷ കിട്ടിയിട്ടില്ലെന്നും സെക്യൂരിറ്റി തുക അടച്ചിട്ടില്ലെന്നും മറുപടി നല്കി. ഒടുവിൽ 2022 നവംബർ മൂന്നിന് ഉടമസ്ഥാവകാശം മാറ്റി നല്കി. എന്നിട്ടും സെക്യൂരിറ്റി ഡിപ്പോസിറ്റ് സംബന്ധിച്ച തർക്കം തീർന്നില്ല. ഒടുവിൽ 2023 ഫെബ്രുവരി 4-ന് സെക്യൂരിറ്റി ഡിപ്പോസിറ്റായി 2950 രൂപ വരവ് വെച്ചു. 50 രൂപയുടെ കുറവ് ചോദ്യം ചെയ്തപ്പോൾ 50 രൂപ 1998-ൽ തന്നെ അക്കൗണ്ടിൽ വരവുവെച്ചു എന്ന മറുപടി ലഭിച്ചു.

ഇതേത്തുടർന്നാണ് പരാതിക്കാരി ഓംബുഡ്സ്മാനെ സമീപിച്ചത്. ഉടമസ്ഥാവകാശം വൈകിപ്പിച്ച 8987 ദിവസത്തേക്ക് പ്രതിദിനം 50 രൂപവീതം നഷ്ടപരിഹാരം നല്കാനായിരുന്നു വിധി. സെക്യൂരിറ്റി ഡിപ്പോസിറ്റ് അക്കൗണ്ടിൽ വരവ് വെക്കാത്തതിന് 24 വർഷത്തേക്ക് 18 ശതമാനം പിഴപ്പലിശ നല്കാനും നിർദ്ദേശിച്ചു. മുൻഗണന ലഭിക്കാൻ ഫീസ് വാങ്ങിയിട്ട് നല്കാതിരുന്നതിനും പിഴപ്പലിശ നല്കണമെന്ന് ഓംബുഡ്സ്മാൻ നിർദ്ദേശിച്ചു.

# കോംപറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യയുടെ ആദ്യ ചെയർമാൻ മരിച്ചു

ന്യൂഡൽഹി: കോംപറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യയുടെ ആദ്യ ചെയർമാൻ ധനേന്ദ്ര കുമാർ (80) വീട്ടിലുണ്ടായ തീപിടിത്തത്തിൽ പുക ശ്വസിച്ചു മരിച്ചു. എസി പൊട്ടിത്തെറിച്ചതാണു കാരണമെന്നാണു പ്രാഥമിക നിഗമനം. 80-ാം പിറന്നാൾ ആഘോഷിക്കാനിരിക്കെയാണു ദുരന്തം. സൗത്ത് ഡൽഹി ഹൗസ്ഖാസിലെ വീട്ടിൽ അപകടസമയത്തു ജോലിക്കാർ ഉൾപ്പെടെ അഞ്ച് പേരുണ്ടായിരുന്നു. പുക ശ്വസിച്ചു കുഴഞ്ഞുവീണ ധനേന്ദ്രയെയും ഗൗരവിനെയും എയിംസ് ട്രോമ കെയർ സെന്ററിലെത്തിച്ചെങ്കിലും ചികിത്സയ്ക്കിടെ ധനേന്ദ്ര മരിച്ചു. അദ്ദേഹത്തിന്റെ ഭാര്യയെയും ജോലിക്കാരെയും രക്ഷിച്ചെന്നും ഗൗരവ് അപകടനില തരണം ചെയ്തെന്നും പോലീസ് അറിയിച്ചു. എസിയുടെ ഇൻഡോർ യൂണിറ്റിൽ നിന്നാണു തീ പടർന്നതെന്നാണു സൂചന. വീട് പൂർണമായും കത്തിക്കരിഞ്ഞു.

1968 ബാച്ച് ഹരിയാന കേഡർ ഐഎഎസ് ഉദ്യോഗസ്ഥനായ ധനേന്ദ്ര കുമാർ, ഹരിയാന മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി, പ്രതിരോധ വകുപ്പ് പ്രൊഡക്ഷൻ സെക്രട്ടറി, റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപറേഷൻ ചെയർമാൻ, വിവിധ കേന്ദ്രവകുപ്പുകളുടെ സെക്രട്ടറി തുടങ്ങിയ പദവികൾ വഹിച്ചു. ലോക ബാങ്കിൽ എക്സിക്യൂട്ടീവ് ഡയറക്ടറായിരിക്കെ ഇന്ത്യ, ബംഗ്ലദേശ്, ശ്രീലങ്ക, ഭൂട്ടാൻ എന്നീ രാജ്യങ്ങളുടെ ചുമതലകളും നിർവഹിച്ചു.

# ഭാരവാഹനങ്ങൾക്ക് സംസ്ഥാനത്ത് സമയനിയന്ത്രണം

തിരുവനന്തപുരം: ടിപ്പർ ലോറി ഉൾപ്പെടെയുള്ള ഭാരവാഹനങ്ങൾക്ക് സംസ്ഥാനത്ത് സമയനിയന്ത്രണം ഏർപ്പെടുത്തി. സ്കൂൾ, ഓഫീസ് സമയം അടിസ്ഥാനമാക്കി രാവിലെയും വൈകിട്ടുമാണ് നിയന്ത്രണം. നിയന്ത്രണമുള്ള സമയങ്ങളിൽ ഇത്തരം വാഹനങ്ങൾ നിശ്ചിത കേന്ദ്രങ്ങളിൽ നിർത്തിയിടണം. നിയന്ത്രണം പാലിക്കുന്നുവെന്ന് ഉറപ്പാക്കാൻ മോട്ടോർ വാഹനവകുപ്പും പോലീസും സംയുക്ത പരിശോധന നടത്തും. തിരുവനന്തപുരത്ത് രാവിലെ 8 മുതൽ പത്ത് വരെയും വൈകിട്ട് 3 മുതൽ 4.30 വരെയുമാണ് നിയന്ത്രണം. മറ്റു ജില്ലകളിൽ-കൊല്ലം: രാവിലെ 8.30 മുതൽ പത്ത് വരെയും വൈകിട്ട് 3.30 മുതൽ 4.30. പത്തനംതിട്ട: രാവിലെ 8.30 മുതൽ പത്ത് വരെയും വൈകിട്ട് 3 മുതൽ 4.30. ആലപ്പുഴ: രാവിലെ 8.30 മുതൽ പത്ത് വരെയും വൈകിട്ട് 3.30 മുതൽ 5 വരെ. കോട്ടയം: രാവിലെ 8.30 മുതൽ 9.30 വരെയും വൈകിട്ട് 3.30 മുതൽ 4.30, ഇടുക്കി-എറണാകുളം: രാവിലെ 8.30 മുതൽ പത്ത് വരെയും വൈകിട്ട് 4 മുതൽ 5.00 വരെ. തൃശൂർ-പാലക്കാട്-മലപ്പുറം-കോഴിക്കോട്, വയനാട്: രാവിലെ 8.30 മുതൽ പത്ത് വരെയും വൈകിട്ട് 3.30 മുതൽ 5.00 വരെ. കണ്ണൂർ: രാവിലെ 8 മുതൽ പത്ത് വരെയും വൈകിട്ട് 4 മുതൽ 6.00 വരെ. കാസർകോട്: രാവിലെ 9 മുതൽ പത്ത് വരെയും വൈകിട്ട് 4 മുതൽ 5 വരെയുമാണ് നിയന്ത്രണം.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 22
June 01, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Special Correspondent*
Anil Pennukkara

DISCLAIMER

The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

## മഹദ്‌വചനം


പ്രഭാതം ഇരുണ്ടതായിരിക്കുമ്പോഴും പാടുന്ന പക്ഷിയെയാണ് വിശ്വാസം എന്നു പറയുന്നത്.

**ടാഗോർ**

എന്റെ ജീവിതമാണ് എന്റെ സന്ദേശം.

**ഗാന്ധിജി**


SECURE YOUR FUTURE AND PREPARE YOUR FAMILY LEGACY
ESTATE PLANNING
Wills • Revocable Living Trust • Incapacity Planning
Signature Signing Systems
Estate Planning Services
(713) 487 7814
(248) 467 7937
www.signaturemobilenotarytx.com
signaturesignsystems@gmail.com
JOMS MATHEW CEP
Certified Estate planner
WE PROVIDE SERVICES IN ALL OVER AMERICA


LUXURY HOME STAY IN
PULLAD/KUMBANAD/KOZHENCHERRY/THIRUVALLA
Quiet and Safe Area
Near Shopping Centers and Major Towns/Attractions
3 hr to Kochin and Thiruvananthapuram Airport
3 AC Bedrooms (one of them is a loft bedroom)
Separate Studio for drivers
4 American-style Bathrooms
Surveillance camera
Car service/Chef/Security Personnel can be arranged
Weekly and Monthly stays can be arranged
If stay for large parties is needed, I can arrange other home stays also
Contact details:
Email: drmg456@gmail.com
Phone: +1 (917)-921-5765, 974-590-5222
Website: www.mundayilhomestay.in
Address: Mundayil Homestay, Kumbanad P.O. Pathanamthitta District, Kerala, India 689547


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# വികസനവും അക്രമവും: കേരളത്തിന്റെ രണ്ട് മുഖങ്ങൾ

കേരള നിയമസഭയുടെ പതിനാറാം നിയമസഭാ സമ്മേളനത്തിന്റെ ആദ്യ ദിനത്തിൽ ഗവർണർ രാജേന്ദ്ര ആർലേക്കർ നടത്തിയ നയപ്രഖ്യാപന പ്രസംഗം പുതിയ വി.ഡി. സതീശൻ മന്ത്രിസഭയുടെ ഭരണദിശയെക്കുറിച്ചുള്ള വ്യക്തമായ സന്ദേശമാണ് നൽകിയത്. കർഷക സൗഹൃദ നയങ്ങൾ, മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കാനുള്ള നടപടികൾ, വയോജനക്ഷേമം, ജനകീയ പോലീസ് സംവിധാനം, ഭരണത്തിലെ സുതാര്യത, സാമ്പത്തിക അച്ചടക്കം, വികസനവും ക്ഷേമവും ഒരുപോലെ മുന്നോട്ട് കൊണ്ടുപോകുന്ന സമീപനം എന്നിവയാണ് സർക്കാരിന്റെ മുൻഗണനകളായി അവതരിപ്പിക്കപ്പെട്ടത്.

ജനങ്ങൾ പത്ത് വർഷത്തെ ഭരണമാറ്റം ആഗ്രഹിച്ച് നൽകിയ വലിയ ജനവിധി ഒരു രാഷ്ട്രീയ വിജയം മാത്രമല്ല; അത് പ്രതീക്ഷയുടെ വിധിയാണ്. അധികാരത്തിലേറിയശേഷം ഏതാനും ദിവസങ്ങൾക്കുള്ളിൽതന്നെ വയോജന-ജെറിയാട്രിക് പരിചരണത്തിനായി പ്രത്യേക സംവിധാനങ്ങൾ, ജനസൗഹൃദ പോലീസ്, ഭരണസംവിധാനങ്ങളുടെ പുനഃസംഘടന, കർഷകരുടെയും സാധാരണക്കാരുടെയും പ്രശ്നങ്ങൾക്ക് മുൻഗണന എന്നിവയെക്കുറിച്ച് സർക്കാർ നൽകിയ സൂചനകൾ പ്രതീക്ഷ ജനിപ്പിക്കുന്നവയാണ്. നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ സഭയുടെ അന്തസ്സും ജനാധിപത്യ പാരമ്പര്യവും ഉയർത്തിപ്പിടിക്കുമെന്ന വിശ്വാസവും ജനങ്ങൾക്കുണ്ട്. എന്നാൽ ഭരണത്തിന്റെ ഈ പുതിയ അധ്യായത്തോടൊപ്പം കേരളം അതീവ ഗൗരവത്തോടെ ചർച്ച ചെയ്യേണ്ട മറ്റൊരു സംഭവം കൂടി ഈയിടെ അരങ്ങേറി. മുൻ മുഖ്യമന്ത്രി പിണറായി വിജയന്റെ വസതിയിൽ നടന്ന എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) പരിശോധനയ്ക്കുശേഷം തിരുവനന്തപുരം ഉൾപ്പെടെ വിവിധയിടങ്ങളിൽ സിപിഎം പ്രവർത്തകർ കേന്ദ്ര ഏജൻസിയുടെ ഉദ്യോഗസ്ഥരെയും വാഹനങ്ങളെയും ആക്രമിച്ച സംഭവം ജനാധിപത്യ സമൂഹത്തിന് ആശങ്കയുണ്ടാക്കുന്നതാണ്. നിരവധി പ്രവർത്തകർ അറസ്റ്റിലാകുകയും പോലീസ് അന്വേഷണം ശക്തമാക്കുകയും ചെയ്തിട്ടുണ്ട്. ഒരു രാഷ്ട്രീയ പാർട്ടിക്ക് അന്വേഷണ ഏജൻസികളുടെ നടപടികളോട് വിയോജിപ്പ് ഉണ്ടാകാം. അതിനെതിരെ പ്രതിഷേധിക്കാനും അവകാശമുണ്ട്. പക്ഷേ, നിയമപരമായ നടപടികൾ കൈക്കൊള്ളുന്ന ഉദ്യോഗസ്ഥരെ ശാരീരികമായി ആക്രമിക്കുകയും സർക്കാർ വാഹനങ്ങൾ തകർക്കുകയും ചെയ്യുന്നത് ഒരു ജനാധിപത്യ സമൂഹത്തിലും ന്യായീകരിക്കാനാകില്ല. ആരോപണങ്ങൾ തെറ്റാണെങ്കിൽ അത് തെളിയിക്കേണ്ടത് കോടതിയിലാണ്; തെരുവിലെ സംഘർഷങ്ങളിലല്ല.

ഈ സംഭവത്തിന്റെ ഏറ്റവും ഗുരുതരമായ പ്രത്യാഘാതം കേരളത്തിന്റെ രാഷ്ട്രീയ സംസ്കാരത്തെയാണ് ബാധിക്കുന്നത്. അധികാരത്തിലായാലും പ്രതിപക്ഷത്തിലായാലും നിയമം എല്ലാവർക്കും ഒരുപോലെ ബാധകമാണെന്ന സന്ദേശം ദുർബലമാകരുത്. രാഷ്ട്രീയ വിശ്വാസം നിയമത്തിന് മുകളിലാണെന്ന തോന്നൽ വളരാൻ അനുവദിച്ചാൽ അത് ജനാധിപത്യത്തിന്റെ അടിത്തറയെ തന്നെ തകർക്കും. മുഖ്യമന്ത്രി വി.ഡി. സതീശൻ ഈ ആക്രമണത്തെ ഗുരുതര കുറ്റകൃത്യമെന്ന് വിശേഷിപ്പിക്കുകയും കുറ്റക്കാർക്കെതിരെ നടപടിയുണ്ടാകുമെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. അതാണ് ഒരു ജനാധിപത്യ സർക്കാരിൽനിന്ന് ജനങ്ങൾ പ്രതീക്ഷിക്കുന്ന നിലപാട്.

കേരളം ഇന്ന് ഒരു വഴിത്തിരിവിലാണ്. ഒരു വശത്ത് വികസനവും ഭരണ പരിഷ്കാരങ്ങളും വാഗ്ദാനം ചെയ്യുന്ന പുതിയ സർക്കാർ. മറുവശത്ത് രാഷ്ട്രീയ അക്രമത്തെ സാധൂകരിക്കാൻ ശ്രമിക്കുന്ന പഴയ ശൈലികൾ. ജനങ്ങൾ തെരഞ്ഞെടുക്കേണ്ടത് ഏത് വഴിയാണെന്ന് വ്യക്തമാണ്. ഗവർണറുടെ നയപ്രഖ്യാപനത്തിൽ പറഞ്ഞ വാഗ്ദാനങ്ങൾ കാഗിതത്തിൽ മാത്രം ഒതുങ്ങാതെ യാഥാർത്ഥ്യമായാൽ കേരളത്തിന് പുതിയൊരു ദിശ ലഭിക്കും. എന്നാൽ അതോടൊപ്പം നിയമവാഴ്ച, ജനാധിപത്യ മര്യാദ, രാഷ്ട്രീയ സഹിഷ്ണുത എന്നിവ സംരക്ഷിക്കപ്പെടണമെന്നും മറക്കരുത്. വികസനത്തിന്റെ കേരളം പണിയണമെങ്കിൽ ആദ്യം നിയമത്തിന്റെ കേരളം നിലനിൽക്കണം.

ഇവിടെ രണ്ട് ചിത്രങ്ങൾ വളരെ വ്യക്തമാണ്. ഒരു വശത്ത് ധനകാര്യ അച്ചടക്കവും അടിസ്ഥാന സൗകര്യ വികസനവും സാമൂഹിക സുരക്ഷയും ഉറപ്പുനൽകുന്ന ഒരു പുതിയ ഭരണകൂടം. മറുവശത്ത്, അഴിമതിയെയും കുടുംബവാഴ്ചയെയും സംരക്ഷിക്കാൻ രാഷ്ട്രീയ അക്രമങ്ങളെ കൂട്ടുപിടിക്കുന്ന ഒരുകൂട്ടം അരാജകവാദികൾ. ഈ ആക്രമണത്തെ 'ഗുരുതരമായ ക്രിമിനൽ കുറ്റം' എന്നാണ് മുഖ്യമന്ത്രി വി.ഡി. സതീശൻ വിശേഷിപ്പിച്ചത്. പ്രസ്താവനകൾക്കപ്പുറം കർശനമായ നിയമനടപടികളിലേക്ക് സർക്കാർ കടക്കണം. കേരളത്തെ ഒരു സുരക്ഷിത പുതുയുഗത്തിലേക്ക് നയിക്കാൻ യുഡിഎഫ് ആഗ്രഹിക്കുന്നുവെങ്കിൽ, ജനങ്ങൾക്ക് ക്ഷേമത്തോടൊപ്പം തന്നെ രാഷ്ട്രീയക്കാർക്ക് നിയമവാഴ്ചയും നിർബന്ധമാണെന്ന് തെളിയിക്കാൻ ഈ സർക്കാരിന് സാധിക്കണം.

# ജനസംഖ്യാ വ്യതിയാനം: കേന്ദ്രം സമിതിയെ നിയോഗിച്ചു

ന്യൂഡൽഹി: നുഴഞ്ഞുകയറ്റം തടയുകയെന്ന ലക്ഷ്യവുമായി ഇന്ത്യയിലെ ജനസംഖ്യാ വ്യതിയാനം പഠിക്കാൻ കേന്ദ്രസർക്കാർ ഉന്നതതല സമിതിയെ നിയമിച്ചു. കഴിഞ്ഞ സ്വാതന്ത്ര്യദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ച ജനസംഖ്യാ ദൗത്യത്തിന്റെ തുടർച്ചയാണിത്.

സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റിസ് പ്രകാശ് പ്രഭാകർ നവ്‌ലേക്കർ ആണ് അഞ്ചംഗ സമിതിയുടെ അധ്യക്ഷൻ. ഇന്ത്യയിലെ ചില പ്രദേശങ്ങളിൽ സാധാരണ ജനന-മരണ നിരക്കുകൾക്കപ്പുറം അസ്വാഭാവികമായ ജനസംഖ്യാ വ്യതിയാനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് കേന്ദ്രം വിജ്ഞാപനത്തിൽ ചൂണ്ടിക്കാട്ടി.

പൊതുവായ പ്രവണതകളിൽനിന്ന് ഭിന്നമായി മത-സാമൂഹിക വിഭാഗങ്ങളിലുണ്ടാകുന്ന ഘടനാപരമായ ജനസംഖ്യാ മാറ്റങ്ങൾ സമിതിയുടെ പഠനവിഷയമാണ്. ഒരു വർഷത്തിനകം റിപ്പോർട്ട് നൽകണം. മുൻ ഐഎഎസ് ഉദ്യോഗസ്ഥൻ ദുർഗ ശങ്കർ മിശ്ര, മുൻ ഐപിഎസ് ഉദ്യോഗസ്ഥൻ ബാലാജി ശ്രീവാസ്തവ, സാമ്പത്തിക വിദഗ്ധ ഷമിക രവി, സെൻസസ് കമ്മീഷണർ എന്നിവരാണ് സമിതി അംഗങ്ങൾ.

സമിതി അംഗമായ ഷമിക രവി 2024-ൽ പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശകസമിതി അംഗമെന്ന നിലയിൽ ജനസംഖ്യാമാറ്റത്തെക്കുറിച്ചു തയാറാക്കിയ റിപ്പോർട്ട് വലിയ ഒച്ചപ്പാടിനു വഴിവെച്ചിരുന്നു. 1950-2015 കാലയളവിൽ ഇന്ത്യയിലെ ഹിന്ദു ജനസംഖ്യ 84.68 ശതമാനത്തിൽനിന്ന് 78.06 ശതമാനം ആയി കുറഞ്ഞെന്നും മുസ്‌ലിം ജനസംഖ്യ 9.84 ശതമാനത്തിൽനിന്ന് 14.09 ശതമാനം ആയി വർധിച്ചെന്നുമായിരുന്നു ഒരു കണ്ടെത്തൽ.

ന്യൂനപക്ഷങ്ങൾക്ക് അനുകൂലമായ രാജ്യമാണ് ഇന്ത്യയെന്ന ആഖ്യാനമാണ് ആ റിപ്പോർട്ട് നൽകുന്നതെങ്കിലും ഒരു പ്രത്യേക സമുദായത്തിന്റെ ജനസംഖ്യാ വളർച്ച സംബന്ധിച്ച ആശങ്ക പങ്കുവെക്കാനാണ് പല ബിജെപി നേതാക്കളും അന്നത് ഉപയോഗിച്ചത്.

എല്ലാവർക്കും ബാധകമായ ജനസംഖ്യാ നിയന്ത്രണ നയം വേണമെന്നാണു 2022-ലെ വിജയദശമി ദിനത്തിൽ ആർഎസ്എസ് മേധാവി മോഹൻ ഭാഗവത് ആവശ്യപ്പെട്ടത്. എന്നാൽ പിന്നീട് ആർഎസ്എസ് നിലപാട് മാറ്റി. ജനസംഖ്യ കുറയുന്നതു തടയണമെങ്കിൽ ഓരോ കുടുംബത്തിലും മൂന്നു കുഞ്ഞുങ്ങളെങ്കിലും വേണമെന്നാണ് അദ്ദേഹം പറഞ്ഞത്.

# വിദ്യാർത്ഥികൾക്കും സ്ത്രീകൾക്കും പുതുവാഗ്ദാനം നൽകി യുഡിഎഫ് സർക്കാരിന്റെ ആദ്യ നയപ്രഖ്യാപനം

തിരുവനന്തപുരം: സ്കൂൾ വിദ്യാർത്ഥിനികൾക്ക് ആർത്തവ കാലത്ത് മൂന്ന് ദിവസം അവധി നൽകുമെന്നും പൊതു ഇടങ്ങൾ സ്ത്രീസൗഹൃദമാക്കുമെന്നും ഉറപ്പുനൽകി നിയമസഭയിൽ യുഡിഎഫ് സർക്കാരിന്റെ ആദ്യ പ്രഖ്യാപിച്ചു.

**മറ്റു പ്രധാന പ്രഖ്യാപനങ്ങൾ**

സ്ത്രീകൾക്കു സൗജന്യ ബസ് യാത്ര, കോളജ് വിദ്യാർത്ഥിനികൾക്ക് 1000 രൂപ വിദ്യാഭ്യാസ സഹായം, ക്ഷേമ പെൻഷൻ 3000 രൂപയാക്കൽ, ഓരോ കുവിമാനത്താവളങ്ങളെയും ബന്ധിപ്പിച്ച് സംയോജിത വികസന പദ്ധതി നടപ്പാക്കും. ദക്ഷിണേന്ത്യയിലെ പ്രധാന കേന്ദ്രമായി കേരളത്തെ മാറ്റുന്ന വ്യോമയാന അടിസ്ഥാനസൗകര്യ പദ്ധതികൾ നടപ്പാക്കും. നെല്ല്, തേങ്ങ, റബർ,



നയപ്രഖ്യാപന പ്രസംഗത്തിനായി നിയമസഭയിൽ എത്തിയ ഗവർണർ രാജേന്ദ്ര ആർലേക്കറെ മുഖ്യമന്ത്രി വി.ഡി. സതീശൻ സ്വീകരിക്കുന്നു.

നയപ്രഖ്യാപനം. അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്കും ആറ് മാസം പ്രസവാവധി അനുവദിക്കും. വിദ്യാർത്ഥിനികൾ ആർത്തവാവധി മൂലം പഠനത്തിൽ പിന്നിലാകാതിരിക്കാൻ വാരാന്ത്യങ്ങളിൽ ക്യാച് അപ് ക്ലാസുകൾ ഉറപ്പാക്കും.

തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് പുരുഷന്മാർക്കു തുല്യമായ വേതനം, എല്ലാ പ്രധാന പട്ടണങ്ങളിലും സ്ത്രീകൾക്ക് പൊതു വിശ്രമമുറികൾ എന്നീ വാഗ്ദാനങ്ങളും പുതുയുഗ കേരളം സ്വപ്നം കാണുന്ന നയപ്രഖ്യാപന പ്രസംഗത്തിൽ ഇടംപിടിച്ചു.

ന്യായവില തേടുന്ന കർഷകരെയും ഉന്നതവിദ്യാഭ്യാസം ആഗ്രഹിക്കുന്ന വിദ്യാർത്ഥികളെയും അന്തസ്സ് ആഗ്രഹിക്കുന്ന തൊഴിലാളികളെയും വളരാനുള്ള അവസരങ്ങൾ തിരയുന്ന സംരംഭരെയും സംരക്ഷണം വേണ്ട വയോജനങ്ങളെയും ഒരുപോലെ തൃപ്തിപ്പെടുത്തുന്നതാകും പുതിയ സർക്കാരെന്നും ഗവർണർ രാജേന്ദ്ര ആർലേക്കർ

ടുംബത്തിനും 25 ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷുറൻസ്, സംരംഭകർക്ക് അഞ്ച് ലക്ഷം രൂപ വരെ പലിശരഹിത വായ്പ എന്നീ ഇന്ദിരാ ഗാരന്റികൾ നടപ്പാക്കും. കേരളത്തിന്റെ 600 കിലോമീറ്റർ തീരദേശത്തെയും 44 നദികളെയും 34 തടാകങ്ങളെയും നാല് രാജ്യാന്തര


മറ്റ് കാർഷിക ഉൽപന്നങ്ങൾ എന്നിവയ്ക്ക് സമയബന്ധിതമായി ന്യായവില ഉറപ്പാക്കും.

സഹകരണസംഘങ്ങൾ തകരുകയാണെങ്കിൽ നിക്ഷേപം തിരികെ നൽകുകയും കുറ്റക്കാർക്കെതിരെ നടപടിയെടുക്കുകയും ചെയ്യും.

# രണ്ട് ഇന്ത്യൻ സൈനികർക്ക് ഐക്യരാഷ്ട്രസഭയുടെ മരണാനന്തര ബഹുമതി

ഐക്യരാഷ്ട്രസഭ: രണ്ട് ഇന്ത്യൻ സൈനികർക്ക് ഐക്യരാഷ്ട്ര സഭയുടെ മരണാനന്തര ബഹുമതിയായ ഡാഗ് ഹാമാർസ്കോൾഡ് മെഡൽ. ഔദ്യോഗിക കൃത്യനിർവഹണത്തിനിടെ ജീവൻ ബലിയർപ്പിച്ച ലാൻസ് ഹവിൽദാർ ഹർബജൻ സിങ്, നായിബ് സുബേദാർ സുജിത്ത് കുമാർ പ്രദാൻ എന്നിവർക്കാണ് പുരസ്കാരം.

2025-ലെ മിലിറ്ററി ജെൻഡർ അഡ്വക്കേറ്റ് ഓഫ് ദി ഇയർ പുരസ്കാരത്തിന് ഇന്ത്യൻ സൈന്യത്തിലെ മേജർ അഭിലാഷ ബരാക്കും അർഹയായി. ഇന്ത്യയിലെ ആദ്യ വനിതാ കോംബാറ്റ് ഹെലികോപ്റ്റർ പൈലറ്റാണ് മേജർ അഭിലാഷ ബരാക്. നിലവിൽ ലെബനനിലെ യു.എൻ. സമാധാനസേനയുടെ കീഴിലുള്ള വനിതാ എൻഗേജ്മെന്റ് ടീമിന്റെ കമാൻഡറായി സേവനമനുഷ്ഠിക്കുന്നു. അതിന്റെ ഭാഗമായി നടത്തിയ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്കാണ് അവാർഡ്.




# IPC SOUTH FLORIDA, INC.

## WE ARE SEEKING A FULL-TIME LEAD PASTOR POSITION AVAILABLE AS SOON AS POSSIBLE

### QUALIFICATIONS

Ordained minister in good standing in a recognized Pentecostal body.

Deep commitment to preach and teach sound Pentecostal doctrines and offer pastoral care with a desire for church growth.

At least 10 years of verifiable experience as a minister, preferably 5 years in North America.

Recognized Bachelor's degree in Bible/Theology/Ministry. Advanced theological degree/s and/or ministerial experience assisting reputable senior pastors will count partially to fulfill the required years of experience.

Prefer a person around 45 years of age.

Able to communicate and preach proficiently in English and Malayalam

Must be a citizen or legal permanent resident of the United States.

**Send inquiries and letter of interest with resume including references and photo no later than June 30, 2026 to:**

**ipcsflsearch@gmail.com**



# പുതിയ സർക്കാർ വരുംമുൻപ് മൂന്ന് അന്വേഷണങ്ങൾ തീർപ്പാക്കി വനംവകുപ്പ്

കോട്ടയം: പുതിയ സർക്കാർ അധികാരമേൽക്കുംമുൻപ് വകുപ്പുതല നടപടികളും വിജിലൻസ് അന്വേഷണവും ഉൾപ്പെടെ മൂന്ന് കാര്യങ്ങൾ 'തീർപ്പാക്കി' വനംവകുപ്പ്.

ഗുരുതരമായ ക്രമക്കേടെന്ന് വനം വിജിലൻസ് കണ്ടെത്തി റിപ്പോർട്ട് കൊടുത്തതൊക്കെ തുടരന്വേഷണത്തിനു വിടാതെ അവസാനിപ്പിച്ചു. ആരോപണവിധേയരായ ഉദ്യോഗസ്ഥരുടെ വാദം പരിഗണിച്ച്, അതെല്ലാം സദുദ്ദേശ്യത്തോടെ ചെയ്തതാണെന്നും സർക്കാരിന് നഷ്ടമൊന്നുമുണ്ടായില്ലെന്ന് കണ്ടെത്തിയെന്നും രേഖപ്പെടുത്തി.

ആര്യങ്കാവ് റേഞ്ചിൽ അച്ചടക്കനടപടിക്ക് വിധേയരായ 20 ഉദ്യോഗസ്ഥരെ വെറുതെവിട്ടതാണ് ഇതിൽ പ്രധാനം. കടമാൻപാറ തേക്കുതോട്ടത്തിലും ചന്ദനത്തോട്ടത്തിലും ജോലിചെയ്യാത്ത വാച്ചർമാർക്ക് ശമ്പളം നൽകിയതിനും വ്യാജരേഖ ചമച്ചതിനും കരാറുകാരന്റെ പേരിൽ വ്യാജ ബില്ലുകൾ തയ്യാറാക്കിയതിനുമാണ് 2021-ൽ വനം വിജിലൻസിന്റെ റിപ്പോർട്ടിൽ നടപടി തുടങ്ങിയത്. ഇതിൽ രണ്ടുപേർ വിരമിച്ചു. ബാക്കിയുള്ളവർക്ക് കാരണംകാണിക്കൽ നോട്ടീസും നൽകി. തുടർന്നാണ് എല്ലാവരെയും കുറ്റമുക്തരാക്കിയത്.

2018 ഏപ്രിൽ മുതൽ 2019 മാർച്ചു വരെ വാച്ചറായി ഒരുദിവസം പോലും ജോലിചെയ്യാത്ത ആളിന് ഹാജർ രേഖപ്പെടുത്തി ശമ്പളം നൽകിയത് വസ്തുതയാണെന്ന് വനംവകുപ്പ് ശരിവെച്ചിട്ടുണ്ട്.

എന്നാൽ അത് 'സദുദ്ദേശ്യ'ത്തോടെ ചെയ്തതാണെന്ന് ഇപ്പോൾ കണ്ടെത്തിയിരിക്കയാണ്. ജോലിചെയ്യാത്ത മറ്റൊരു വാച്ചർക്ക് നാലുമാസത്തെ വേതനമായി 48,480 രൂപ അക്കൗണ്ടിലേക്ക് നൽകിയത് കണ്ടെത്തി. എന്നാൽ, അദ്ദേഹം മുൻകാലങ്ങളിൽ വാച്ചറായിരുന്നത് കണക്കിലെടുക്കുമ്പോൾ സർക്കാരിന് നഷ്ടം സംഭവിച്ചു എന്നത് തെളിയിക്കാനാവില്ലെന്ന വിചിത്രന്യായവും മേയ് അഞ്ചിലെ ഉത്തരവിലുണ്ട്.

ആരോപണവിധേയനായ ഒരാളെക്കൊണ്ട്, ഡയറക്ടറുടെ അനുമതിയില്ലാതെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് സ്ട്രെസ് മാനേജ്മെന്റിനെപ്പറ്റി ക്ലാസെടുപ്പിക്കുകയും അതിലൂടെ സർക്കാരിന്റെ സൽപ്പേരിന് കളങ്കമുണ്ടാക്കുകയുംചെയ്ത അസിസ്റ്റന്റ് കൺസർവേറ്റർക്കെതിരായ അച്ചടക്കനടപടിയും 'ഉദാരസമീപന'ത്തിലൂടെ തീർപ്പാക്കി.

കോന്നി നടുവത്തുമൂഴി റേഞ്ചിലെ പാടം, കരിപ്പാൻതോട് ഫോറസ്റ്റ് സ്റ്റേഷനുകളുടെ പരിധിയിൽനിന്ന് തേക്കുമരങ്ങൾ മുറിച്ചുകടത്തിയത് അറിയാതിരുന്ന ഉയർന്ന ഉദ്യോഗസ്ഥരുടെ പേരിലുള്ള നടപടികൾ ഏപ്രിൽ 18-ന് തീർപ്പാക്കി. വീഴ്ച ശരിവെച്ചെങ്കിലും പ്രതിയെ പിടികൂടിയതിനാൽ 'നോട്ടപ്പിഴവ്' പൊറുക്കാമെന്നാണ് വനംവകുപ്പിന്റെ നിലപാട്.

# അഴിമതി ദൃശ്യങ്ങൾ പകർത്തിനൽകിയാൽ 5000 രൂപ സമ്മാനം

തിരുവനന്തപുരം: അഴിമതിരഹിത കേരളം ലക്ഷ്യമിട്ട് വിജിലൻസിൽ 'പ്രോജക്ട് സീറോ' പദ്ധതി പ്രഖ്യാപിച്ച് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. അഴിമതി നടക്കുന്നതിന്റെ ദൃശ്യങ്ങൾ പകർത്തിനൽകുന്ന പൊതുജനങ്ങൾക്ക് 5000 രൂപ സമ്മാനം നൽകും. അഴിമതിക്കുള്ള സാധ്യത മുൻകൂട്ടി മനസ്സിലാക്കി തടയും. അഴിമതിക്കാരായ ഉദ്യോഗസ്ഥരും നേതാക്കളും വിജിലൻസിന്റെ നിരീക്ഷണത്തിലായിരിക്കുമെന്നും മന്ത്രി പത്രസമ്മേളനത്തിൽ അറിയിച്ചു.

സർക്കാർസേവനങ്ങൾ ലഭിക്കാൻ പണംനൽകുന്നത് ജനങ്ങൾ അവസാനിപ്പിക്കണമെന്നും അഴിമതിക്കാരെക്കുറിച്ചുള്ള വിവരങ്ങൾ ധൈര്യപൂർവം കൈമാറണമെന്നും ചെന്നിത്തല പറഞ്ഞു. അഴിമതിയെക്കുറിച്ച് നൽകുന്ന വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കും.



'പ്രോജക്ട് സീറോ' പദ്ധതിയുടെ പ്രതീകാത്മക ചങ്ങലക്കെട്ട് പൊട്ടിച്ച് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനംചെയ്യുന്നു.


സർക്കാർവകുപ്പുകളിലും സഹകരണമേഖലയിലും വിജിലൻസ് സാന്നിധ്യം ശക്തമാക്കും.

വിജിലൻസിന് സ്വതന്ത്രമായി പ്രവർത്തിക്കാൻ അവസരമൊരുക്കും. ഉദ്യോഗസ്ഥർക്കെതിരെയടക്കം പ്രോസിക്യൂഷൻ അനുമതി വേഗത്തിൽ ലഭ്യമാക്കാൻ വിവിധ വകുപ്പുമേധാവികളുമായി ചർച്ച നടത്തുമെന്നും മന്ത്രി പറഞ്ഞു.

സർവീസിൽനിന്ന് വിരമിക്കുന്ന ഉദ്യോഗസ്ഥരെ വിജിലൻസ് മേധാവി മനോജ് എബ്രഹാം അധ്യക്ഷത വഹിച്ച ചടങ്ങിൽ മന്ത്രി ആദരിച്ചു. ആഭ്യന്തര മന്ത്രിയുടെ പോലീസ് ഉപദേഷ്ടാവ് എ. ഹേമചന്ദ്രൻ, വിജിലൻസ് ഐ.ജി. തോംസൺ ജോസ് എന്നിവരും പങ്കെടുത്തു.

അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ നിർമിതബുദ്ധിവഴിയാകും വിശകലനം ചെയ്യുക.

# ടാമ്പയിൽ അന്തരിച്ച കുഴിപ്പറമ്പിൽ ജോസിന്റെ സംസ്കാരം ജൂൺ ഒന്നിന് തിങ്കളാഴ്ച



ടാമ്പാ: ടാമ്പയിൽ അന്തരിച്ച കൈപ്പുഴ കുഴിപ്പറമ്പിൽ ജോസിന്റെ സംസ്കാര ചടങ്ങുകൾ ജൂൺ ഒന്നിന് തിങ്കളാഴ്ച നടത്തപ്പെടും. അന്നേദിവസം രാവിലെ 9 മണി മുതൽ 10 മണി വരെ സേക്രഡ് ഹാർട്ട് ക്നാനായ പള്ളിയിൽ പൊതുദർശനം (3920 S Kings Ave, Brandon, FL 33511) തുടർന്ന് ദിവ്യബലിയും പ്രാർത്ഥനാശുശ്രൂഷകളും. 1 മണിക്ക് ഓക്ക് ഹിൽ ബറിയൽ പാർക്ക് സെമിത്തേരിയിൽ (4620 US Hwy 98 South, Lakeland, FL 33812) സംസ്കാരം നടക്കും.

ഭാര്യ മറിയാമ്മ കല്ലറ ചെരുവിൽ കുടുംബാംഗമാണ്. മക്കൾ: അനു, പരേതരായ അരുൺ, അൽക്ക. സഹോദരങ്ങൾ: പരേതനായ കെ.സി. ലൂക്കോസ്, പരേതനായ കെ.സി. മത്തായി, ഏലിക്കുട്ടി എസ്.വി.എം, പരേതയായ ലൂസി മത്തായി പേരൂപറമ്പിൽ കോട്ടയം, ത്രേസ്യാമ്മ തോമസ് വൈപ്പന്തറ വള്ളംകുളം തിരുവല്ല. ന്യൂയോർക്ക് ഐകെസിസിയുടെ മുൻ പ്രസിഡണ്ടാണ് ജോസ് കുഴിപ്പറമ്പിൽ.

# ഡോ. എ. കൗശികൻ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ



തിരുവനന്തപുരം: കേരളത്തിലെ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറായി ഡോ. എ. കൗശികനെ നിയമിച്ചു. സിഇഒയായിരുന്ന ഡോ. രത്തൻ യു. ഖേൽക്കർ മുഖ്യമന്ത്രി വി.ഡി. സതീശന്റെ സെക്രട്ടറിയായി ചുമതലയേറ്റ സാഹചര്യത്തിലാണ് ഡോ. കൗശികനെ നിയമിച്ചത്. നിലവിൽ തുറമുഖ, പട്ടികജാതി-വർഗ സെക്രട്ടറിയായ കൗശികൻ 2009 ബാച്ച് കേരള കേഡർ ഐഎഎസ് ഉദ്യോഗസ്ഥനാണ്. നിയമസഭാ-പാർലമെന്റ് തെരഞ്ഞെടുപ്പുകളുടെ സംസ്ഥാനത്തെ ചുമതലക്കാരനാണ് സിഇഒ. തമിഴ്നാട് സ്വദേശിയായ ഡോ. എ. കൗശികൻ വെറ്ററിനറി ഡോക്ടറാണ്. തമിഴ്നാട് മൃഗസംരക്ഷണ വകുപ്പിൽ ഡോക്ടറായിരിക്കേയാണ് സിവിൽ സർവീസ് ലഭിക്കുന്നത്. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, ലാൻഡ് റവന്യൂ കമ്മീഷണർ, തൃശൂർ ഇടുക്കി ജില്ലാ കളക്ടർ തുടങ്ങിയ ചുമതലകളും വഹിച്ചിട്ടുണ്ട്. കേരള സർക്കാർ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന് നൽകിയ നാലംഗ പാനലിൽനിന്നാണ് സിഇഒയെ തെരഞ്ഞെടുത്തത്. ടി.വി. അനുപമ, ഡോ. കെ. വാസുകി, വീണ എൻ. മാധവൻ എന്നിവാണ് പട്ടികയിൽ ഉൾപ്പെട്ടിരുന്ന മറ്റുള്ളവർ.






# ബെൻസൻവിൽ ഇടവകയിൽ ആത്മീയ നിറവിൽ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണം

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോനാ ഇടവകയിലെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണം മെയ് 23-ന് ശനിയാഴ്ച വൈകുന്നേരം 4-ന് ക്നാനായ റീജിയൻ വികാരി ജനറൽ മോൺ. തോമസ് മുളവനാലിന്റെ മുഖ്യകാർമ്മികത്വത്തിൽ ഭക്തിസാന്ദ്രമായി നടത്തപ്പെട്ടു. മനോഹരവും ചിട്ടയായ ക്രമീകരണവും കൊണ്ടും ഇടവകജനം മുഴുവന്റെയും അനുഗൃഹീത സാന്നിദ്ധ്യംകൊണ്ടുമാണ് തിരുഹൃദയ ദേവാലയത്തിലെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണ ശുശ്രൂഷകൾ നടത്തപ്പെട്ടത്. ഇടവക വികാരി ഫാ. ഏബ്രഹാം കളരിക്കൽ വചനസന്ദേശം നല്കി. ഹൃദയങ്ങളെ നിർമ്മലവും വിശുദ്ധവുമാക്കി ഈശോയെ നിരന്തരം സ്വീകരിക്കണമെന്നും ദിവ്യകാരുണ്യ സ്വീകരണം ജീവിതചര്യയായി മാറ്റി നല്ല മാതൃകകൾ മക്കൾക്ക് നല്കി വളർത്താനും വികാരിയച്ചൻ ഉദ്ബോധിപ്പിച്ചു.

**ലിൻസ് താന്നിച്ചുവട്ടിൽ**

സെന്റ് മേരീസ് പള്ളി വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തൻപുരയിൽ, ഫാ. ജോനസ് ചെറുനിലത്ത്, ഫാ. റ്റോമി ചെള്ളക്കണ്ടത്തിൽ, ഫാ. ഏബ്രഹാം കടുതോടിൽ എന്നിവർ സഹകാർമ്മികരായി തിരുക്കർമ്മങ്ങളിൽ പങ്കെടുത്തു. ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിന് മാതാപിതാക്കളുടെയും ദൈവാലയ എക്സിക്യൂട്ടീവ് അംഗങ്ങളായ തോമസ് കുന്നുമ്പുറത്ത്, മത്തിയാസ് പുല്ലാപ്പള്ളിൽ, ഏബ്രഹാം അരീച്ചിറയിൽ, ജെയ്മോൻ പടിഞ്ഞാറേൽ, എബിൻ കുളത്തിൽകരോട്ട്, മതബോധന ഡയറക്ടർ കൊളീൻ കീഴങ്ങാട്ട്, അദ്ധ്യാപകരായ ആൻസി ചേലയ്ക്കൽ, മഞ്ജു ചകിരിയാംതടത്തിൽ, കോ-ഓർഡിനേറ്റർ നിതിൻ കുന്നുമ്പുറത്ത് എന്നിവർ നേതൃത്വം നല്കി.









ഈ വർഷം ഏയ്‌ഞ്ചൽ ഏബ്രഹാം കൊച്ചുമണ്ണാന്തറ, ആഡ്‌ലിൻ ആഷ്നിൽ വഞ്ചിപ്പുരയ്ക്കൽ, ആഷർ തോമസ് മുണ്ടുപാലത്തിങ്കൽ, സീയ ദീപു അരീക്കാട്ട്, എലീസാ ജോസഫ്, ഹാന കുര്യച്ചൻ കരോട്ടുമന്നാകുളത്തിൽ, ഐസായ റ്റി. സൈമൺ മുണ്ടപ്ലാക്കൽ, ജേക്കബ് ഏബ്രഹാം നെടുന്തുരുത്തിൽ, ജെയ്ഡൻ മാണിപറമ്പിൽ, ജെസ്സീക്ക പുതുശ്ശേരിൽ, ജോനാഥൻ അഞ്ചുകണ്ടത്തിൽ, ജസ്റ്റിന ജോൺ ഒറവക്കുഴിയിൽ, മീവൽ പുതുശ്ശേരിൽ, നോവ ഏബ്രഹാം കാരാപ്പിള്ളിൽ, നോവ തോമസ് കുന്നുമ്പുറത്ത്, റെയ്ക്ലിൻ അന്ന കണ്ണാല, നീൽ ചെരുവിൽ, ജോനാഥൻ പ്ലാംപറമ്പിൽ, ആവ മേരിയ മേലാണ്ടശ്ശേരിൽ എന്നിവരാണ് ആഘോഷമായ ദിവ്യകാരുണ്യം സ്വീകരിച്ചത്.

തിരുക്കർമ്മങ്ങൾക്കു ശേഷം ദൈവാലയഹാളിൽ കുട്ടികൾക്ക് സ്വീകരണവും കലാപരിപാടികളും സ്നേഹവിരുന്നും ക്രമീകരിച്ചു.

ആഘോഷമായ ദിവ്യകാരുണ്യം സ്വീകരിച്ച എല്ലാ കുട്ടികൾക്കും ചിക്കാഗോ കെസിഎസ് ഭാരവാഹികൾ ഉപഹാരവും നല്കി. കെയ്റ മുണ്ടപ്ലാക്കിൽ ആഘോഷങ്ങളുടെ എംസിയായി പ്രവർത്തിച്ചു.

# മുൻ മന്ത്രി ടി.യു. കുരുവിള അന്തരിച്ചു



കോതമംഗലം: മുൻമന്ത്രിയും കേരള കോൺഗ്രസ് ഡപ്യൂട്ടി ചെയർമാനുമായ ചേലാട് തോമ്പ്രയിൽ ടി.യു. കുരുവിള (89) അന്തരിച്ചു. കഴിഞ്ഞ 12 മുതൽ കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. 2006-2007-ൽ വി.എസ്. അച്യുതാനന്ദൻ മന്ത്രിസഭയിൽ പി.ജെ. ജോസഫ് രാജിവെച്ച ഒഴിവിൽ പൊതുമരാമത്ത് മന്ത്രിയായി. 2006 മുതൽ 2016 വരെ രണ്ടു തവണ കോതമംഗലം എംഎൽഎയായിരുന്നു.

ഭാര്യ: കീരംപാറ കല്ലുങ്കൽ ചിന്നമ്മ. മക്കൾ: റീന, ഡോ. രേണു, റെമി, ഡോ. രേഖ, എൽദോ. മരുമക്കൾ: പാമ്പാക്കുട മാരേക്കാട്ട് ഡോ. പോൾ ജേക്കബ്, കോഴഞ്ചേരി തോമസ് മുത്തൂറ്റ്, റിതിക അസറിയ, കാക്കനാട് കിളുത്താറ്റിൽ പരേതനായ പവ്വൽസ് കുര്യൻ, കോന്നി പൈനുമൂട്ടിൽ പരേതനായ സുദീപ് തോമസ് ജോൺ.

# ഹൂസ്റ്റണിൽ അന്തരിച്ച സൈമൺ നെടുമാക്കലിന്റെ സംസ്കാര ശുശ്രൂഷകൾ ജൂൺ 1, 2 തീയതികളിൽ



ഹൂസ്റ്റൺ: ഹൂസ്റ്റണിൽ അന്തരിച്ച സൈമൺ നെടുമാക്കലിന്റെ (64) സംസ്കാര ശുശ്രൂഷകൾ ജൂൺ 1, 2 (തിങ്കൾ, ചൊവ്വ) ദിവസങ്ങളിൽ ഹൂസ്റ്റൺ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോന പള്ളിയിൽ വെച്ച് (6400 W Fuqua St. Missouri City, TX 77489) നടത്തപ്പെടും.

ജൂൺ ഒന്നിന് തിങ്കളാഴ്ച വൈകുന്നേരം 5 മണി മുതൽ 7 മണി വരെ പൊതുദർശനം. തുടർന്ന് ദിവ്യബലി. ജൂൺ രണ്ടിന് ചൊവ്വാഴ്ച രാവിലെ 9 മണി മുതൽ 10.20 വരെ പൊതുദർശനം. തുടർന്ന് ദിവ്യബലിയും പ്രാർത്ഥനാ ശുശ്രൂഷകളും.

2 മണിക്ക് സൗത്ത് പാർക്ക് സെമിത്തേരിയിൽ സംസ്കാരശുശ്രൂഷ നടക്കും. (1310 N Main St. Pearland, TX 77581) പരേതന്റെ ഭാര്യ ലിൻസി നീണ്ടൂർ പറയംകാലായിൽ കുടുംബാംഗമാണ്. മക്കൾ: ജെന്നി & ബോണി തെക്കനാട്ട് (ഹൂസ്റ്റൺ), ജെഫി & ജോഷ്വാ വലിയപറമ്പിൽ (സാൻഹൊസെ). കൊച്ചുമകൾ: അമീലിയ തെക്കനാട്ട്.

മാതാപിതാക്കൾ: കട്ടച്ചിറ നെടുമാക്കൽ പരേതനായ പാച്ചി മത്തായി & ത്രേസ്യാമ്മ. സഹോദരങ്ങൾ: മേയമ്മ & സക്കറിയ ആയിരംതൈക്കൽ (ഹൂസ്റ്റൺ), മാത്യു & വിമല നെടുമാക്കൽ (ചിക്കാഗോ), ജെയിംസ് & ആൻസി നെടുമാക്കൽ (ഹൂസ്റ്റൺ), സിസിലി & സ്റ്റീഫൻ ചാഴിക്കാട്ട് (ഹൂസ്റ്റൺ), ജോസ് (ജോ) & ഷൈജ നെടുമാക്കൽ (ഹൂസ്റ്റൺ).

# സിഎംആർഎൽ കണക്കിൽ 182 കോടിയുടെ പൊരുത്തക്കേട്

തിരുവനന്തപുരം: കേരള സർക്കാരിനു കീഴിലെ കെഎസ്ഐഡിസിക്കു കൂടി ഓഹരി പങ്കാളിത്തമുള്ള സിഎംആർഎൽ കമ്പനിയിൽ കഴിഞ്ഞ 15 വർഷത്തിനിടെ 182 കോടിയുടെ സാമ്പത്തിക ക്രമക്കേട് നടന്നുവെന്നു സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫീസിന്റെ (എസ്എഫ്ഐഒ) കണ്ടെത്തൽ. പിണറായി വിജയന്റെ മകൾ വീണയുമായുള്ള സാമ്പത്തിക ഇടപാടിനെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ടിനൊപ്പം എറണാകുളത്തെ പ്രത്യേക കോടതിയിൽ നൽകിയ ഹർജിയിലാണ് പരാമർശം. സിന്തറ്റിക് റൂട്ടൈൽ സംസ്കരിച്ചെടുത്ത ശേഷമുള്ള ചെളി നീക്കിയതിന്റെ പേരിലുള്ള സാങ്കൽപിക പണച്ചെലവിലൂടെ 139 കോടി രൂപയും പല വെൻഡർമാരുടെയും ഇൻവോയ്സ് പെരുപ്പിച്ചു കാണിച്ച് 43 കോടി രൂപയും ക്രമക്കേടു നടത്തിയെന്നാണു കണ്ടെത്തൽ. എം.ഡി, ചീഫ് ഫിനാൻസ് ഓഫീസർ, കാഷ്യർ തുടങ്ങിയവരുടെ നിർദേശപ്രകാരമാണ് ഇതു നടന്നതെന്നും കണ്ടെത്തി.

പബ്ലിക് ലിമിറ്റഡ് കമ്പനിയായ സിഎംആർഎലിൽ ശശിധരൻ കർത്തായ്ക്കും കുടുംബത്തിനുമായി 35.57 ശതമാനം ഓഹരിയാണുള്ളത്. ഇക്കാരണത്താൽ കമ്പനിയുടെ സാമ്പത്തിക കാര്യങ്ങളിൽ കർത്തായ്ക്കും കുടുംബത്തിനുമാണു മേൽക്കൈയുള്ളത്.

എംഡി ശശിധരൻ കർത്താ, മകനും ജോയിന്റ് ഡയറക്ടറുമായ ശരൺ എസ്. കർത്താ എന്നിവർക്കു മാത്രം 2015-16 മുതൽ 2022-23 വരെ ശമ്പളയിനത്തിൽ സിഎംആർഎൽ നൽകിയത് 30.63 കോടി രൂപയാണ്. ഇതിനു പുറമേയാണ്, കർത്തായും കുടുംബവും ഡയറക്ടർമാരായി രൂപീകരിച്ച സ്വകാര്യ കമ്പനികൾക്കു വളഞ്ഞവഴിക്കു സിഎംആർഎലിന്റെ കരാറുകൾ മറിച്ചു നൽകിയതെന്നു റിപ്പോർട്ടിൽ പറയുന്നു. ചെളി ഉൾപ്പെടെ ചരക്കുനീക്കത്തിന്റെ ടെൻഡറുകൾ ലഭിച്ചത് വാഹിനി ട്രാൻസ്പോർട്ട്, നവജീവൻ ട്രാൻസ്പോർട്ട് എന്നീ കമ്പനികൾക്കായിരുന്നു.

എന്നാൽ, കർത്തായുടെ കുടുംബാംഗങ്ങൾ ഡയറക്ടർമാരായി രൂപീകരിച്ച സ്വകാര്യ കമ്പനികളായ നിപുണ, സസ്ജ എന്നിവയുടെ വാഹനങ്ങളാണ് വാഹിനിക്കും നവജീവനും വേണ്ടി ഓടിയത്. സസ്ജ കമ്പനിയുടെ 98 ശതമാനം വരുമാനവും ഈ വഴിക്കായിരുന്നു. കർത്തായുടെ സ്വകാര്യ കമ്പനികളിലേക്കു സിഎംആർഎലിൽനിന്നു പണം ഒഴുകിയെന്നും എസ്എഫ്ഐഒ കോടതിയിൽ സമർപ്പിച്ച രേഖകളിൽ പറയുന്നു.

# ആരോഗ്യസംരക്ഷണം: ചെലവിൽ മുന്നിൽ മലയാളികൾ

ന്യൂഡൽഹി: ആരോഗ്യസംരക്ഷണത്തിന് ഏറ്റവും കൂടുതൽ കാശ് കൈയിൽനിന്നു ചെലവാക്കുന്നത് മലയാളികളാണെന്നു നാഷണൽ ഹെൽത്ത് അക്കൗണ്ട്സിന്റെ 2022-23-ലെ റിപ്പോർട്ട്. കേന്ദ്ര ആരോഗ്യ മന്ത്രാലയം ഈയിടെ പുറത്തുവിട്ട റിപ്പോർട്ട് പ്രകാരം കേരളത്തിൽ ഒരാൾ ശരാശരി 8388 രൂപയാണ് സ്വന്തം കീശയിൽനിന്ന് ആരോഗ്യസംരക്ഷണത്തിനായി 2022-23 വർഷം ചെലവാക്കിയത് (ഔട്ട് ഓഫ് ദ പോക്കറ്റ് എക്സ്പെൻഡീച്ചർ -ഒഒപിഇ). ഇക്കാര്യത്തിൽ രണ്ടാമതുള്ള ബംഗാളിൽ ഒരാൾ സ്വന്തം കീശയിൽനിന്ന് ശരാശരി 4183 രൂപയാണ് ആ വർഷം ചെലവിട്ടത്. രണ്ടാമനേക്കാൾ ഇരട്ടിയിലധികമാണ് മലയാളിയുടെ ചെലവാക്കൽ.

റിപ്പോർട്ട് പ്രകാരം 2022-23 വർഷത്തിൽ കേരളം ആരോഗ്യരംഗത്ത് ആകെ ചെലവഴിച്ചത് 47,216 കോടി രൂപയാണ്. വലിയ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ ചെലവ് ഇടത്തരം മാത്രമാണെങ്കിലും സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ (ജിഎസ്ഡിപി) 4.5 ശതമാനമാണ് കേരളം ആരോഗ്യരംഗത്തിനു വേണ്ടി ചെലവഴിച്ചത്. ജിഎസ്ഡിപിയിൽ ആരോഗ്യരംഗത്തിനുവേണ്ടി ഏറ്റവും കൂടുതൽ ശതമാനം നീക്കിവെച്ചത് കേരളമാണെന്നു റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. ആരോഗ്യരംഗത്ത് കേരളം ചെലവിട്ട 47,216 കോടിയിൽ 12,931 കോടി രൂപ പൗരർക്കായി സർക്കാർ ചെലവാക്കിയതാണ്.

സർക്കാർ കേരളത്തിലെ ഒരു പൗരന്റെ ആരോഗ്യത്തിനായി ശരാശരി 3597 രൂപയാണ് 2022-23 വർഷത്തിൽ ചെലവാക്കിയത്. ഈ കണക്കിൽ പൗരർക്കായി 5913 രൂപ ചെലവാക്കിയ ഹിമാചൽ പ്രദേശും 3916 രൂപ ചെലവാക്കിയ ജമ്മു-കാഷ്മീരും മാത്രമാണ് കേരളത്തിനു മുന്നിലുള്ളത്. എന്നാൽ ബാക്കിയുള്ള സംസ്ഥാനങ്ങളിൽ ആരോഗ്യരംഗത്ത് സർക്കാർ പൗരർക്കായി ചെലവാക്കുന്ന തുകയും തമ്മിൽ വലിയ അന്തരമില്ലെങ്കിലും സർക്കാർ ചെലവാക്കുന്നതിന്റെ ഇരട്ടിയിലധികം രൂപയാണ് മലയാളികൾ സ്വന്തം കീശയിൽനിന്ന് ആരോഗ്യരംഗത്ത് ചെലവാക്കുന്നത്.

# മോളി ജോർജ് ഇല്ലിമൂട്ടിൽ കണക്ടിക്കട്ടിൽ അന്തരിച്ചു



കണക്ടിക്കട്ട്: ചേർപ്പുങ്കൽ ഇല്ലിമൂട്ടിൽ ജോർജിന്റെ ഭാര്യ മോളി ജോർജ് (67) കണക്ടിക്കട്ടിൽ അന്തരിച്ചു. പരേത ചേർപ്പുങ്കൽ വടക്കേതൊട്ടിയിൽ കുടുംബാംഗമാണ്. മക്കൾ: ജോമി ജെസ്വിൻ ഇടയാടിയിൽ ചിക്കാഗോ (കെസിഎസ് ചിക്കാഗോ നാഷണൽ കൗൺസിൽ മെമ്പർ), ജോബിൻ ജോർജ് ഇല്ലിമൂട്ടിൽ കണക്ടിക്കട്ട്. മരുമക്കൾ: ജോജോ (ജെസ്വിൻ) ഇടയാടിയിൽ, ദീപ തോമസ് അടയാനൂർ.

കൊച്ചുമക്കൾ: അലിസ, ജെറ്റ്, നിള, നീൽ.

സഹോദരങ്ങൾ: പരേതനായ ബേബി കുര്യൻ & ആലീസ് വടക്കേ തൊട്ടിയിൽ (ചേർപ്പുങ്കൽ), ആൻസി & ജോയി പുതിയവീട്ടിൽ (ചേർപ്പുങ്കൽ), ഏലിയാമ്മ & മത്തായിക്കുഞ്ഞ് കരികുളത്തിൽ (കൈപ്പുഴ), ഷൈനി (അൽഫോൻസ) & ജെയിംസ് ചാമക്കാലായിൽ (ചേർപ്പുങ്കൽ).






# ഏകീകൃത സിവിൽ കോഡ് ആസാമിലും പാസാക്കി

ന്യൂഡൽഹി: ഗുജറാത്തിനും ഉത്തരാഖണ്ഡിനും പിന്നാലെ ആസാം നിയമസഭയും ഏകീകൃത സിവിൽ കോഡ് പാസാക്കി. മൂന്നാമതു ബിജെപി ഭരണ സംസ്ഥാനത്തു കൂടി വിവാദ യൂണിഫോം സിവിൽ കോഡ് (യുസിബി) ബിൽ പാസാക്കിയതോടെ, കൂടുതൽ സംസ്ഥാനങ്ങൾ ഇതേ മാതൃക പിന്തുടരുമെന്നു വ്യക്തമായി. കോൺഗ്രസ് നേതൃത്വത്തിലുള്ള പ്രതിപക്ഷ ബഹളത്തിനിടെയാണു 126 അംഗ ആസാം നിയമസഭ ബിൽ പാസാക്കിയത്. ആസാമിലെ എല്ലാ പട്ടികവർഗക്കാരെയും ബില്ലിലെ വ്യവസ്ഥകളിൽനിന്നൊഴിവാക്കിയിട്ടുണ്ട്. ആദിവാസി സമൂഹങ്ങളുടെ പരമ്പരാഗത നിയമങ്ങൾ തുടരാം. ഗവർണറുടെ അനുമതിക്കുശേഷം വിജ്ഞാപനം പുറപ്പെടുവിക്കുന്നതോടെ ബിൽ നിയമമാകും.

ബഹുഭാര്യാത്വം നിരോധിക്കാനും വിവാഹങ്ങളുടെയും ലിവ് ഇൻ ബന്ധങ്ങളുടെയും രജിസ്ട്രേഷൻ നിർബന്ധമാക്കാനും ബിൽ നിർദേശിക്കുന്നു. കരടു നിയമപ്രകാരം, വിവാഹ ചടങ്ങു കഴിഞ്ഞ് 60 ദിവസത്തിനുള്ളിലും ഒരുമിച്ചു താമസിക്കുന്ന (ലിവ് ഇൻ ബന്ധം) കമിതാക്കൾ 30 ദിവസത്തിനുള്ളിലും രജിസ്റ്റർ ചെയ്യണമെന്നു കരടു നിയമത്തിലുണ്ട്. നിയമങ്ങൾ പാലിച്ചില്ലെങ്കിൽ 10,000 രൂപ പിഴ ഈടാക്കാനും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മുസ്‌ലിം സ്ത്രീകൾക്കു സുരക്ഷ ഉറപ്പാക്കാനാണ് ഏകീകൃത സിവിൽ കോഡ് പാസാക്കിയതെന്ന് ആസാം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ പറഞ്ഞു. സ്ത്രീകളുടെ അവകാശങ്ങൾക്കും സമത്വത്തിനും വേണ്ടിയുള്ള ചരിത്രപരമായ ചുവടുവെപ്പാണിത്. പതിറ്റാണ്ടുകളായി അടിച്ചമർത്തപ്പെടുന്ന ന്യൂനപക്ഷ സമുദായത്തിലെ സ്ത്രീകൾക്കും പുതിയ സ്വാതന്ത്ര്യവും സാമൂഹിക സുരക്ഷയും ഉറപ്പാക്കുമെന്നും ഹിമന്ത പറഞ്ഞു. ബിൽ പാസാക്കിയതിലൂടെ ബിജെപി സർക്കാർ മറ്റൊരു തെരഞ്ഞെടുപ്പു വാഗ്ദാനംകൂടി നിറവേറ്റിയതായും അദ്ദേഹം പറഞ്ഞു.

എല്ലാ പട്ടികവർഗ, ആദിവാസി സമൂഹങ്ങളെയും ഏകീകൃത സിവിൽ കോഡിന്റെ പരിധിയിൽനിന്ന് ഒഴിവാക്കുന്ന ബില്ലിനെ ഏകീകൃതം എന്നു വിളിക്കാനാകില്ലെന്ന് കോൺഗ്രസ് ചൂണ്ടിക്കാട്ടി. ആദിവാസി, ചില ആദിവാസി ഇതര സമൂഹങ്ങൾക്കു ബില്ലിൽ പ്രത്യേക വ്യവസ്ഥകളുണ്ട്. ആദിവാസിയല്ലാത്ത ആരെങ്കിലും ലിവ് ഇൻ ബന്ധത്തിലുണ്ടെങ്കിൽ രജിസ്റ്റർ ചെയ്യണമെന്നും ബിൽ പറയുന്നു.

ആദിവാസിയല്ലാത്ത ഒരാൾ ആദിവാസിയോടൊപ്പം ഒരുമിച്ചു താമസിച്ചാൽ എന്തു സംഭവിക്കും? ജനങ്ങളുടെ ക്ഷേമത്തിനാണെങ്കിൽ ഒരു സമുദായത്തെ ഒഴിവാക്കുന്നതെന്തിനാണെന്ന് കോൺഗ്രസ് എംഎൽഎ സുബൈർ അനം ചോദിച്ചു.

# ഫൈബ്രോസിസ് ചികിത്സയ്ക്ക് ഹൈഡ്രോജെല്ലുമായി മദ്രാസ് ഐ.ഐ.ടി.

ചെന്നൈ: ആന്തരാവയവങ്ങളെ ബാധിക്കുന്ന ഫൈബ്രോസിസിന്റെ ചികിത്സയ്ക്ക് കുത്തിവെക്കാവുന്ന പ്രകൃതിദത്ത ഹൈഡ്രോജെൽ മദ്രാസ് ഐ.ഐ.ടിയിലെ ഗവേഷകർ വികസിപ്പിച്ചു. ഫൈബ്രോസിസ് ബാധിച്ച ഭാഗത്തേക്ക് മരുന്നുകലർത്തിയ ഹൈഡ്രോജെൽ നേരിട്ടു കുത്തിവെക്കുക വഴി ചികിത്സ കൂടുതൽ ഫലപ്രദമാക്കാനും ചെലവു ഗണ്യമായി കുറയ്ക്കാനും സാധിക്കും.

കരളിലെയും ശ്വാസകോശത്തിലെയും ഹൃദയത്തിലെയും മറ്റും കോശങ്ങളുടെ കട്ടികൂടി വടുക്കൾ രൂപപ്പെടുന്ന അവസ്ഥയാണ് ഫൈബ്രോസിസ്. ആന്തരാവയവങ്ങളുടെ പ്രവർത്തനം മന്ദഗതിയിലായി മരണംവരെ സംഭവിക്കാൻ ഇതു വഴിവെക്കും. കോശങ്ങളെ പൂർവസ്ഥിതിയിലാക്കാനുള്ള മരുന്നുകൾ ദീർഘകാലം നൽകുന്നതാണ് ചികിത്സ. ഹൈഡ്രോജെല്ലിൽ ചേർത്ത് മരുന്നു രോഗബാധിതമായ ഭാഗത്തേക്ക് കുത്തിവെച്ചാൽ അത് സാവകാശം കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കും. ജലാംശം ആഗിരണം ചെയ്ത് പശപോലെയാകുന്ന പദാർത്ഥങ്ങളാണ് ഹൈഡ്രോജെൽ.

പട്ടുനൂൽപ്പുഴുവിന്റെ കൂടും കടൽപ്പായലും ഉപയോഗിച്ചാണ് മദ്രാസ് ഐ.ഐ.ടി ബയോ ടെക്നോളജി വകുപ്പിനുകീഴിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടിഷ്യൂ എഞ്ചിനീയറിങ്ങിലെ ഗവേഷകർ ചികിത്സയ്ക്കുള്ള ഹൈഡ്രോജെൽ വികസിപ്പിച്ചത്.

പ്രകൃതിദത്ത ഉത്പന്നമായതുകൊണ്ട് ആവശ്യം കഴിയുമ്പോൾ അത് വിഘടിച്ച് ശരീരത്തിൽ ലയിക്കുമെന്ന് ഗവേഷണത്തിനു നേതൃത്വം നൽകിയ മദ്രാസ് ഐ.ഐ.ടിയിലെ വർഷിണി ഗോപിനാഥും പ്രൊഫ. വിഗ്നേഷ് മുത്തുവിജയനും യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയ സാൻഡിയാഗോ ഹെൽത്തിലെ പ്രൊഫ. മഹാദേവൻ രാജശേഖരനും പറയുന്നു.

ഫൈബ്രോസിസ് ചികിത്സാച്ചെലവ് ഇപ്പോഴുള്ളതിന്റെ പത്തിലൊന്നു വരെയായി കുറയാൻ ഇതു വഴിയൊരുക്കും. കൂടുതൽ പരീക്ഷണങ്ങൾക്കുശേഷം വ്യവസായ സ്ഥാപനങ്ങളുമായി ചേർന്ന് ഹൈഡ്രോജെൽ വിപണിയിലിറക്കാനാണ് പദ്ധതി.

# മിസ് യൂണിവേഴ്സ് കേരള കിരീടം കെസിയയ്ക്ക്

കൊച്ചി: ബീന കണ്ണൻ കുറ്റ്യൂർ മിസ് യൂണിവേഴ്സ് കേരളാ കിരീടം മാവേലിക്കര സ്വദേശി കെസിയ ലിസ് മെജോയ്ക്ക്. അഖിലേന്ത്യാ തലത്തിൽ നടക്കുന്ന മിസ് യൂണിവേഴ്സ് ഇന്ത്യാ മത്സരത്തിൽ കെസിയ (19) കേരളത്തെ പ്രതിനിധീകരിക്കും. തൃശൂർ സ്വദേശി മാളവിക രാജേന്ദ്രൻ ദേവ് ഫസ്റ്റ് റണ്ണറപ്പായപ്പോൾ കോട്ടയം സ്വദേശി ലിസ് ജെയ്മോൻ ജേക്കബ് സെക്കൻഡ് റണ്ണറപ്പായി. മാവേലിക്കര സ്വദേശികളായ മെജോ ഏബ്രഹാം-സുജ മെജോ ദമ്പതികളുടെ മകളാണു കെസിയ. ബെംഗളൂരുവിൽ നിയമപഠനം നടത്തുന്ന കെസിയ കൊച്ചിയിലാണു താമസം. 2024-ൽ മിസ് ടീൻ ഇന്ത്യാ പട്ടം നേടിയിട്ടുണ്ട്. കേരളത്തിൽനിന്നുള്ള ആദ്യ മിസ് യൂണിവേഴ്സ് ആകുക എന്നതാണ് കെസിയയുടെ സ്വപ്നം. മിസ് യൂണിവേഴ്സ് ഇന്ത്യാ ചെയർമാൻ നിഖിൽ ആനന്ദ്, ഫ്രാഞ്ചൈസി ഓപ്പറേഷൻസ് ഡയറക്ടർ അംജദ് ഖാൻ, മിസ് യൂണിവേഴ്സ് ഇന്ത്യാ 2025 വിജയി മണിക വിശ്വകർമ, മുൻ മിസ് യൂണിവേഴ്സ് കേരളാ ഐശ്വര്യ ശ്രീനിവാസൻ എന്നിവരടങ്ങുന്ന പാനലാണു വിജയികളെ തെരഞ്ഞെടുത്തത്.




**മിസ് യൂണിവേഴ്സ് കേരള 2026 കിരീടമണിഞ്ഞ കെസിയ ലിസ് മെജോ (ഇടത്ത് നിന്ന് അഞ്ചാമത്), ഫസ്റ്റ് റണ്ണറപ്പ് മാളവിക രാജേന്ദ്രൻ ദേവ് (ഇടത്ത് നിന്ന് ആറാമത്), സെക്കൻഡ് റണ്ണറപ്പ് ലിസ് ജെയ്മോൻ ജേക്കബ് (ഇടത്ത് നിന്ന് നാലാമത്) എന്നിവർ വേദിയിൽ.**

## ചാച്ചിയമ്മ ലൂക്കോസ് ചാമക്കാലായിൽ അന്തരിച്ചു



കൈപ്പുഴ: കൈപ്പുഴ ചാമക്കാലായിൽ പരേതനായ റിട്ട. ഹെഡ്മാസ്റ്റർ സി.എൽ. ലൂക്കോസിന്റെ (ലൂക്കാക്കുട്ടി സാർ) ഭാര്യ ചാച്ചിയമ്മ ലൂക്കോസ് (89) അന്തരിച്ചു. പരേത മാഞ്ഞൂർ തുണ്ടത്തിൽ കുടുംബാംഗമാണ്. മക്കൾ: ജോസ് ലൂക്കോസ് ചാമക്കാലായിൽ (ഹൂസ്റ്റൺ), എൽസി മാത്യു ചേന്നങ്ങാട്ട് (കാനഡ), മേഴ്സി ജെയിംസ് ചെറുപുഷ്പാലയം (മാറിക), ജോർജ് ലൂക്കോസ് ചാമക്കാലായിൽ (കൈപ്പുഴ), ത്രേസ്യാമ്മ കുഞ്ഞഗസ്തി ആലപ്പാട്ട് (ചിക്കാഗോ), രാജു ലൂക്കോസ് ചാമക്കാലായിൽ (അയർലന്റ്). മരുമക്കൾ: മേരിക്കുട്ടി ജോസ് കരിശ്ശേരിക്കൽ, മാത്യു ചേന്നങ്ങാട്ട്, ജെയിംസ് തോമസ് ചെറുപുഷ്പാലയം, ലിറ്റി ജോർജ് തട്ടാമറ്റം, കുഞ്ഞഗസ്തി ആലപ്പാട്ട്, ഷാജിമോൾ തടത്തിൽ.



# മന്ത്രി അഡ്വ. മോൻസ് ജോസഫ് കോട്ടയം ബിഷപ് ഹൗസ് സന്ദർശിച്ചു

കോട്ടയം: പുതിയ മന്ത്രിയായി ചുമതലയേറ്റശേഷം കോട്ടയം അതിരൂപതാ കേന്ദ്രം സന്ദർശിച്ച ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി അഡ്വ. മോൻസ് ജോസഫിന് അതിരൂപതാ ആസ്ഥാനത്ത് ഉജ്വല സ്വീകരണം നല്കി.

കോട്ടയം അതിരൂപത ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട് പിതാവ്,

ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി

വികാരി ജനറാൾ ഫാ. തോമസ് ആനിമൂട്ടിൽ, അതിരൂപതാ പ്രൊക്യുറേറ്റർ ഫാ. ഏബ്രഹാം പറമ്പേട്ട് എന്നിവർ ചേർന്നാണ് മന്ത്രിയെ പൊന്നാട അണിയിച്ചും പൂച്ചെണ്ടും നല്കിയും സ്നേഹനിർഭരമായ അതിരൂപതാ കേന്ദ്രത്തിലേക്ക് സ്വീകരിച്ചത്.

തുടർന്ന് ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട് പിതാവിനോടും വൈദികശ്രേഷ്ഠരോടുമൊപ്പം മന്ത്രി അഡ്വ. മോൻസ് ജോസഫ് സൗഹൃദസംഭാഷണം നടത്തി. നാടിന്റെ വികസനകാര്യങ്ങളും ജനക്ഷേമ പദ്ധതികളും കൂടിക്കാഴ്ചയിൽ ചർച്ചയായി. തെരഞ്ഞെടുപ്പിലെ തിളക്കമാർന്ന വിജയത്തിലും തുടർന്നുണ്ടായ മന്ത്രിപദവിയിലും മാർ മാത്യു മൂലക്കാട്ട് പിതാവ് അദ്ദേഹത്തെ പ്രത്യേകം അഭിനന്ദിക്കുകയും ജനനന്മയ്ക്കായി മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെക്കാൻ സാധിക്കട്ടെയെന്ന് ആശംസിക്കുകയും ചെയ്തു.

തന്റെ രാഷ്ട്രീയ പൊതുപ്രവർത്തന ജീവിതത്തിൽ കോട്ടയം അതിരൂപതയും ആർച്ച്ബിഷപ്പും സഭാനേതൃത്വവും നല്കിയിട്ടുള്ള നിരന്തരമായ പിന്തുണയെയും പ്രാർത്ഥനകളെയും മന്ത്രി ഹൃദയപൂർവം സ്മരിച്ചു. പ്രതിസന്ധി ഘട്ടങ്ങളിലെല്ലാം തനിക്ക് തണലായി നിന്നത് അതിരൂപതയുടെ പ്രാർത്ഥനകളാണെന്നും വരുംകാല ഔദ്യോഗിക പ്രയാണത്തിലും ഈ വലിയ പിന്തുണയും പ്രാർത്ഥനയും മാർഗ്ഗനിർദ്ദേശവും തനിക്ക് ഒപ്പമുണ്ടാകുമെന്ന് പ്രത്യാശിക്കുന്നതായും അദ്ദേഹം പറഞ്ഞു.



ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട് പിതാവിനും വികാരി ജനറാൾ ഫാ. തോമസ് ആനിമൂട്ടിലിനും പ്രൊക്യുറേറ്റർ ഫാ. ഏബ്രഹാം പറമ്പേട്ടിനും തനിക്ക് നല്കിയ ഹൃദ്യമായ സ്വീകരണത്തിന് മന്ത്രി നന്ദി രേഖപ്പെടുത്തി.

## മോൻസ് ജോസഫ് എൻഎസ്എസ് ആസ്ഥാനവും സന്ദർശിച്ചു

ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി

കോട്ടയം: ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി അഡ്വ. മോൻസ് ജോസഫ് പെരുന്നയിലെ നായർ സർവീസ് സൊസൈറ്റി (എൻഎസ്എസ്) ആസ്ഥാനം സന്ദർശിച്ചു. തെരഞ്ഞെടുപ്പ് വിജയത്തിനും മന്ത്രിപദവിയിലേക്കുള്ള നിയോഗത്തിനും ശേഷം കോട്ടയം




ജില്ലയിലെത്തിയ അദ്ദേഹം എൻഎസ്എസ് ആസ്ഥാനത്ത് നേരിട്ടെത്തി ജനറൽ സെക്രട്ടറി ജി. സുകുമാരൻ നായരുമായി കൂടിക്കാഴ്ച നടത്തി.

പെരുന്നയിലെ ആസ്ഥാനമന്ദിരത്തിൽ എത്തിയ മന്ത്രി അഡ്വ. മോൻസ് ജോസഫിന് എൻഎസ്എസ് നേതൃത്വം ഊഷ്മളമായ സ്വീകരണമാണ് നല്കിയത്. തുടർന്ന് അദ്ദേഹം ജനറൽ സെക്രട്ടറി ജി. സുകുമാരൻ നായരുമായി കൂടിക്കാഴ്ച നടത്തി. തികച്ചും സൗഹാർദ്ദപരമായ അന്തരീക്ഷത്തിൽ നടന്ന ചർച്ചയിൽ ഇരുവരും വിവിധ സാമൂഹിക, പ്രാദേശിക വിഷയങ്ങൾ പങ്കുവെച്ചു.

മന്ത്രിയെ പെരുന്നയിലേക്ക് ഔദ്യോഗികമായി സ്വാഗതം ചെയ്ത ജി. സുകുമാരൻ നായർ, അഡ്വ. മോൻസ് ജോസഫിന്റെ ഉജ്വല വിജയത്തിലും മന്ത്രിസ്ഥാന ലബ്ധിയിലും തന്റെ സന്തോഷവും അനുഗ്രഹവും അറിയിച്ചു. വരാനിരിക്കുന്ന ഭരണകാലയളവ് ജനപ്രിയവും വിജയകരവുമായിത്തീരട്ടെയെന്ന് അദ്ദേഹം ആശംസിക്കുകയും ചെയ്തു. കൂടാതെ, പൊതുരംഗത്തെ മോൻസ് ജോസഫിന്റെ സജീവമായ ഇടപെടലുകളെയും സാമൂഹിക വികസന പ്രവർത്തനങ്ങളിലെ പ്രതിബദ്ധതയെയും മുൻനിർത്തി ജി. സുകുമാരൻ നായർ അദ്ദേഹത്തിന് പ്രത്യേക നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

തനിക്ക് ലഭിച്ച ഊഷ്മള സ്വീകരണത്തിനും അനുഗ്രഹങ്ങൾക്കും മന്ത്രി അഡ്വ. മോൻസ് ജോസഫ് എൻഎസ്എസ് നേതൃത്വത്തോട് ഹൃദയംഗമമായ നന്ദി അറിയിച്ചു. കേരളത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ പുരോഗതിയിൽ എൻഎസ്എസ് പോലുള്ള പ്രസ്ഥാനങ്ങൾ വഹിക്കുന്ന പങ്ക് സമാനതകളില്ലാത്തതാണെന്ന് അദ്ദേഹം വ്യക്തമാക്കി.

## കണ്ടു ഞാൻ നിന്നെ



ജെയിംസ് ചെട്ടിയാത്ത്

കണ്ടു ഞാൻ നിന്നെ കണ്ടു ഞാൻ നിന്നെ
ഇന്നു വെളുപ്പിനു കണ്ടു ഞാൻ നിന്നെ
കൈകൾ രണ്ടിലും വളകൾ നിറയെ
കനമുള്ള കല്ലുമാല മാറിൽ അണിഞ്ഞു
വീടിനു ചുറ്റും ഓടിനടന്നിട്ടു
നാടോടിപെൺപോലെ മുറ്റത്തു അരങ്ങേറി
ആടാനും പാടാനും അറിയാം നിനക്ക്
ആ നാളുകൾ ഇപ്പോഴും ഓർമയിൽ ഉണ്ട്
മുറ്റത്തെ മുൾചെടി കാലിൽ അമർന്നപ്പോൾ
ഒറ്റകാലിൽ വന്നു കെട്ടിപിടിച്ചു എന്നെ
ഒട്ടും മടിക്കാതെ കിട്ടിയ അവസരം
കെട്ടിപിടിച്ചൊരു മുത്തം തന്നില്ലേ ഞാൻ
മുറ്റം അടിക്കുന്ന സമയം അടുക്കുമ്പോൾ
പത്രക്കാരൻ വീടിന്റെ മുൻപിൽ
രാവിലെ പത്രം വന്നു കഴിഞ്ഞാൽ
പരസ്യം നോക്കുന്ന പതിവാണ് നിനക്ക്
ഓർക്കുമ്പോൾ ഓർമകൾ ഉണർന്നു വരുന്നു
ഓർമകൾ മനസ്സിനു ആനന്ദം പുണരുന്നു
ദിവസങ്ങൾ വേഗത്തിൽ പൊയ്ക്കൊണ്ടിരിക്കുന്നു
നിന്നുടെ ഓർമകൾ എൻ മനസിനകത്ത്






കേരളാ എക്സ്പ്രസ് വഴിവിളക്കുകൾ 14

# ഇലയമ്മാവൻ



ആൻസി സിറിയക് ഇലക്കാട്ട്

ഇലയമ്മാവന്റെ യഥാർത്ഥ പേര് എനിക്കിപ്പോഴും അറിയില്ല. അറിയണമെന്നു തോന്നിയിട്ടുമില്ല. മാസത്തിലൊരിക്കലെങ്കിലും വീട്ടിലെത്തിയിരുന്ന, കാലിനല്പം വളവുണ്ടായിരുന്ന, വലിയ ചന്ദനക്കുറി തൊട്ട, രണ്ടു ചെവിയിലും പൂവ് തിരുകിയ, കുറിയ, വെളുത്ത മനുഷ്യൻ. സ്വതസിദ്ധമായ ലാളിത്യവും നിഷ്കളങ്കതയും. അല്പം കേൾവിക്കുറവ് ഉണ്ടായിരുന്ന ഇലയമ്മാവന്റെ ഓരോ വരവും ഞങ്ങൾ കുട്ടികൾ ആഘോഷിച്ചിരുന്നു.

സദ്യകൾക്ക് വേണ്ട വാഴയില വെട്ടാൻ വന്നിരുന്നത് കൊണ്ടാണ് അമ്മാവൻ ഞങ്ങൾക്ക് ഇലയമ്മാവനായത്. വാഴകളാൽ സമൃദ്ധമായ ഞങ്ങളുടെ പുരയിടം ഇലയമ്മാവന് പലപ്പോഴും ആവശ്യത്തിലധികം ഇലകൾ നൽകിയിരുന്നു. വാഴയില വെട്ടിക്കോട്ടെ? എന്ന ചോദ്യത്തോടെയാണ് ഇലയമ്മാവന്റെ വരവെങ്കിലും ശേഷം അത് ഒട്ടുപാൽ, ജാതിക്ക, കുരുമുളക് തുടങ്ങിയ വിഷയങ്ങളിലേക്കും വ്യാപിക്കും. ഓരോ വരവിലും ഇലയമ്മാവന്റെ കേൾവിശക്തി കുറഞ്ഞുവരികയായിരുന്നു. അതുകൊണ്ടുതന്നെ വീട്ടുകാരണവരായ അപ്പച്ചനും ഇലയമ്മാവനും തമ്മിലുള്ള സംഭാഷണം ഞങ്ങൾക്ക് ചിരിയുടെ ഉത്സവമായിരുന്നു.

“അപ്പോ ജാതിക്കായ്ക്ക് എന്താ വില?” എന്ന അപ്പച്ചന്റെ ചോദ്യത്തിന് ഒട്ടുപാൽ നാലു കിലോ എന്നോ വാഴകൾക്ക് പലതിനും കേട് ഉണ്ടെന്നോ ഒക്കെയായിരിക്കും ഇലയമ്മാവന്റെ മറുപടി. അപ്പച്ചൻ ചോദ്യം പല ആവർത്തി ചോദിച്ചാലും ഉത്തരം മറ്റേതെങ്കിലും വിഷയത്തെ സംബന്ധിച്ച് ആയിരിക്കും. ക്ഷമ നശിച്ചു തുടങ്ങുന്ന അപ്പച്ചൻ പരമാവധി ശബ്ദത്തിൽ ചോദ്യം ആവർത്തിക്കുമ്പോൾ പല്ലുകൾ പലതും അപ്രത്യക്ഷമായ മോണകാട്ടി, നിറഞ്ഞു ചിരിച്ചുകൊണ്ട് ഇലയമ്മാവൻ പറയും.

“ഓ, സാറ് ജാതിക്കായുടെ വിലയാണോ ചോദിച്ചത്?”

ഉടൻതന്നെ കൃത്യമായ മറുപടിയും വരും.

ഒട്ടുപാലിനും ജാതിക്കായ്ക്കും കുരുമുളകിനും കാപ്പിക്കുരുവിനുമൊക്കെ കമ്പോള വിലയേക്കാൾ താഴ്ന്ന വിലയാണ് ഇലയമ്മാവൻ പറഞ്ഞിരുന്നതെങ്കിലും അത് അറിഞ്ഞുകൊണ്ടുതന്നെ അപ്പച്ചൻ അവസാനം ഇലയമ്മാവനുമായി കച്ചവടം ഉറപ്പിക്കും.

പിന്നെയാണ് സംഭവബഹുലമായ ചടങ്ങ്. കണ്ണിനു നന്നേ മൂടൽ ഉള്ള അപ്പച്ചനും കേൾവിക്കുറവുള്ള ഇലയമ്മാവനും കൂടി സാധനങ്ങൾ ഓരോന്നായി തൂക്കിനോക്കുന്ന ചടങ്ങ്. വർക്ക് ഏരിയായിൽ സൂക്ഷിച്ചിരുന്ന പഴയ ത്രാസും തൂക്കുകട്ടികളും എടുത്തുകൊണ്ടുവന്ന് ഉത്തരത്തിലെ കൊളുത്തിൽ തൂക്കുന്നത് മുതൽ ആരംഭിക്കുന്ന ആ വലിയ പ്രക്രിയ ഞങ്ങൾ കൗതുകത്തോടെയാണ് വീക്ഷിച്ചിരുന്നത്. അപ്പച്ചനും ഇലയമ്മാവനുമിടയിലെ പരിഭാഷികളായും, മധ്യസ്ഥരായും പിന്നെയുള്ള സമയം നിൽക്കുന്നത് ഞങ്ങൾ കുട്ടികളാണ്. ത്രാസിന്റെ സൂചി വ്യക്തമായി കാണാൻ കഴിയാതിരുന്ന അപ്പച്ചനും അപ്പച്ചൻ പറയുന്നതൊന്നും വ്യക്തമായി കേൾക്കാൻ കഴിയാതിരുന്ന ഇലയമ്മാവനും ഏറെ പണിപ്പെട്ടാണ് ഈ പ്രക്രിയ പൂർത്തിയാക്കുന്നത്. കാൽക്കുലേറ്ററിനെ തോൽപ്പിക്കുന്ന കൃത്യതയോടെയും വേഗതയോടെയും കണക്കുകൂട്ടിയിരുന്ന അപ്പച്ചൻ ഉടൻതന്നെ കച്ചവടം ഉറപ്പിച്ച സാധനങ്ങളുടെ എല്ലാം വില കൂട്ടി പറയും. കാവിമുണ്ടിനടിയിലെ, കളംകളം നിക്കറിന്റെ പോക്കറ്റിൽനിന്ന് ഇലയമ്മാവൻ നോട്ടുകളും നാണയത്തുട്ടുകളും എടുത്ത് കണക്കൊപ്പിക്കും. പിന്നെ അപ്പച്ചനോടും ഞങ്ങൾ കുട്ടികളോടും ഒക്കെ യാത്രപറഞ്ഞ്, നിറഞ്ഞ ചിരിയോടെ, ഇലക്കെട്ട് തലയിൽവെച്ചും വലിയ സഞ്ചി തോളിൽ തൂക്കിയും, വളഞ്ഞ കാലുകൾ സൃഷ്ടിക്കുന്ന ഒരു പ്രത്യേക താളത്തോടെ ഇലയമ്മാവൻ നടന്നുനീങ്ങും. കേൾവിശക്തി തീർത്തും കുറഞ്ഞതുകൊണ്ടും ആരോഗ്യസ്ഥിതി മോശമായതുകൊണ്ടും ഇലയമ്മാവന്റെ വരവിന്റെ ഇടവേളകൂടി. പിന്നീടെപ്പോഴോ വന്നപ്പോൾ ഇനിയുള്ള വരവ് സംശയമാണെന്ന് പറഞ്ഞാണ് മടങ്ങിയത്.

വാഴയിലകളും ജാതിപത്രിയും കുരുമുളകും കാപ്പിക്കുരുവും, വർക്ക് ഏരിയയിലെ ത്രാസും തൂക്കുകട്ടികളും, അപ്പച്ചനും ഞങ്ങൾ കുട്ടികളും ഇലയമ്മാവന്റെ അടുത്ത വരവിനെ പ്രതീക്ഷിച്ചെങ്കിലും, തേജസ്സുള്ള ആ കുറിയ മനുഷ്യൻ, പിന്നീട് ഒരിക്കലും വന്നില്ല.

പാഴ്സൽ ആഹാരവും പ്ലാസ്റ്റിക് കവറുകളും കടലാസും ഡിസ്പോസിബിൾ ഗ്ലാസും പ്ലേറ്റും കാണുമ്പോൾ ആവശ്യമില്ലെങ്കിൽ കൂടി ഇലയമ്മാവനെ ഓർക്കും. ഇലയമ്മാവൻ പ്രതിനിധാനം ചെയ്ത ഒരു സംസ്കാരത്തെയും! നന്മ നിറഞ്ഞ, പ്രകൃതിയുടെ സംസ്കാരം!

---

**(ആൻസി സിറിയക് ഇലക്കാട്ട് (കോട്ടയം ബിസിഎം കോളജ് ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക) രചിച്ച്, മഷിക്കൂട്ട് പബ്ലീഷേഴ്സ് പ്രസിദ്ധീകരിച്ച, നാട്ടുവഴിയിലെ വിളക്കുമരങ്ങൾ എന്ന പുസ്തകത്തിൽ നിന്ന്)**

# ബെൻസൻവിൽ ക്നാനായ ദേവാലയത്തിലെ പ്രധാന തിരുനാൾ ജൂൺ 4 മുതൽ 7 വരെ

**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോനാ ദൈവാലയത്തിലെ പ്രധാന തിരുനാൾ ജൂൺ 4 മുതൽ 7 വരെ ഭക്തിനിർഭരമായും ആഘോഷപൂർവ്വമായും നടത്തപ്പെടും. തിരുനാളിനോടനുബന്ധിച്ച് മെയ് 28 മുതൽ ജൂൺ 6 വരെ എല്ലാ ദിവസവും വിശുദ്ധ കുർബാനയോടൊപ്പം ഈശോയുടെ തിരുഹൃദയ നൊവേന ഉണ്ടായിരിക്കുന്നതാണ്.

ജൂൺ 4-ന് വ്യാഴാഴ്ച വൈകുന്നേരം 5.30-ന് സെമിത്തേരിയിൽ മരിച്ചുപോയ വിശ്വാസികൾക്കായി ഒപ്പീസും തുടർന്ന് രാത്രി 7 മണിക്ക് വിശുദ്ധ കുർബാനയും നടത്തപ്പെടും. ജൂൺ 5-ന് വെള്ളിയാഴ്ച വൈകുന്നേരം 6 മണിക്ക് തിരുനാൾ പതാക ഉയർത്തൽ ശുശ്രൂഷ നടക്കും. തുടർന്ന് ഫാ. മെൽവിൻ പോൾ മംഗലത്ത് മുഖ്യകാർമ്മികത്വം വഹിക്കുന്ന ഇംഗ്ലീഷിലുള്ള വിശുദ്ധ കുർബാന ഉണ്ടായിരിക്കും. മതബോധന ദിനാചരണം, കലാപരിപാടികൾ, മിഷൻലീഗ് കുട്ടികളുടെ ഫുഡ് സെയിൽ എന്നിവയും അരങ്ങേറും.

ജൂൺ 6-ന് ശനിയാഴ്ച വൈകുന്നേരം 5 മണിക്ക് മോർട്ടൻഗ്രോവ് സെന്റ് മേരീസ് ഇടവക വികാരി ഫാ. സിജു മുടക്കോടിൽ മുഖ്യകാർമ്മികനായി വിശുദ്ധ കുർബാന നടക്കും. തുടർന്ന് ദർശനസമൂഹത്തിന്റെ നേതൃത്വത്തിൽ കപ്ലോൻ വാഴ്ച, ഇടവക കലാകാരന്മാരുടെ കലാവിരുന്ന്, സെ. വിൻസെന്റ് ഡി പോൾ സൊസൈറ്റി അംഗങ്ങളുടെ ആഭിമുഖ്യത്തിലുള്ള ഫുഡ് സെയിൽ എന്നിവ ഉണ്ടായിരിക്കുന്നതാണ്.


ജൂൺ 7-ന് ഞായറാഴ്ച രാവിലെ 10 മണിക്ക് ആഘോഷമായ തിരുനാൾ റാസ അർപ്പിക്കപ്പെടും. തിരുഹൃദയ ഇടവക മുൻ വികാരിയും മിയാമി സെന്റ് ജൂഡ് ഇടവക വികാരിയുമായ ഫാ. സജി പിണർക്കയിൽ മുഖ്യകാർമ്മികനായിരിക്കും. സഹകാർമ്മികരായി ഫാ. ജോനൂസ് ചെറുനിലത്ത്, ഫാ. ഏബ്രഹാം കടുതോടിൽ, ഫാ. തോമസ് മുളവനാൽ എന്നിവർ സംബന്ധിക്കും. സെന്റ് തോമസ് രൂപതാ വികാരി ജനറാൾ ഫാ. തോമസ് കടുകപ്പള്ളി വചനസന്ദേശം നല്കും. തുടർന്ന് പ്രദക്ഷിണം,പരിശുദ്ധ കുർബാനയുടെ ആശീർവാദം, ലേലം എന്നിവ നടക്കും.

തിരുനാളിന്റെ എല്ലാ ഒരുക്കങ്ങൾക്കും ട്രസ്റ്റിമാരായ തോമസ് കുന്നുമ്പുറത്ത്, മത്തിയാസ് പുല്ലാപ്പള്ളിൽ, ഏബ്രഹാം അരീച്ചിറയിൽ, ജെയ്മോൻ പടിഞ്ഞാറേൽ, എബിൻ കുളത്തിൽകരോട്ട് എന്നിവർ നേതൃത്വം നല്കുന്നു.

ഈ വർഷത്തെ തിരുനാൾ സീനിയർ മിനിസ്ട്രിയുടെ നേതൃത്വത്തിലാണ് നടത്തപ്പെടുന്നത്. എല്ലാ വിശ്വാസികളെയും തിരുനാൾ ആഘോഷങ്ങളിലേക്ക് സ്വാഗതം ചെയ്യുന്നതായി വികാരി ഫാ. ഏബ്രഹാം കളരിക്കൽ അറിയിച്ചു.




# ഫാ. സേവ്യർ ഖാൻ വട്ടായിൽ നയിക്കുന്ന സായാഹ്ന കൺവൻഷൻ സെന്റ് ജൂഡിൽ



**ജോജോ**

വാഷിങ്ടൺ ഡിസി: പ്രശസ്ത വചനപ്രഘോഷകനും സൗഖ്യശുശ്രൂഷകനുമായ ഫാ. സേവ്യർ ഖാൻ വട്ടായിൽ നയിക്കുന്ന അഭിഷേകാഗ്നി സായാഹ്ന കൺവൻഷൻ ജൂൺ 18-ന് വ്യാഴാഴ്ച നോർത്തേൺ വെർജീനിയ സെന്റ് ജൂഡ് സീറോമലബാർ ചർച്ചിൽ നടക്കുന്നു.

വൈകുന്നേരം 5 മണി മുതൽ 9 മണി വരെയാണ് കൺവൻഷൻ നടക്കുന്നത്. മുൻകൂട്ടി രജിസ്ട്രേഷൻ ആവശ്യമില്ല.

14 വർഷങ്ങൾക്കു ശേഷമാണ് ഫാ. സേവ്യർ ഖാൻ വട്ടായിലച്ചന്റെ ഒരു പൊതുവായ ധ്യാനശുശ്രൂഷ വാഷിങ്ടൺ ഡിസി ഏരിയയിൽ നടക്കുന്നത്.

ഈ ധ്യാനത്തിൽ പങ്കുചേർന്ന് ദൈവാനുഗ്രഹം പ്രാപിക്കുവാൻ എല്ലാവരെയും ക്ഷണിക്കുന്നതായി സെന്റ് ജൂഡ് ഇടവക വികാരി ഫാ. ലിഗോരി കട്ടിക്കാരൻ പറഞ്ഞു.

കൂടുതൽ വിവരങ്ങൾക്ക്: ബോബൻ പുഞ്ചയിൽ 301 448 2092, റാണി ജോസഫ് 301 706 5374, ബെന്നി ജോസഫ് 848 565 4930 എന്നിവരെ ബന്ധപ്പെടാം.

# കോട്ടയം അതിരൂപതാംഗത്വ വിധി: ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് നോർത്തേൺ കാലിഫോർണിയ (KCCNC) പ്രതിഷേധക്കത്ത് കൈമാറി

ജോബിൻ കുന്നശ്ശേരിൽ

സാൻ ഹൊസെ (കാലിഫോർണിയ): കോട്ടയം അതിരൂപതയിലെ അംഗത്വവുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതി പുറപ്പെടുവിച്ച സമീപകാല വിധിയിൽ ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് നോർത്തേൺ കാലിഫോർണിയ (KCCNC) തങ്ങളുടെ ശക്തമായ പ്രതിഷേധവും അഗാധമായ നിരാശയും രേഖപ്പെടുത്തതിക്കൊണ്ട് അതിരൂപതാ നേതൃത്വത്തിന് ഔദ്യോഗിക കത്ത് കൈമാറി.



മെയ് 17-ന് ഞായറാഴ്ച സാൻ ഹൊസെ സെന്റ് മേരീസ് ക്നാനായ ഫൊറോനാ പള്ളിയിൽ നടന്ന വിശുദ്ധ കുർബാനയ്ക്കുശേഷം പാരിഷ് ഹാളിൽ വെച്ച് ഇടവക വികാരിയും സംഘടനയുടെ ആത്മീയ ഡയറക്ടറുമായ റവ.ഫാ. ജെമി പുതുശ്ശേരിയിലിന് കെസിസിഎൻസി ഭാരവാഹികളും ലെജിസ്ലേറ്റീവ് മെംബർമാരും ചേർന്ന് കത്ത് നേരിട്ട് കൈമാറി. കൂടാതെ കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട്, ചിക്കാഗോ രൂപത ക്നാനായ റീജിയൺ വികാരി ജനറൽ മോൺ. തോമസ് മുളവനാൽ എന്നിവർ ഉൾപ്പെടെയുള്ള മറ്റ് സഭാ നേതൃത്വങ്ങൾക്ക് കത്തിന്റെ പകർപ്പുകൾ ഔദ്യോഗികമായി ഇ-മെയിൽ വഴി അയയ്ക്കുകയും ചെയ്തു.

തലമുറകളായി ക്നാനായ സമുദായം കാത്തുസൂക്ഷിക്കുന്ന സ്വവംശവിവാഹ (Endogamy) നിഷ്ഠയ്ക്കും സമുദായത്തിന്റെ തനിമയ്ക്കും വലിയ ആഘാതമേല്പിക്കുന്നതാണ് ഈ കോടതി വിധിയെന്ന് സംഘടന കത്തിലൂടെ ചൂണ്ടിക്കാട്ടുന്നു. തെക്കുംഭാഗക്കാർ എന്നറിയപ്പെടുന്ന ക്നാനായ സമൂഹത്തിന്റെ സ്വത്വത്തെ തന്നെ ചോദ്യം ചെയ്യുന്നതാണ് ഈ വിധിയെന്നും സംഘടന അഭിപ്രായപ്പെട്ടു.

ക്നാനായ മാതാപിതാക്കൾക്ക് ജനിക്കുകയും ക്നാനായ സമുദായത്തിൽപ്പെട്ട വ്യക്തിയെത്തന്നെ വിവാഹം കഴിക്കുകയും ചെയ്യുന്നവർ മാത്രമാണ് കോട്ടയം അതിരൂപതയിൽ ഉൾപ്പെടുന്നത് എന്ന 'ജന്മം, കർമ്മം' എന്നീ പാരമ്പര്യങ്ങളിൽ അധിഷ്ഠിതമായ അടിസ്ഥാന തത്വം KCCNC വീണ്ടും അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചു.

കോടതി നടപടികളുടെ വിവിധ ഘട്ടങ്ങളിൽ കോട്ടയം അതിരൂപതാ നേതൃത്വം പുലർത്തിയ സമീപനങ്ങളിൽ KCCNC കടുത്ത അതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ട്. സമുദായത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ സംരക്ഷിക്കാൻ ആവശ്യമായ വ്യക്തതയോടും സ്ഥിരതയോടും ദൃഢതയോടും കൂടിയല്ല അതിരൂപതാ നേതൃത്വം ഈ കേസിനെ സമീപിച്ചതെന്ന് കത്തിൽ വിമർശനമുണ്ട്. ഈ വിഷയത്തിൽ തുടരുന്ന നിശബ്ദതയോ നിഷ്ക്രിയത്വമോ ക്നാനായ സ്വത്വത്തിന്റെ ക്രമാനുഗതമായ തകർച്ചയ്ക്കു കാരണമാകുമെന്നും സംഘടന മുന്നറിയിപ്പ് നല്കുന്നു.

സമുദായത്തിന്റെ പാരമ്പര്യവും അഖണ്ഡതയും സംരക്ഷിക്കാൻ KCCNC പ്രതിജ്ഞാബദ്ധമാണ്. അതിനാൽ തെക്കുംഭാഗക്കാർ എന്നതിന്റെ യാഥാർത്ഥ്യവും ആധികാരികവുമായ നിർവചനം ഉയർത്തിപ്പിടിച്ചുകൊണ്ട് കാലതാമസം കൂടാതെ സുപ്രീംകോടതി ഉൾപ്പെടെയുള്ള ഉയർന്ന ന്യായാധിപീഠത്തെ (Higher Judicial Authority) സമീപിച്ച് അപ്പീൽ നല്കാൻ കോട്ടയം അതിരൂപതാ നേതൃത്വത്തോടും സംഘടന ഔദ്യോഗികമായി ആവശ്യപ്പെട്ടു.

പ്രസിഡണ്ട് സിജോ പറപ്പള്ളിൽ, സെക്രട്ടറി ജോബിൻ കുന്നശ്ശേരിൽ എന്നിവരുടെ നേതൃത്വത്തിലുള്ള ലെജിസ്ലേറ്റീവ് ബോർഡിന്റെ പേരിലാണ് കത്ത് പുറപ്പെടുവിച്ചിരിക്കുന്നത്.

# പാലിയം ഇന്ത്യക്ക് കൈത്താങ്ങായി എംപാഷ്യാ ഗ്ലോബൽ

തിരുവനന്തപുരം: എംപാഷ്യാ ഗ്ലോബൽ എന്ന സാമൂഹിക സംഘടനയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ കേരളത്തിലെ സാന്ത്വനപരിചരണ മേഖലയിലേക്ക് എത്തിക്കുവാൻ മാനേജിങ് കമ്മിറ്റി തീരുമാനമെടുത്തു. തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന 'പാലിയം ഇന്ത്യ'ക്ക് സാമ്പത്തിക പിന്തുണ നല്കിക്കൊണ്ടാണ് ഈ സംരംഭത്തിന് തുടക്കമിട്ടത്.



മലയാളി കുടുംബങ്ങളിലെ ഡൊമസ്റ്റിക് വയലൻസ്, മാനസിക രോഗങ്ങൾ മൂലം ഉണ്ടാകുന്ന സംഘർഷം ഇവയെ എല്ലാം കുറിച്ച് ബോധവത്കരണം നടത്താൻ രൂപമെടുത്ത സംഘടനയാണ് എംപാഷ്യാ ഗ്ലോബൽ.

ബെന്നി വാച്ചാച്ചിറ, വിനോദ് കൊണ്ടൂർ, ജോൺ പാട്ടപ്പതി, ബബ്ലൂ ചാക്കോ, ബിജു ജോസഫ്, ബിജി സി. മാണി, ജിതേഷ് ചുങ്കത്ത്, ഡോ. സാറാ ഈശോ, ജോൺ ടൈറ്റസ്, ഡോ. ഗോപിനാഥ് മുതുകാട്, നിർമ്മല ജോസഫ് എന്നിവർ നേതൃത്വം നല്കുന്ന ഈ സംഘടന അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിലുള്ള മലയാളി സൈക്കോളജിസ്റ്റ്സ്, സൈക്കിയാട്രിസ്റ്റ്സ്, സോഷ്യൽ വർക്കേഴ്സ് എന്നിവരെ കൂട്ടിയിണക്കി ഒരു നെറ്റ് വർക്ക് ഉണ്ടാക്കിയിട്ടുണ്ട്. കൂടാതെ വിജ്ഞാനപ്രദമായ നിരവധി വെബിനാറുകളും സംഘടിപ്പിച്ചു.

പാലിയേറ്റീവ് കെയർ മേഖലയിൽ ലോകപ്രശസ്തനായ പത്മശ്രീ ഡോ. രാജഗോപാൽ സ്ഥാപിച്ച നോൺ പ്രോഫിറ്റ് സ്ഥാപനമാണ് പാലിയം ഇന്ത്യ. ആയിരക്കണക്കിന് രോഗികൾക്ക് സാന്ത്വനപരിശീലനം നല്കുന്ന പാലിയം ഇന്ത്യ, പാലിയേറ്റീവ് കെയറിൽ ഡോക്ടർമാർ, നേഴ്സുമാർ തുടങ്ങിയ ആരോഗ്യ പ്രവർത്തകർക്ക് പരിശീലനവും നല്കുന്നുണ്ട്. (പാലിയം ഇന്ത്യയുടെ പ്രവർത്തനങ്ങൾ വിശദമായി അറിയുവാൻ www.palliumindia.org സന്ദർശിക്കുക.)

എംപാഷ്യാ ഗ്ലോബലിനെ പ്രതിനിധീകരിച്ച് ഡോ. സാറാ ഈശോ, പാലിയം ഇന്ത്യയുടെ സ്ഥാപകനായ ഡോ. രാജഗോപാലിന് ചെക്ക് (രണ്ട് ലക്ഷം രൂപ) കൈമാറി. കേരളത്തിലെ സാന്ത്വന പരിചരണ മേഖലയിൽ അമേരിക്കൻ മലയാളികൾ നല്കുന്ന സഹായസഹകരണങ്ങൾക്ക് പാലിയം ഇന്ത്യയുടെ ഭാരവാഹികൾ നന്ദി അറിയിച്ചു.






# ഐകെസിസി ഓഫ് ഗ്രേറ്റർ ന്യൂയോർക്ക് സുവർണ ജൂബിലി ആഘോഷിച്ചു

**സ്റ്റീഫൻ കിടാരത്തിൽ**

ന്യൂയോർക്ക്: അമേരിക്കയിലെ ആദ്യത്തെ ക്നാനായ കത്തോലിക്കാ സംഘടനയായ ഇന്ത്യൻ ക്നാനായ കാത്തലിക് അസോസിയേഷൻ ഓഫ് ഗ്രേറ്റർ ന്യൂയോർക്കിന്റെ (IKCC) അമ്പതാം വാർഷികമായ സുവർണ ജൂബിലി ഏപ്രിൽ 18-ാം തീയതി ശനിയാഴ്ച റോക്ക്ലാൻഡ് ക്നാനായ കമ്യൂണിറ്റി സെന്ററിൽ ആഘോഷിച്ചു. അമേരിക്കയിലെ വിവിധ സ്റ്റേറ്റുകളിൽ നിന്നുള്ള KCCNA മുൻ പ്രസിഡണ്ടുമാർ, IKCC മുൻ പ്രസിഡണ്ടുമാർ, മുൻ ഭാരവാഹികൾ, നിലവിലെ KCCNA ഭാരവാഹികൾ, മുഖ്യാതിഥികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

പൊതുസമ്മേളനങ്ങൾ, ചർച്ചകൾ, കലാപരിപാടികൾ, മുൻ ഭാരവാഹികൾക്ക് ആദരവുകൾ എന്നിവയോടെ ചടങ്ങുകൾ ഭംഗിയായി സംഘടിപ്പിക്കപ്പെട്ടു. കഴിഞ്ഞ 50 വർഷങ്ങളിലായി സേവനം ചെയ്ത എല്ലാ IKCC പ്രസിഡണ്ടുമാരെയും എക്സിക്യൂട്ടീവ് അംഗങ്ങളെയും KCCNA പ്രസിഡണ്ടുമാരെയും ചടങ്ങിൽ ആദരിച്ചു. പരിപാടികൾക്ക് IKCC പ്രസിഡണ്ട് സ്റ്റീഫൻ കിടാരത്തിൽ നേതൃത്വം നല്കി.

മെഗാ ഷോ, മെഗാ മാർഗ്ഗംകളി, മെഗാ ചെണ്ടമേളം, വിമൻസ് ഫോറം, ഗോൾഡൻ ക്ലബ്, KCYL, കിഡ്സ്ക്ലബ് എന്നിവയുടെ നേതൃത്വത്തിൽ ഒരുക്കിയ വർണാഭമായ കലാപരിപാടികൾ ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി. മേയർ റോബിൻ ഇലക്കാട്ട്, അഭിവന്ദ്യ തിരുമേനി അയൂബ് മോർ സിൽവാനോസ്, ടൗൺ സൂപ്പർവൈസർ ഹവാർഡ് ഫിലിപ്സ്, UN കൗൺസിലർ എൽദോസ് പുന്നൂസ് എന്നിവർ മുഖ്യാതിഥികളായി പങ്കെടുത്തു.

മെസപ്പൊട്ടോമിയയിലെ ക്നായി പട്ടണത്തിൽ നിന്ന് ക്നായി തോമയുടെ നേതൃത്വത്തിൽ കേരളത്തിലെ കൊടുങ്ങല്ലൂരിലേക്ക് നടത്തിയ പ്രേഷിത കുടിയേറ്റത്തിന്റെ പാരമ്പര്യം പിന്തുടരുന്ന ആഗോള ക്നാനായ സമൂഹത്തിന്റെ അഭിമാന ചിഹ്നമായ KCCNA രൂപംകൊണ്ട ന്യൂയോർക്കിൽ, നോർത്ത് അമേരിക്കയിലെ ആദ്യത്തെ ക്നാനായ സംഘടനയായ IKCC-യുടെ സുവർണ്ണജൂബിലി ആഘോഷിക്കുന്നത് വലിയ അഭിമാന നിമിഷമാണെന്ന് IKCC പ്രസിഡണ്ട് സ്റ്റീഫൻ കിടാരത്തിൽ പ്രസ്താവിച്ചു. ഈ സുവർണ ജൂബിലി ആഘോഷം വൻ വിജയമാക്കാൻ സഹകരിച്ച എല്ലാവർക്കും IKCC എക്സിക്യൂട്ടീവ്സ് നന്ദി രേഖപ്പെടുത്തി.


സ്റ്റീഫൻ കിടാരത്തിൽ (ഐകെസിസി പ്രസിഡണ്ട്)


ജെയിംസ് ഇല്ലിക്കൽ (കെസിസിഎൻഎ പ്രസിഡണ്ട്)


ആയൂബ് മോർ സിൽവാനോസ്


മേയർ റോബിൻ ഇലക്കാട്ട്


ഹവാർഡ് ഫിലിപ്സ്


എൽദോസ് പുന്നൂസ്


സാൽബി മാക്കീൽ


രെൻജി മണലേൽ


മിനിമോൾ തയ്യിൽ


സാബു തടിപ്പുഴ


സിജു ചെരുവൻകാലായിൽ


സൂസൻ തെങ്ങുംതറയിൽ


ജോസ് ആനമല


ഡോൺ വയലിൽ, ടോം മങ്ങാട്ടുതുണ്ടത്തിൽ














WELCOME TO
IKCC GOLDEN JUBILEE
Celebrations
SATURDAY, APRIL 18, 2026














MINI THAYIL VICE-PRESIDENT
SALBY MAKIL SECRETARY
SABU THADIPUZHA JOINT-SECRETARY
RENJI MANALEL TREASURER
REGIONAL AREA COORDINATORS











# കെസിസിഎൻഎ മുൻ പ്രസിഡണ്ടുമാർക്ക് ആദരവ്


ജോസ് കണിയാലി


ബേബി ഊരാളിൽ


ജോയി വാച്ചാച്ചിറ


ഡോ. ഷീൻസ് ആകശാല


ബേബി മണക്കുന്നേൽ


അനി മഠത്തിത്താഴെ


സിറിയക് കൂവക്കാട്ടിൽ



ബേബി ഊരാളിൽ


ജോയി വാച്ചാച്ചിറ


അനി മഠത്തിത്താഴെ

## അവാർഡ് സ്വീകരിക്കുന്നവർ


എൽസി ജോൺ ആകശാല


ജോസ് കണിയാലി


ഡോ. ഷീൻസ് ആകശാല


ബേബി മണക്കുന്നേൽ



സിറിയക് കുവക്കാട്ടിൽ


ജെയിംസ് ഇല്ലിക്കൽ



കേരളാ എക്സ്പ്രസ് KERALA EXPRESS വാരാന്ത്യം

# സരോജാ വർഗീസിന്റെ പുതിയ പുസ്തകം 'കുട്ടികളുടെ ചെറുകഥകൾ' പ്രകാശനം ചെയ്തു

**കോട്ടയം:** അമേരിക്കൻ മലയാളി എഴുത്തുകാരിയും, സാമൂഹ്യ സാംസ്കാരിക മേഖലയിൽ സജീവ സാന്നിദ്ധ്യവുമായ ശ്രീമതി സരോജാ വർഗീസിന്റെ പുതിയ പുസ്തകം 'ചിൽഡ്രൻസ് ഷോർട്ട് സ്റ്റോറീസ്' പ്രകാശനം ചെയ്തു. കോട്ടയം നൂറ്റൊന്ന് കവല ടി എൽ സി ഹാപ്പി ഹോംസിൽ നടന്ന ചടങ്ങിൽ അമേരിക്കൻ മലയാളികൾക്ക് സുപരിചിതയും, ജനനി മാസികയുടെ പത്രാധിപ സമിതി അംഗവും, അറിയപ്പെടുന്ന ഓങ്കോളജിസ്റ്റുമായ ഡോ. സാറാ ഈശോ എഴുത്തുകാരനും സാമൂഹ്യ പ്രവർത്തകനുമായ ഡോ. സിബി തരകന് നൽകിയാണ് പുസ്തക പ്രകാശനം നിർവ്വഹിച്ചത്.




സരോജാ വർഗീസ് എഴുത്തുകാരിയായി അറിയപ്പെടുന്ന കാലം മുതൽ അവരുടെ കഥകളും കവിതകളും ലേഖനങ്ങളും വായിച്ചു തുടങ്ങിയ ബന്ധം ഇപ്പോഴും തുടരുന്നതിന്റെ കാരണം എഴുത്തിന്റെ മഹിമയാണെന്ന് ഡോ. സാറാ ഈശോ പറഞ്ഞു. ഇപ്പോൾ ചെങ്ങന്നൂർ കല്ലിശേരി കെ.എം. ചെറിയാൻ ഹോസ്പിറ്റലിൽ ഓങ്കോളജി വിഭാഗം മെഡിക്കൽ ഡയറക്ടർ ആയി സേവനമനുഷ്ഠിക്കുന്ന ഡോ. സാറാ ഈശോയും കുറച്ചു വർഷങ്ങളായി കേരളത്തിൽ താമസിക്കുന്നു. സരോജ വർഗീസും റിട്ടയർമെന്റ് ജീവിതം കേരളത്തിലാക്കിയത് എഴുത്തിന് ശക്തി പകരട്ടെയെന്ന് ഡോ. സാറാ ഈശോ അഭിപ്രായപ്പെട്ടു.

'സെലിബ്രേറ്റിംഗ് ദി ലൈഫ് ഓഫ് സരോജ വർഗീസ്' എന്ന പേരിൽ സംഘടിപ്പിക്കപ്പെട്ട പരിപാടിയിൽ സരോജാ വർഗീസിന്റെ മുഖചിത്രത്തോടെ പ്രസിദ്ധീകരിച്ച മുഖം ഗ്ലോബൽ മാഗസിന്റെ മെയ് ലക്കം ട്രാവൻകൂർ ഫൗണ്ടേഷൻ സി. ഇ.ഒ. ജിജി ഫിലിപ്പ് പ്രകാശനം ചെയ്തു.

ചടങ്ങ് ഉദ്ഘാടനവും കൂടി നിർവ്വഹിച്ച അദ്ദേഹം റിട്ടയർമെന്റ് ജീവിതത്തിലും അക്ഷരങ്ങൾക്കൊപ്പം യാത്ര ചെയ്യുകയും തന്റെ കൊച്ചുമക്കൾക്കായി പറഞ്ഞ കഥകൾ ഒരു പുസ്തകമായി പ്രസിദ്ധീകരിച്ചത് പുതിയ തലമുറയ്ക്കും പ്രയോജനപ്പെടട്ടെ എന്നും, നമ്മുടെ ബാല്യകാലങ്ങളിലേക്ക് യാത്ര ചെയ്യാൻ പ്രേരിപ്പിക്കുന്ന കഥകളാണ് ഈ പുസ്തകത്തിലുള്ളതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മുഖ്യാതിഥിയായി പങ്കെടുത്ത ഡോ. സിബി തരകൻ അമേരിക്കൻ മലയാളികൾക്ക് സുപരിചിതനായിരുന്ന ജോയൻ കുമരകം തനിക്ക് വർഷങ്ങൾക്ക് മുൻപ് പരിചയപ്പെടുത്തിയ വ്യക്തിയാണ് സരോജാ വർഗീസ് എന്നും ആ ബന്ധം ഇന്നും മനോഹരമായി സൂക്ഷിക്കുന്നു എന്നും പറഞ്ഞു. സരോജാ വർഗീസിന്റെ 'തീരം കാണാത്ത തിര' എന്ന കഥാസമാഹാരത്തിന് പഠനം തയ്യാറാക്കിയ കാലം ഓർമ്മിച്ച് 'സാഹിത്യം ആത്മാവിന്റെ പ്രകാശന'മാണ് എന്ന യാഥാർത്ഥ്യത്തെ സാധൂകരിക്കുന്നവയാണ് സരോജാ വർഗീസിന്റെ കഥകളെന്നും ജീവിതാനുഭവങ്ങളെ ഭാവനയിലൂടെ രൂപാന്തരപ്പെടുത്തിയതിലൂടെ അതിന് ഒരു സവിശേഷ ഭംഗിയുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സരോജാ വർഗീസിന്റെ പുസ്തകങ്ങളിലൂടെ ഒരു യാത്ര എന്ന വിഷയത്തിൽ അനിൽ പെണ്ണുക്കര സംസാരിച്ചു.

വളരെ വേണ്ടപ്പെട്ടവരോട് സംസാരിക്കുന്നത്ര ലളിതമായി എഴുതുന്ന സരോജാ വർഗീസ് തന്റെ ഭർത്താവിന്റെ ഓർമ്മകൾ പങ്കുവെയ്ക്കുന്ന പ്രിയപ്പെട്ട ജോ എന്ന പുസ്തകം ആ ഗണത്തിൽ ഒരു സവിശേഷ പുസ്തകമാണെന്നും കുടുംബത്തിന്റെ പിന്തുണ സരോജാ വർഗീസ് എന്ന എഴുത്തുകാരിയെ വളർത്തുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

സരോജാ വർഗീസ് മറുപടി പ്രസംഗത്തിൽ അമേരിക്കയിൽ നിന്നും റിട്ടയർമെന്റ് ജീവിതം കേരളത്തിലേക്ക് പറിച്ചു നട്ടതുകൊണ്ട് വർഷങ്ങൾക്ക് ശേഷം കേരളത്തിന്റെ മണ്ണിൽ താമസമാക്കാൻ സാധിച്ചതിലും, അമേരിക്കയിലെ തന്റെ എഴുത്തുകൾക്ക് കേരളത്തിൽ ഒരു വലിയ ആദരവ് ലഭിച്ച സന്തോഷമാണ് തനിക്കുള്ളതെന്നും അവർ പറഞ്ഞു. അമേരിക്കയിൽ എത്തിയ ശേഷം ജോലിക്കൊപ്പം എഴുത്തും സാംസ്കാരിക പ്രവർത്തനവും ഒപ്പം കൊണ്ടുപോകാൻ സാധിച്ചത് പ്രിയപ്പെട്ട ഭർത്താവ് ജോയുടേയും, കുടുംബത്തിന്റേയും പിന്തുണ കൊണ്ടാണ്. നാട്ടിലെത്തി ടി എൽ സി ഹാപ്പി ഹോംസ് പോലെയുള്ള ഒരു സ്ഥലത്ത് ലഭിക്കുന്ന പിന്തുണയും കരുതലും എഴുത്തിൽ കൂടുതൽ സജീവമാകാനും സാധിക്കുന്നതിൽ സന്തോഷം ഉണ്ടെന്ന് സരോജ വർഗീസ് പറഞ്ഞു. റവ.ഫാ. പി.റ്റി. തോമസ് പ്രാർത്ഥന നടത്തി.

വിശിഷ്ടാതിഥികൾ നിലവിളക്കു കൊളുത്തിയ ചടങ്ങിൽ ടി എൽ സി ഹാപ്പി ഹോംസ് പ്രതിനിധി ഫിലിപ് ജോൺ സ്വാഗതം പറഞ്ഞു. എം. ശശിധരൻ, പി. ഉണ്ണികൃഷ്ണൻ എന്നിവരുടെ ഗാനങ്ങളും, ആർഷ, ദുർഗ എന്നിവരുടെ നൃത്തവും ചടങ്ങിന് മാറ്റുകൂട്ടി. ഡോ. ബാസ്റ്റിൻ ആയിരുന്നു എം.സി. ടി എൽ സി ഹാപ്പി ഹോംസ് പ്രതിനിധി അശ്വതി സൂസൻ ബാബു നന്ദിയും പറഞ്ഞതോടെ ചടങ്ങുകൾക്ക് വിരാമമായി.












കേരളാ എക്സ്പ്രസ്
വാരാന്ത്യം

# കേരളാ ജലവിഭവ വകുപ്പ് മന്ത്രി
# അഡ്വ. മോൻസ് ജോസഫ്: ജനഹൃദയങ്ങളിൽ വികസനത്തിന്റെ വിപ്ലവം തീർക്കുന്ന ജനനായകൻ



ലേഖനം



ജോസ് കണിയാലി

അധികാരത്തിന്റെ പടവുകളെയല്ല, മറിച്ച് മനുഷ്യപക്ഷത്തു നിന്നുകൊണ്ടുള്ള സുദീർഘമായ ജനസേവനത്തെയാണ് അഡ്വ. മോൻസ് ജോസഫ് എപ്പോഴും തന്റെ രാഷ്ട്രീയവഴിയായി കണ്ടിട്ടുള്ളത്. ആപ്പാഞ്ചിറയിലെ നരിമറ്റം കുടുംബത്തിൽ ഒ. ജോസഫിന്റെയും മറിയാമ്മയുടെയും മകനായി ജനിച്ച്, കലാലയ രാഷ്ട്രീയത്തിലൂടെ വളർന്ന്, ഇന്ന് കേരളത്തിന്റെ ജലവിഭവ വകുപ്പ് മന്ത്രിയായി തിളങ്ങി നിൽക്കുന്ന അദ്ദേഹത്തിന്റെ രാഷ്ട്രീയജീവിതം അടിയുറച്ച വിശ്വാസത്തിന്റെയും വിട്ടുവീഴ്ചയില്ലാത്ത പോരാട്ടത്തിന്റെയും കഥയാണ്.

കടുത്തുരുത്തിയിലെ ഗ്രാമവഴികളിലാണ് മോൻസ് ജോസഫ് എന്ന ജനനേതാവിന്റെ രാഷ്ട്രീയ വേരുകൾ ആഴ്ന്നുനിൽക്കുന്നത്. സ്കൂൾ – കോളേജ് കാലഘട്ടങ്ങളിൽ വോളിബോൾ കോർട്ടുകളിലായിരുന്നു അദ്ദേഹം തന്റെ പോരാട്ടവീര്യം ആദ്യമായി പ്രകടിപ്പിച്ചത്. കളിക്കളത്തിലെ ആ വീറും വാശിയും ടീം വർക്കും, തോൽക്കാൻ മനസ്സില്ലാത്ത മനക്കരുത്തുമെല്ലാം പിന്നീട് നിയമസഭയിലും ജനകീയ പ്രശ്നങ്ങളിലും അദ്ദേഹത്തിന് തുണയായി. കോട്ടയം ബസേലിയസ് കോളേജിലെ കലാലയ മുറ്റത്ത് കേരള സ്റ്റുഡന്റ്സ് കോൺഗ്രസിന്റെ (കെ.എസ്.സി) കരുത്തുറ്റ ശബ്ദമായി മാറിയ അദ്ദേഹം, നിയമപഠനത്തിന് ശേഷം അഭിഭാഷകനായപ്പോഴും സാധാരണക്കാരന് നീതി ഉറപ്പാക്കാനാണ് ശ്രമിച്ചത്.

പൊതുപ്രവർത്തനത്തിന്റെ തിരക്കുകളിലേക്ക് ചുവടുവെക്കുന്നതിന് മുൻപ് കടുത്തുരുത്തി സെന്റ് മേരീസ് ഫോറേൻ താഴത്തുപള്ളിയിലെ സൺഡേ സ്കൂൾ അധ്യാപകനായിരുന്നു അദ്ദേഹം. ആ വിശുദ്ധമായ അൾത്താരയുടെ ചാരത്തുനിന്നും കുരുന്നുകൾക്ക് വേദപാഠം പകർന്നുനൽകിയ ആ നാളുകളാണ് ഒരു ജനപ്രതിനിധിക്ക് വേണ്ട ക്ഷമയും വിനയവും സ്നേഹവും അദ്ദേഹത്തിൽ വേരുപിടിപ്പിച്ചത്.

1996–ൽ തന്റെ മുപ്പതുകളിൽ നിയമസഭയിലെത്തിയ മോൻസ് ജോസഫ്, മുൻപ് പൊതുമരാമത്ത് വകുപ്പ് മന്ത്രിയായിരുന്നപ്പോൾ 'വിഷൻ 2010' പോലുള്ള വിപ്ലവകരമായ പദ്ധതികളിലൂടെ കേരളത്തിന്റെ റോഡ് ശൃംഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തി മികച്ച ഭരണാധികാരിയെന്ന് തെളിയിച്ചിട്ടുള്ളതാണ്. നിലവിൽ കേരളത്തിന്റെ ജലവിഭവ വകുപ്പ് മന്ത്രിയെന്ന ഉത്തരവാദിത്തപ്പെട്ട പദവിയിലിരുന്ന് സംസ്ഥാനത്തിന്റെ കുടിവെള്ള – കാർഷിക മേഖലകളിൽ ദൂരക്കാഴ്ചയുള്ള വികസന പദ്ധതികളുമായി അദ്ദേഹം മുന്നേറുകയാണ്. കേരള കോൺഗ്രസ് രാഷ്ട്രീയത്തിലെ പ്രതിസന്ധികളിലും പിളർപ്പുകളിലും പി.ജെ. ജോസഫിനൊപ്പം പാറപോലെ ഉറച്ചുനിന്ന അദ്ദേഹം, കർഷകരുടെ കണ്ണീരൊപ്പുന്നതിനും കാർഷിക മേഖലയുടെ സംരക്ഷണത്തിനും എപ്പോഴും മുൻനിരയിലുണ്ട്.

തിരക്കേറിയ ഈ ഔദ്യോഗിക – പൊതുജീവിതത്തിനിടയിലും ഹൈസ്കൂൾ അധ്യാപികയായ ഭാര്യ സോണിയയും മകൾ മരിയയും നൽകുന്ന പിന്തുണയാണ് അദ്ദേഹത്തിന്റെ ഊർജ്ജം. വോളിബോൾ കോർട്ടിലെ ആ പഴയ പോരാളി ഇന്നും അതേ ആവേശത്തോടെ, ഒരു സാധാരണ കുടുംബനാഥന്റെ വിനയത്തോടെ ജനങ്ങൾക്കിടയിൽ ജീവിക്കുന്നു. കടുത്തുരുത്തിയിലെ ജനങ്ങളുമായി ദശകങ്ങളായി അദ്ദേഹം കാത്തുസൂക്ഷിക്കുന്ന ഹൃദയബന്ധത്തിന്റെ കരുത്തിൽ, വികസനത്തിന്റെയും ജനസുരക്ഷയുടെയും പുതിയ കാൽവെപ്പുകളുമായി അഡ്വ. മോൻസ് ജോസഫ് തന്റെ ജൈത്രയാത്ര തുടരുകയാണ്.



2024 ആഗസ്റ്റ് മാസത്തിൽ ചിക്കാഗോ സീറോ മലബാർ ബിഷപ്പ് ഹൗസിലെത്തിയ മോൻസ് ജോസഫിനെ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് സ്വീകരിക്കുന്നു. വികാരി ജനറാൾ ഫാ. ജോൺ മേലേപ്പുറം, ജോസ് കണിയാലി, സണ്ണി വള്ളിക്കളം, ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി എന്നിവർ സമീപം.

# ചിക്കാഗോ സെന്റ് മേരീസിലെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണം ഭക്തിസാന്ദ്രമായി







ചിക്കാഗോ: മോർട്ടൻഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിലെ ഈ വർഷത്തെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണം മെയ്മാസം 24-ന് ഞായറാഴ്ച ഭക്തിസാന്ദ്രമായ തിരുക്കർമ്മങ്ങളോടെ നടത്തപ്പെട്ടു. ഒരു വർഷം നീണ്ടുനിന്ന പഠനത്തിന്റെയും പരിശീലനത്തിന്റെയും സമാപനത്തിൽ 21 കുട്ടികളാണ് ഈ ദിവസത്തിൽ ദിവ്യകാരുണ്യം സ്വീകരിച്ചത്. ഞായറാഴ്ച വൈകുന്നേരം 3.30-ന് മോർട്ടൻഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ നടത്തപ്പെട്ട തിരുക്കർമ്മങ്ങളിൽ വികാരി ഫാ. സിജു മുടക്കോടിൽ മുഖ്യകാർമ്മികനായിരുന്നു. ക്നാനായ റീജിയൻ ഡയറക്ടറും വികാരി ജനറ

**റോയി ചേലമലയിൽ**

ലുമായ ഫാ. തോമസ് മുളവനാൽ വചന സന്ദേശം നൽകി. അസിസ്റ്റന്റ് വികാരി ഫാ. അനീഷ് മാവേലിപുത്തൻപുരയിൽ, ഫാ. ഏബ്രഹാം കടുതോടിൽ എന്നിവർ സഹകാർമ്മികരായിരുന്നു. സെന ചാലുങ്കൽ, മിലാന ചെറിയത്തിൽ, എയ്ല ചോരത്ത്, ജെസ്ലെറ്റ് ഇടക്കരപുത്തൻപുരയിൽ, ഇവാലിന ഇടയാടിയിൽ, റീസ് ഇടശ്ശേരിൽ, ഷാർലറ്റ് കൈമൂലയിൽ, കെയ്റ്റൻ കണിയാംപറമ്പിൽ, ഹന്നാ കിഴവള്ളിൽ, അഞ്ജലി കുന്നശ്ശേരി, തിയോ മ്യാൽക്കരപ്പുറത്ത്, എൽവിൻ ഒഴുങ്ങാലിൽ, അനബെൽ പനങ്ങാട്ട്, മെൽവിൻ പാറേൽ, ജോഷ് പോളക്കൽ, ആബെൽ പുത്തൻപറമ്പിൽ, നാതൻ താന്നിച്ചുവട്ടിൽ, ഇഷാന തെങ്ങനാട്ട്, മെലിസ്സ വഞ്ചിത്താനത്ത്, എമിലി വണ്ടന്നൂർ, ജോർഡൻ വാണിയകുന്നേൽ എന്നീ 21 കുട്ടികളാണ് ആ ദിവസത്തിൽ ദിവ്യകാരുണ്യം സ്വീകരിച്ചത്.

തിരുക്കർമ്മങ്ങൾക്ക് ശേഷം വൈകുന്നേരം 6.30 മുതൽ എൽമ്ഹസ്റ്റിലുള്ള എൽമ് വെസ്റ്റ് ബാങ്ക്വറ്റ് ഹാളിൽ വെച്ച് കുട്ടികൾക്കുള്ള സ്വീകരണവും ഡിന്നറും നടത്തപ്പെട്ടു. മാതാപിതാക്കളും കുട്ടികളും ചേർന്ന് ആലപിച്ച പ്രാർത്ഥനാഗാനത്തോടെ യോഗം ആരംഭിച്ചു. ഫാ. തോമസ് മുളവനാൽ, ഫാ. സിജു മുടക്കോടിൽ, കെസിസിഎൻഎ



ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കൽ, കെസിഎസ് പ്രസിഡണ്ട് ജോസ് ആനമല, ട്രസ്റ്റി പ്രതിനിധി ഫെലിക്സ് പാലകൻ, അധ്യാപക പ്രതിനിധി ഫെലിക്സ് പൂതൃക്കയിൽ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

തുടർന്ന് കുട്ടികളെ പരിശീലിപ്പിച്ച അധ്യാപകർക്കു മാതാപിതാക്കളുടെ സ്നേഹോപഹാരങ്ങൾ സമ്മാനിച്ചു. കെസിഎസ് ഭാരവാഹികൾ കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി. കുട്ടികളും മാതാപിതാക്കളും അവരുടെ കുടുംബാംഗങ്ങളും ചേർന്ന് അവതരിപ്പിച്ച വിവിധ കലാപരിപാടികൾ ഏവരുടെയും മുക്തകണ്ഠമായ പ്രശംസ ഏറ്റുവാങ്ങി.

മാതാപിതാക്കളുടെ കോ-ഓർഡിനേറ്റർ ആയ ജസ്റ്റിൻ തെങ്ങനാട്ട് എംസിയായി പ്രവർത്തിച്ച ഈ യോഗത്തിന് അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ ആയ ഷിജു ചെറിയത്തിൽ സ്വാഗതവും ചാരി വണ്ടന്നൂർ നന്ദിയും രേഖപ്പെടുത്തി.

സൺഡേ സ്കൂൾ പ്രിൻസിപ്പൽ സജി പൂതൃക്കയിൽ, അസിസ്റ്റന്റ് പ്രിൻസിപ്പൽ മനീഷ് കൈമൂലയിൽ എന്നിവരുടെയും മാതാപിതാക്കളുടെ കോ-ഓർഡിനേറ്റർ ജസ്റ്റിൻ തെങ്ങനാട്ട്, ഷിജു ചെറിയത്തിൽ, നവീൻ കണിയാംപറമ്പിൽ എന്നിവരുടെയും ബിനു ഇടകര, ജിനു നെടിയകാല എന്നിവരുടെ നേതൃത്വത്തിലുള്ള മതാധ്യാപകരുടെയും ഇടവകയുടെ കൈക്കാരന്മാരായ സേവ്യർ നടുപ്പറമ്പിൽ, സണ്ണി കണ്ണാല, ജോബി പോളക്കൽ, മജോ കുന്നശ്ശേരി, ഫെലിക്സ് പാലകൻ എന്നിവരുടെയും നിരവധി വോളന്റീയേയ്സിന്റെയും നേതൃത്വത്തിൽ ഉള്ള ഒരു ടീമാണ് ഈ പരിപാടിയുടെ വിജയത്തിനായി പ്രവർത്തിച്ചത്.

# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

**FEATURES:**
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com



# GREEN NESTLE VACATION HERITAGE HOME

Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India

- For Vacation and Holiday rentals.
- Licensed Home stay, Safe and Secured.
- 3 A/C rooms, Unique Packages for 2-8 people very economical.
- Individual Room rental for families.
- Fruits and vegetable Garden.
- Feels like farm house with Pets, Animals, Fish and birds.
- Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
- Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
- Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
- Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
- Adhering Food Safety Regulations.
- Caretaker to help you in as your needs, Travel Desk and Tour Package Facilities



CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com




# ബിഷപ് ഏബ്രഹാം മാർ പൗലോസിനെ ഡോക്ടർ ഓഫ് ഡിവിനിറ്റി ബിരുദം നല്കി ആദരിച്ചു

ഷാജി രാമപുരം

ന്യൂയോർക്ക്: മാർത്തോമ്മാ സഭയുടെ നോർത്ത് അമേരിക്കൻ ഭദ്രാസനാദ്ധ്യക്ഷനും ക്രൈസ്തവസഭകളുടെ ആഗോള വേദിയായ വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം കൂടിയായ ബിഷപ് ഡോ. ഏബ്രഹാം മാർ പൗലോസിനെ ന്യൂയോർക്ക് ജനറൽ തിയോളജിക്കൽ സെമിനാരി ഡോക്ടർ ഓഫ് ഡിവിനിറ്റി ബിരുദം നല്കി ആദരിച്ചു.



യുണൈറ്റഡ് സ്റ്റേറ്റ്സിലെ എട്ട് ഔദ്യോഗിക എപ്പിസ്കോപ്പൽ സെമിനാരികളിൽ ഒന്നാണ് ന്യൂയോർക്കിലെ മാൻഹട്ടനിൽ സ്ഥിതി ചെയ്യുന്ന ജനറൽ തിയോളജിക്കൽ സെമിനാരി. അമേരിക്കയിലെ പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റിയിലെ ഉന്നത പഠനത്തിനുശേഷം ബോസ്റ്റൺ യൂണിവേഴ്സിറ്റിയിൽ നിന്ന് ക്രിസ്ത്യൻ എഡ്യൂക്കേഷനിലും ബിഷപ് ഡോ. മാർ പൗലോസ് ഡോക്ടറേറ്റ് നേടിയിട്ടുണ്ട്.

2005 മെയ് 24-ന് മാർത്തോമ്മാ സഭയിൽ എപ്പിസ്കോപ്പയായി സ്ഥാനാരോഹണം ചെയ്യപ്പെട്ട ഡോ. മാർ പൗലോസ് കോട്ടയം മാങ്ങാനം സെ. പീറ്റേഴ്സ് മാർത്തോമ്മാ ഇടവകയിലെ കാഞ്ഞിരത്തറ കെ.സി. ഉതുപ്പിന്റെയും ശോശാമ്മയുടെയും മകനാണ്.

ദൈവശാസ്ത്ര പഠനത്തിനിടയിൽ സെറാംപൂർ സർവകലാശാലയുടെ സെനറ്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ട മാർ പൗലോസ് ചെറുപ്പത്തിൽ അഖില കേരള ബാലജനസഖ്യത്തിന്റെ സംസ്ഥാന വൈസ് പ്രസിഡണ്ടായി പ്രവർത്തിച്ചിരുന്നു. ഈ സമയത്ത് ഇന്നത്തെ കേരള ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തലയായിരുന്നു സംസ്ഥാന പ്രസിഡണ്ട്.



കഠിനാദ്ധ്വാനത്തിനും പ്രതിബദ്ധതയ്ക്കുമുള്ള ദൈവത്തിന്റെ നിയോഗമായാണ് മാർ പൗലോസ് തന്റെ വിളിയെ കണക്കാക്കുന്നത്. കൂടാതെ ദൈവത്തിന്റെ കരുണയിലും സ്നേഹത്തിലും അദ്ദേഹം ഭക്തി കണ്ടെത്തുന്നു. വിനയവും ചിട്ടയായ പ്രവർത്തനവും അദ്ദേഹം ശ്രദ്ധിക്കുന്നതിനാൽ, ജനങ്ങളെ കൂടുതൽ കൂടുതൽ അറിയുവാനും അവർക്ക് എന്തെങ്കിലും നന്മ ചെയ്യാനുമുള്ള തിരക്കിലാണ് എപ്പോഴും.

നോർത്ത് അമേരിക്ക ഭദ്രാസനാദ്ധ്യക്ഷനായ ബിഷപ് ഡോ. ഏബ്രഹാം മാർ പൗലോസിന് ന്യൂയോർക്കിലെ എപ്പിസ്കോപ്പൽ സെമിനാരി ഹോണററി ഡോക്ടർ ഓഫ് ഡിവിനിറ്റി ബിരുദം നല്കി ആദരിച്ചതിൽ നോർത്ത് അമേരിക്ക ഭദ്രാസന കൗൺസിലും ഭദ്രാസനത്തിലെ വൈദികരും വിശ്വാസി സമൂഹവും അനുമോദനങ്ങൾ അർപ്പിച്ചതായി ഭദ്രാസന സെക്രട്ടറി റവ. ജോയൽ സാമുവേൽ തോമസ് അറിയിച്ചു.

# റെനിൽ രാധാകൃഷ്ണന്റെ വിയോഗം കെഎച്ച്എൻഎക്ക് തീരാനഷ്ടം

കെഎച്ച്എൻഎ ന്യൂസ്മീഡിയ

ചിക്കാഗോ: വടക്കെ അമേരിക്കയിലെ മലയാളി സമൂഹത്തിനും കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക (കെഎച്ച്എൻഎ) കുടുംബത്തിനും വലിയ ദുഃഖമായി സംഘടനയുടെ നേതൃത്വ നിരയിൽ സജീവപ്രവർത്തകനായിരുന്ന റെനിൽ രാധാകൃഷ്ണന്റെ വിയോഗം. അദ്ദേഹത്തിന്റെ അപ്രതീക്ഷിത വിയോഗം കെഎച്ച്എൻഎ പ്രവർത്തകരെയും സുഹൃത്തുക്കളെയും ആഴത്തിൽ ദുഃഖത്തിലാഴ്ത്തിയിരിക്കുകയാണ്.

സംഘടനയുടെ വളർച്ചയ്ക്കും പ്രവർത്തന വിപുലീകരണത്തിനുമായി വർഷങ്ങളായി ആത്മാർത്ഥമായ സേവനം അനുഷ്ഠിച്ചിരുന്ന റെനിൽ രാധാകൃഷ്ണൻ സമർപ്പണബോധവും സൗഹൃദപരമായ വ്യക്തിത്വവും കൊണ്ട് ഏവരുടെയും സ്നേഹവും ആദരവും നേടിയ നേതാവായിരുന്നു. പ്രത്യേകിച്ച് 2015-ൽ ഡാളസിൽ ടി.എൻ. നായരുടെ നേതൃത്വത്തിൽ നടന്ന കെഎച്ച്എൻഎ കൺവൻഷന്റെ ചെയർമാനായി അദ്ദേഹം കാഴ്ചവെച്ച നേതൃപാടവവും സംഘാടകമികവും കെഎച്ച്എൻഎയുടെ ചരിത്രത്തിലെ ശ്രദ്ധേയമായ അദ്ധ്യായങ്ങളിൽ ഒന്നായി എന്നും ഓർമ്മിക്കപ്പെടും. ആ കൺവൻഷന്റെ വിജയത്തിനും സംഘടനയുടെ ദേശീയതലത്തിലുള്ള വളർച്ചയ്ക്കും അദ്ദേഹത്തിന്റെ നേതൃത്വം നിർണായക പങ്കുവഹിച്ചു.



കെഎച്ച്എൻഎയ്ക്കു വേണ്ടി പ്രസിഡണ്ട് ടി. ഉണ്ണികൃഷ്ണൻ അനുശോചനസന്ദേശം അറിയിച്ചു. റെനിൽജിയുടെ വിയോഗം കെഎച്ച്എൻഎയ്ക്ക് തീരാനഷ്ടമാണ്. സംഘടനയുടെ വളർച്ചയ്ക്കായി അദ്ദേഹം നല്കിയ സമയം, പരിശ്രമം, സമർപ്പണം എന്നിവ ഒരിക്കലും മറക്കാനാവില്ല, സ്നേഹസമ്പന്നനായ സുഹൃത്തും ആത്മാർത്ഥതയുള്ള പ്രവർത്തകനുമായ അദ്ദേഹത്തിന്റെ ഓർമ്മകൾ എന്നും ഞങ്ങളോടൊപ്പം നിലനിൽക്കും: അനുശോചന സന്ദേശത്തിൽ അദ്ദേഹം അറിയിച്ചു.

ഭാര്യ ശ്രീമതി ബിന്ദു പുല്ലാർക്കാട്ട്, മക്കളായ അമിത്, അഞ്ജലി, മരുമകൻ ആദിത്യ പ്രശാന്ത് എന്നിവരടങ്ങുന്ന കുടുംബാംഗങ്ങളെയും ബന്ധുമിത്രാദികളെയും കെഎച്ച്എൻഎ കുടുംബം ഈ ദുഃഖവേളയിൽ അനുശോചനം അറിയിച്ചു. പരേതന്റെ ആത്മാവിന് നിത്യശാന്തി ലഭിക്കാനും കുടുംബാംഗങ്ങൾക്ക് ഈ തീരാനഷ്ടം താങ്ങാനുള്ള കരുത്തും ധൈര്യവും ലഭിക്കാനും സർവശക്തനോട് പ്രാർത്ഥിക്കുന്നതായി കെഎച്ച്എൻഎ പ്രസിഡണ്ട് ടി. ഉണ്ണികൃഷ്ണൻ, ജനറൽ സെക്രട്ടറി സിനു നായർ, ട്രഷറർ അശോക് മേനോൻ, വൈസ് പ്രസിഡണ്ട് കെ.വി. സഞ്ജീവ് കുമാർ, ജോയിന്റ് സെക്രട്ടറി ശ്രീകുമാർ ഹരിലാൽ, ജോയിന്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള, ട്രസ്റ്റി ബോർഡ് ചെയർപേഴ്സൺ വനജ നായർ എന്നിവരും മറ്റ് ഡയറക്ടർ ബോർഡ് അംഗങ്ങളും, ട്രസ്റ്റി ബോർഡ് അംഗങ്ങളും അനുശോചനങ്ങൾ അറിയിച്ചു.

# ഇന്റർനാഷണൽ പ്രയർലൈൻ പ്രത്യാശയുടെ ആത്മീയ സന്ദേശവുമായി റവ.ഫാ.ഡോ. അലക്സാണ്ടർ കുര്യൻ

പി.പി. ചെറിയാൻ

ഡിട്രോയിറ്റ്: ആഗോള പ്രാർത്ഥനാ കൂട്ടായ്മയായ ഇന്റർനാഷണൽ പ്രയർലൈനിന്റെ (ഐപിഎൽ) പന്ത്രണ്ടാം വാർഷികാഘോഷ സമ്മേളനം രാത്രി ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ നടന്നു. കഴിഞ്ഞ 12 വർഷത്തെ പ്രാർത്ഥനാ ശുശ്രൂഷകളിലൂടെ ദൈവം നല്കിയ വിശ്വസ്തയ്ക്കും വഴിനടത്തലിനും അനുഗ്രഹങ്ങൾക്കുമായി പ്രാർത്ഥനാ ജനസമൂഹം ഒന്നടങ്കം യോഗത്തിൽ നന്ദിയർപ്പിച്ചു.

യുഎസ് സമയപ്രകാരം രാത്രി 9 മണിക്ക് (ഇഎസ്ടി) ആരംഭിച്ച വാർഷിക സമ്മേളനത്തിൽ വാഷിങ്ടൺ ഡിസിയിൽ നിന്നുള്ള പ്രമുഖ വചന പ്രഘോഷകൻ റവ.ഫാ. ഡോ. അലക്സാണ്ടർ കുര്യൻ മുഖ്യാതിഥിയായിരുന്നു.

സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തിയ അദ്ദേഹം പ്രതിസന്ധികളിലും തകർച്ചകളിലും ഉഴലുന്ന ദൈവജനത്തിന് പ്രത്യാശയും വീണ്ടെടുപ്പും പകരുന്ന ശക്തമായ ആത്മീയസന്ദേശം പങ്കുവെച്ചു.

'പുനരുജ്ജീവനവും പുനഃസ്ഥാപനവും' എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം. യെശയ്യാവ് 60:22-ലെ ചെറിയവൻ ആയിരവും എളിയവൻ ബലമുള്ളൊരു ജാതിയും ആയിത്തീരും; യഹോവയായ ഞാൻ തക്കസമയത്ത് അതിനെ വേഗത്തിലാക്കും എന്ന തിരുവചനത്തെ മുൻനിർത്തി തകർന്നടിഞ്ഞ സാഹചര്യങ്ങളിൽ ജീവിക്കുന്നവർക്ക് നേരെ ദൈവം ഒരു പുതിയ വെളിച്ചവും പുനഃസ്ഥാപനവും പ്രഖ്യാപിക്കുന്നുണ്ടെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.



ലോകത്തിന്റെ മുൻപിൽ നിസ്സാരരോ എളിയവരോ ആയി കാണപ്പെടുന്നവരെയാണ് ദൈവം വലിയ കാര്യങ്ങൾക്കായി തെരഞ്ഞെടുക്കുന്നത്. മനുഷ്യൻ ചെറുതെന്നു കരുതുന്ന കഴിവുകളെ ദൈവകരങ്ങളിൽ ഏല്പിക്കുമ്പോൾ അവൻ അതിനെ ആയിരമായി വർദ്ധിപ്പിക്കും.

ഏതൊരു മനുഷ്യന്റെ ജീവിതത്തെക്കുറിച്ചും ദൈവത്തിന് കൃത്യമായ ഒരു സമയമുണ്ട്. പൂർണ്ണമായ സമർപ്പണവും അനുസരണവും വഴി ദൈവം ആ അനുഗ്രഹങ്ങളെ ജീവിതത്തിൽ വേഗത്തിലാക്കും. "നിങ്ങൾ നിസ്സാരരാണെന്ന സാത്താന്റെ വ്യാജങ്ങളെ വിശ്വസിക്കരുത്. ലോകത്തിന്റെ താല്ക്കാലികവും വ്യാജവുമായ സന്തോഷങ്ങൾക്ക് പിന്നാലെ പോകാതെ, നിങ്ങളുടെ കുറവുകളെയും കഴിവുകളെയും ദൈവത്തിന് സമർപ്പിച്ച് അവനിൽ മാത്രം വിശ്വസിക്കുക." എന്ന് റവ.ഫാ. ഡോ. അലക്സാണ്ടർ കുര്യൻ ആഹ്വാനം ചെയ്തു.

വചനം ശ്രവിച്ച ഏവരുടെയുംമേൽ വലിയ വിടുതൽ ഉണ്ടാകണമെന്നും അവരുടെ കുറവുകൾ മാറി അവർ ആയിരങ്ങളായി വർദ്ധിക്കണമെന്നുമുള്ള പ്രാർത്ഥനയോടെയാണ് അദ്ദേഹം സന്ദേശം അവസാനിപ്പിച്ചത്.

ദുഷ്കരമായ ഈ കാലഘട്ടത്തിൽ ഒട്ടനവധി വിശ്വാസികൾക്ക് വലിയ ആശ്വാസവും ആത്മീയബലവും പകരുന്നതായി മാറി ഈ വർഷത്തെ ഐ.പി.എൽ വാർഷിക സമ്മേളനം.

# ജിമ്മിജോർജ് വോളിബോൾ 40+ വിഭാഗം: ഹൂസ്റ്റൺ ചലഞ്ചേഴ്സിനെ വീഴ്ത്തി കാലിഫോർണിയ ബ്ലാസ്റ്റേഴ്സ് ജേതാക്കൾ; കോർട്ടിൽ ആവേശമായി സിനിമാതാരം തമ്പി ആന്റണിയും

ഡാളസ്: 36–ാമത് ജിമ്മി ജോർജ് മെമ്മോറിയൽ സൂപ്പർ ട്രോഫി വോളിബോൾ ടൂർണമെന്റിലെ ആവേശകരമായ 40+ മാസ്റ്റേഴ്സ്, വിഭാഗത്തിൽ കാലിഫോർണിയ ബ്ലാസ്റ്റേഴ്സ് കിരീടം ചൂടി. നാൽപ്പത് വയസ്സിന് മുകളിലുള്ളവരുടെ പരിചയസമ്പന്നതയും പോരാട്ടവീര്യവും മാറ്റുരച്ച ഫൈനൽ മത്സരത്തിൽ ശക്തമായ ഹൂസ്റ്റൺ ചലഞ്ചേഴ്സ് റണ്ണേഴ്സ് അപ്പ് ട്രോഫി സ്വന്തമാക്കി.

ഡാളസ്, ഫിലാഡൽഫിയ, ഹൂസ്റ്റൺ, കാലിഫോർണിയ എന്നീ നാല് പ്രമുഖ ടീമുകളാണ് മാസ്റ്റേഴ്സ് വിഭാഗത്തിൽ ഇത്തവണ മാറ്റുരച്ചത്. ലീഗ് മത്സരങ്ങളിലെ വാശിയേറിയ പോരാട്ടങ്ങൾക്കൊടുവിലാണ് കാലിഫോർണിയയും ഹൂസ്റ്റണും ഫൈനലിലേക്ക് യോഗ്യത നേടിയത്.

**മാർട്ടിൻ വിലങ്ങോലിൽ**

കോർട്ടിൽ ആവേശമായി തമ്പി ആന്റണി: മലയാള ചലച്ചിത്ര നിർമ്മാതാവും പ്രമുഖ നടനുമായ തമ്പി ആന്റണിയുടെ സാന്നിധ്യം ഇത്തവണത്തെ മാസ്റ്റേഴ്സ് ടൂർണമെന്റിന് വൻ ആവേശമാണ് പകർന്നത്.

പ്രശസ്ത താരം ബാബു ആന്റണിയുടെ സഹോദരൻ കൂടിയായ തമ്പി ആന്റണി, കാലിഫോർണിയ ബ്ലാസ്റ്റേഴ്സ് ടീമിന്റെ ജേഴ്സിയിലാണ് കോർട്ടിലിറങ്ങിയത്. പ്രായത്തെ വെല്ലുന്ന കായികക്ഷമതയോടെ താരം കോർട്ടിൽ കാഴ്ചവെച്ച മികച്ച പ്രകടനം കാണികളുടെയും കായികപ്രേമികളുടെയും കൈയ്യടി നേടി. ചാമ്പ്യന്മരായ കാലിഫോർണിയ ടീമിന്റെ വിജയത്തിൽ അദ്ദേഹത്തിന്റെ സാന്നിധ്യവും വലിയ പങ്കുവഹിച്ചു.

ഫൈനലിലും ഉടനീളമുള്ള മത്സരങ്ങളിലും കാലിഫോർണിയ ബ്ലാസ്റ്റേഴ്സിനായി മാന്ത്രിക പ്രകടനം പുറത്തെടുത്ത വിൽസൺ മാത്യു ടൂർണമെന്റിലെ മോസ്റ്റ് വാല്യുബിൾ പ്ലെയർ (MVP) പുരസ്കാരത്തിന് അർഹനായി. കാലിഫോർണിയയുടെ പ്രതിരോധ കോട്ട കാത്ത ഉണ്ണികൃഷ്ണൻ ബെസ്റ്റ് ഡിഫൻസീവ് പ്ലെയർ പുരസ്കാരവും സ്വന്തമാക്കി.

ക്യാപ്റ്റൻ ബിജു മാത്യു മുണ്ടമറ്റത്തിന്റെ നേതൃത്വത്തിൽ ഇറങ്ങിയ ഹൂസ്റ്റൺ ചലഞ്ചേഴ്സ് മികച്ച പോരാട്ടവീര്യമാണ് ഫൈനലിൽ പുറത്തെടുത്തത്.

ഹൂസ്റ്റണായി മികച്ച സ്മാഷുകളിലൂടെ കളം നിറഞ്ഞ ജറീഷ് ജോസ് ടൂർണമെന്റിലെ ബെസ്റ്റ് ഒഫൻസീവ് പ്ലെയർ പുരസ്കാരം സ്വന്തമാക്കി.

ശ്രീമതി എൽസി ഫിലിപ്പ് വിജയികൾക്കുള്ള ട്രോഫികൾ വിതരണം ചെയ്തു. പ്രായത്തെ വെല്ലുന്ന കായികക്ഷമതയും വോളിബോൾ തന്ത്രങ്ങളുമായി കാണികൾക്ക് മികച്ചൊരു ദൃശ്യവിരുന്നാണ് നാല് ടീമുകളിലെയും മുതിർന്ന താരങ്ങൾ സമ്മാനിച്ചതെന്ന് സംഘാടകർ അഭിപ്രായപ്പെട്ടു













Citywide Mortgage of America Corp.
Servicing Illinois, Florida, California, and Indiana
We can provide you a PRE-APPROVAL IN MINUTES
Purchase
Jumbo Loan
Refinance
Cashout
WWW.CITYWIDEMA.COM
EQUAL HOUSING LENDER
Illinois Residential Mortgage Licensee

Joseph Mullappallil
Mortgage Broker/Owner
joemcitywide@gmail.com
773-908-8296
4323 W. Irving Park Unit 1B Chicago, IL 60641 | NMLS: 255253

Mullappallil Law Group



Shijo Mullappallil
Attorney at Law
smullapp23@gmail.com
Cell: 847-650-8241
General Practice including: Real Estate Law, Wills, Trust Estate Planning, and Contracts

# ജിമ്മി ജോർജ് സൂപ്പർ ട്രോഫി വോളിബോൾ: വനിതാ വിഭാഗത്തിൽ ഡാളസ് സ്ട്രൈക്കേഴ്സ് ചാമ്പ്യന്മാർ

മാർട്ടിൻ വിലങ്ങോലിൽ

ഡാളസ്: നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ മലയാളി കായിക മാമാങ്കങ്ങളിലൊന്നായ 36-ാമത് ജിമ്മി ജോർജ് മെമ്മോറിയൽ സൂപ്പർ ട്രോഫി വോളിബോൾ ടൂർണമെന്റിൽ വനിതാ വിഭാഗം കിരീടം ഡാളസ് സ്ട്രൈക്കേഴ്സ് സ്വന്തമാക്കി.

കാണികളെ ആവേശത്തിന്റെ മുൾമുനയിൽ നിർത്തിയ ഫൈനൽ പോരാട്ടത്തിൽ കരുത്തരായ കാലിഫോർണിയ ബ്ലാസ്റ്റേഴ്സിനെ പരാജയപ്പെടുത്തിയാണ് ഡാളസ് വനിതകൾ ചാമ്പ്യൻമാരായത്. വിട്ടുകൊടുക്കാതെ മികച്ച പോരാട്ടം കാഴ്ചവെച്ച കാലിഫോർണിയ ബ്ലാസ്റ്റേഴ്സ് റണ്ണേഴ്സ് അപ്പ് ട്രോഫി നേടി.

മത്സരത്തിലുടനീളം ഇരുടീമുകളും ഒപ്പത്തിനൊപ്പം പോരാടിയെങ്കിലും സമ്മർദ്ദഘട്ടങ്ങളെ അതിജീവിച്ച് മത്സരത്തിന്റെ നിർണ്ണായക നിമിഷങ്ങളിൽ കളി തങ്ങൾക്കനുകൂലമാക്കാൻ ഡാളസ് സ്ട്രൈക്കേസിന്റെ വനിതാ ടീമിന് സാധിച്ചു.

മിന്നൽ സ്മാഷുകളുമായി കോർട്ട് കീഴടക്കിയ ക്യാപ്റ്റൻ മിഷേൽ ഷമിന്റെ മികച്ചനീക്കങ്ങൾ ഡാളസ് സ്ട്രൈക്കേഴ്സിന് ഒടുവിൽ ഉജ്ജ്വല വിജയം സമ്മാനിച്ചു. ഫൈനലിലെ തകർപ്പൻ പ്രകടനത്തോടെ ടൂർണമെന്റിലെ ബെസ്റ്റ് ഒഫൻസീവ് പ്ലെയർ (Best Offensive Player) പുരസ്കാരത്തിന് മിഷേൽ അർഹയായി.

ടൂർണമെന്റിലുടനീളം ഡാളസ് ടീമിനായി മാന്ത്രിക പ്രകടനം പുറത്തെടുത്ത നീല, മോസ്റ്റ് വാല്യുബിൾ പ്ലെയർ (MVP) ആയി തെരഞ്ഞെടുക്കപ്പെട്ടു. ഫൈനലിൽ തോറ്റെങ്കിലും ഡാളസിന്റെ ശക്തമായ ആക്രമണങ്ങളെ കൃത്യമായി പ്രതിരോധിച്ച് കാലിഫോർണിയ ബ്ലാസ്റ്റേഴ്സിന്റെ ജാസ്മിൻ ബെസ്റ്റ് ഡിഫൻസീവ് പ്ലെയർ (Best Defensive Player) പുരസ്കാരം സ്വന്തമാക്കി.

വോളിബോൾ കോർട്ടിലെ പരിചയസമ്പന്നരായ റോബിൻ ജോസഫ്, ജിമ്മി ജോസഫ് എന്നിവരായിരുന്നു ടീമിന്റെ കോച്ചുമാർ. കളിയിലുടനീളം ഇരുവരും നൽകിയ തന്ത്രപരമായ നിർദ്ദേശങ്ങളും കൃത്യമായി ആസൂത്രണവും ടീമിനെ കിരീട നേട്ടത്തിലേക്ക് എത്തിക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു.

ഫാ. ബിൻസ് ചേത്തലിൽ വിജയികൾക്ക് പുരസ്കാരങ്ങൾ സമ്മാനിച്ചു. ഇന്ത്യൻ വോളിബോളിലെ എക്കാലത്തെയും വലിയ ഇതിഹാസം ജിമ്മി ജോർജിന്റെ സ്മരണാർത്ഥം ടെക്സസിലെ ഡാളസിൽ സംഘടിപ്പിച്ച ടൂർണമെന്റിൽ വലിയ ജനപങ്കാളിത്തമാണ് ദൃശ്യമായത്.

കായിക മികവ് കൊണ്ടും സംഘാടക മികവ് കൊണ്ടും ഇത്തവണത്തെ വനിതാ വിഭാഗം മത്സരങ്ങൾ ഏറെ ശ്രദ്ധേയമായി.

ഉജ്ജ്വല വിജയം കൈവരിച്ച് ഡാളസ് സ്ട്രൈക്കേഴ്സ് ടീമിനെയും കഠിനമായ പോരാട്ടവീര്യം പുറത്തെടുത്ത കാലിഫോർണിയ ബ്ലാസ്റ്റേഴ്സിനെയും സംഘാടക സമിതിയും വോളിബോൾ പ്രേമികളും അഭിനന്ദിച്ചു.









# ഫൊക്കാനയുടെ 2026 കൺവൻഷൻ സ്മരണികയിലേക്ക് കഥ, കവിത, ലേഖനം തുടങ്ങിയവ ക്ഷണിക്കുന്നു

ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂയോർക്ക്: ഫൊക്കാനാ ഇന്റർനാഷണൽ കൺവൻഷൻ 2026 ഓഗസ്റ്റ് 6 മുതൽ 9 വരെ പെൻസിൽവേനിയയിലെ മനോഹരമായ പോക്കനോസ് മൗണ്ടൻസിലെ കൽഹാരി റിസോർട്ടിൽ നടക്കുമ്പോൾ അത് ഫൊക്കാനയുടെയും മറ്റ് ഏത് പ്രവാസി സംഘടനകളുടെയും ചരിത്രത്തിൽ ഇന്നുവരെ കണ്ടിട്ടില്ലാത്ത ഒരു കൺവൻഷന് സാക്ഷിയാകുന്ന ചരിത്ര നിമിഷത്തിൽ ഫൊക്കാന ഒരു സ്മരണിക (സുവനിയർ) പുറത്തിറക്കുന്നു. അതിലേക്ക് കഥ, കവിത, ലേഖനം തുടങ്ങിയവ ക്ഷണിക്കുന്നു.

ഫൊക്കാനയുടെ പ്രവർത്തനം ഒരു ചരിത്ര നാളുകളിലൂടെ കടന്നു പോവുകയാണ്. ഇന്ന് ലോകത്തിലേക്കും ഏറ്റവും വലുതും പുരാതനവുമായ സംഘടനായ ഫൊക്കാന അതിന്റെ പ്രവർത്തനങ്ങളിൽ കാതലായ മാറ്റം വരുത്തി മുന്നേറുമ്പോൾ അത് പ്രവാസി മലയാളികളുടെ പ്രിയങ്കര സംഘടനയായി മാറിക്കഴിഞ്ഞു. ഏതെങ്കിലും പ്രവാസി സംഘടനകളുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് കൺവൻഷന് എട്ട് മാസങ്ങൾക്ക് മുൻപ് തന്നെ റിസർവ് ചെയ്ത റൂമുകൾ എല്ലാം തന്നെ സോൾഡ് ഔട്ട് ആകുന്നത്. ഈ കൺവൻഷനിൽ 4000-ത്തിൽ അധികം ആളുകളെ പ്രതീക്ഷിക്കുകയും ചെണ്ട മേളത്തിലും മോഹിനിയാട്ടത്തിലും രണ്ടു ഗിന്നസ് വേൾഡ് റിക്കാർഡുകൾ ഉൾപ്പെടെ ഒരു വിസ്മയ കൺവൻഷൻ ആയിരിക്കും എന്ന കാര്യത്തിൽ സംശയം ഇല്ല എന്ന് പ്രസിഡണ്ട് സജിമോൻ ആന്റണി അറിയിച്ചു.

ഇന്ത്യയുടെ ഉപരാഷ്ട്രപതി, കേരള മുഖ്യമന്ത്രി, കേരള ഗവർണർ, ന്യൂജേഴ്സി ഗവർണർ, പദ്മവിഭൂഷൺ അടൂർ ഗോപാലകൃഷ്ണൻ, പദ്മശ്രീ എം.എ. യൂസഫലി, പദ്മശ്രീ മട്ടന്നൂർ ശങ്കരൻ കുട്ടി, പ്രമുഖ സിനിമാ താരങ്ങളായ നവ്യാ നായർ, നാദിർഷ, അന്നാ ബെൻ, പ്രൊഫ. ഗോപിനാഥ് മുതുകാട് തുടങ്ങിയ പ്രമുഖർ സാക്ഷ്യം വഹിക്കുന്ന ഈ ചരിത്രപരമായ മുന്നേറ്റത്തിൽ നിങ്ങളും ഭഗവത്താവുക.

ഫൊക്കാന സുവനിയർ പ്രമുഖരുടെ കഥ, കവിത, ലേഖനങ്ങൾ എന്നിവയും ചേരുവകകളായിരിക്കും അമേരിക്കയിലെ പ്രമുഖരായ എഴുത്തുകാർക്ക് മുൻഗണന നൽകുന്ന സ്മരണികയുടെ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

നിങ്ങളുടെ കൃതികൾ fokanasouvenir2026-@gmail.com എന്ന ഇമെയിലേക്ക് ജൂൺ 15-ന് മുൻപായി അയച്ചുതരിക.

ഈ സുവനീയറിലേക്ക് കഥ, കവിത, ലേഖനം, നർമ്മം, അനുഭവ വിവരണം കാർട്ടൂൺ തുടങ്ങിയവയും ക്ഷണിക്കുന്നു. ഇരുനൂറിൽപ്പരം പേജുകളിൽ മേന്മയേറിയ കടലാസിൽ അച്ചടിക്കുന്ന സുവനീയറിൽ ഒട്ടനവധി പ്രശസ്ത മലയാളി സാഹിത്യകാരന്മാരുടെ രചനകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

അമേരിക്കൻ മലയാളി എഴുത്തുകാർക്ക് പ്രാധാന്യം നൽകി പ്രസിദ്ധീകരിക്കുന്ന ഈ സ്മരണിക മലയാള സാഹിത്യ പ്രചാരണത്തിനൊപ്പം ഫൊക്കാനയുടെ കഴിഞ്ഞ രണ്ടു വർഷത്തെ പ്രവർത്തനങ്ങളും ഇതിൽ സാക്ഷ്യപ്പെടുത്തും.

സംഘടനകളുടേയും ഗുണകാംക്ഷികളുടേയും ആശംസകളും ബിസിനസ് പരസ്യങ്ങളും ഫാമിലി ഫോട്ടോകളും സുവനീറിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഇതിലേക്ക് ഏവരുടെയും സഹായ സഹകരണങ്ങൾ അഭ്യർഥിക്കുന്നതായി ചീഫ് എഡിറ്റർ ജോയ് ഇട്ടനും, സബ് എഡിറ്റേഴ്സ് ആയ ലിജോ ജോൺ, കെ.കെ. ജോൺസൺ, കോ-ഓർഡിനേറ്റർ പ്രവീൺ തോമസ് മറ്റ് എഡിറ്റേഴ്സ് എന്നിവർ അഭ്യർഥിച്ചു.



# രാഷ്ട്രീയവും സാമൂഹിക സേവനവും സമന്വയിപ്പിച്ച ടി.യു. കുരുവിളയ്ക്ക് ആദരാഞ്ജലികൾ

ജിനു കുര്യൻ പാമ്പാടി

കോതമംഗലം: കേരളത്തിന്റെ രാഷ്ട്രീയ, സാമൂഹിക, മത, വിദ്യാഭ്യാസ മേഖലകളിൽ ഒരുപോലെ തിളങ്ങിയ മുൻ പൊതുമരാമത്ത് മന്ത്രിയും കോതമംഗലത്തിന്റെ ജനപ്രിയ നേതാവുമായ ടി.യു. കുരുവിള (90) അന്തരിച്ചു. കീരമ്പാറ ചെളാട് തോമ്പ്രയിൽ കുടുംബാംഗങ്ങൾക്കൊപ്പമായിരുന്നു അന്ത്യം. അദ്ദേഹത്തിന്റെ വിയോഗം കോതമംഗലത്തിനും കേരളരാഷ്ട്രീയത്തിനും സാമൂഹിക, സാംസ്കാരിക രംഗത്തും വലിയ നഷ്ടമായി.

1936 സെപ്റ്റംബർ 13-ന് കീരമ്പാറയിലെ തോമ്പ്ര കുടുംബത്തിൽ ഉതുപ്പിന്റെയും മറിയത്തിന്റെയും മകനായി ജനിച്ച ടി.യു. കുരുവിള കഠിനാദ്ധ്വാനവും ദീർഘവീക്ഷണവും കൈമുതലാക്കി പൊതുജീവിതത്തിൽ ഉന്നത സ്ഥാനങ്ങളിലെത്തി. പത്താംക്ലാസ് പഠന ശേഷം സാങ്കേതിക വിദ്യാഭ്യാസം നേടിയ അദ്ദേഹം കൃഷി, വ്യവസായം, വിദ്യാഭ്യാസം, പൊതുപ്രവർത്തനം തുടങ്ങി വിവിധ മേഖലകളിൽ തന്റെ വ്യക്തിമുദ്ര പതിപ്പിച്ചു.

കീരമ്പാറ പഞ്ചായത്ത് പ്രസിഡണ്ടായാണ് പൊതുപ്രവർത്തന രംഗത്തേക്ക് കടന്നുവന്നത്. തുടർന്ന് സഹകരണമേഖല, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാമൂഹിക സംഘടനകൾ എന്നിവയിൽ വിവിധ നേതൃസ്ഥാനങ്ങൾ വഹിച്ചു. കേരള കോൺഗ്രസ് (എം) നേതാവായിരുന്ന അദ്ദേഹം ദീർഘകാലം പാർട്ടിയുടെ വൈസ് ചെയർമാനായി പ്രവർത്തിക്കുകയും പാർട്ടിയുടെ വളർച്ചയിലും ജനകീയ അടിത്തറ ശക്തിപ്പെടുത്തുന്നതിലും നിർണായക പങ്കുവഹിക്കുകയും ചെയ്തു.

2006 മുതൽ 2016 വരെ തുടർച്ചയായി രണ്ട് തവണ കോതമംഗലം നിയോജകമണ്ഡലത്തെ കേരള നിയമസഭയിൽ പ്രതിനിധീകരിച്ച അദ്ദേഹം ജനങ്ങളുടെ പ്രശ്നങ്ങൾ സഭയിൽ ശക്തമായി ഉന്നയിച്ച ജനപ്രതിനിധിയായിരുന്നു. സംസ്ഥാന മന്ത്രിസഭയിൽ പൊതുമരാമത്ത് മന്ത്രിയായിരിക്കെ റോഡ്, പാലം, അടിസ്ഥാനസൗകര്യ വികസന മേഖലകളിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തി. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ കോതമംഗലത്തും മലയോര മേഖലയിലും നിരവധി വികസന പദ്ധതികൾ യാഥാർത്ഥ്യമായി.

രാഷ്ട്രീയത്തിനപ്പുറം സാമൂഹിക സേവനരംഗത്തും ടി.യു. കുരുവിള സജീവ സാന്നിദ്ധ്യമായിരുന്നു. സഹകരണ മേഖല, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, കലാ-സാംസ്കാരിക പ്രസ്ഥാനങ്ങൾ, ലയൺസ് ക്ലബ്, വൈഎംസിഎ തുടങ്ങിയ സംഘടനകളിൽ നേതൃത്വപരമായ പങ്കുവഹിച്ചു. സമൂഹത്തിലെ സാധാരണ



ക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ അദ്ദേഹം എന്നും മുന്നിലുണ്ടായിരുന്നു. ജനങ്ങളുമായി നേരിട്ടുള്ള ബന്ധം നിലനിർത്തിയ അപൂർവ രാഷ്ട്രീയ നേതാക്കളിൽ ഒരാളായിരുന്നു അദ്ദേഹം.

മലങ്കര യാക്കോബായ സുറിയാനി സഭയുടെ വിശ്വസ്ത പുത്രനായിരുന്ന ടി.യു. കുരുവിള ദീർഘകാലം സഭയുടെ അല്മായ സെക്രട്ടറി (ലേ സെക്രട്ടറി)യായി സേവനമനുഷ്ഠിച്ചു. സഭയുടെ വിദ്യാഭ്യാസ, സാമൂഹിക, ആത്മീയ പ്രവർത്തനങ്ങൾക്ക് ശക്തമായ നേതൃത്വം നല്കിയ അദ്ദേഹം സഭാ ചരിത്രത്തിലെ ശ്രദ്ധേയ വ്യക്തിത്വമായി മാറി.

സഭയ്ക്കും സമൂഹത്തിനും നല്കിയ അസാധാരണ സംഭാവനകളെ മാനിച്ച് സുറിയാനി ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായിരുന്ന പരിശുദ്ധ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് സക്കാ പ്രഥമൻ ബാവാ അദ്ദേഹത്തിന് 'ഷെവലിയർ, മോർ അഫ്രേം മെഡൽ, കമാൻഡർ, ബോർ എത്തോ ശാരിറോ' എന്നീ ബഹുമതികൾ നല്കി ആദരിച്ചിരുന്നു.

മാനവിക സേവനരംഗത്തും വിദ്യാഭ്യാസ, സാമൂഹിക, വികസന മേഖലയിലും നല്കിയ സമഗ്ര സംഭാവനകൾ പരിഗണിച്ച് ലണ്ടനിലെ സൗത്ത് ഈസ്റ്റേൺ യൂണിവേഴ്സിറ്റി അദ്ദേഹത്തിന് ഓണററി ഡോക്ടറേറ്റ് സമ്മാനിക്കുകയും ചെയ്തു. രാഷ്ട്രീയ നേതാവ്, സാമൂഹിക പ്രവർത്തകൻ, വിദ്യാഭ്യാസ പ്രോത്സാഹകൻ സഭാനേതാവ് എന്നീ നിലകളിൽ ഒരുപോലെ ആദരിക്കപ്പെട്ട വ്യക്തിത്വമായിരുന്നു അദ്ദേഹം.

ഭരണാധികാരി ആയിരുന്നപ്പോഴും സാധാരണക്കാരോട് അടുപ്പം പുലർത്തിയ അദ്ദേഹം അധികാരത്തിന്റെ ഔന്നത്യത്തേക്കാൾ സേവനത്തിന്റെ മഹത്വത്തിലാണ് വിശ്വസിച്ചിരുന്നത്. വിനയവും ലാളിത്വവും ജനങ്ങളോടുള്ള കരുതലും അദ്ദേഹത്തെ വേറിട്ടുനിർത്തി.

സാമൂഹിക സേവനവും ആത്മീയ പ്രതിബദ്ധതയും ഒരുപോലെ ജീവിതത്തിൽ സമന്വയിപ്പിച്ച അപൂർവ വ്യക്തിത്വമായിരുന്നു ടി.യു. കുരുവിള. രാഷ്ട്രീയ നേതാവെന്ന നിലയിലും സാമൂഹിക പ്രവർത്തകനെന്ന നിലയിലും വിദ്യാഭ്യാസ പ്രവർത്തകനെന്ന നിലയിലും സഭാനേതാവെന്ന നിലയിലും അദ്ദേഹം നല്കിയ സംഭാവനകൾ തലമുറകൾ ഓർക്കും.

അദ്ദേഹത്തിന്റെ നിര്യാണത്തിൽ വ്യസനിക്കുന്ന കുടുംബാംഗങ്ങളുടെയും സഹപ്രവർത്തകരുടെയും സുഹൃത്തുക്കളുടെയും അനുയായികളുടെയും ദുഃഖത്തിൽ സമൂഹം ഒന്നടങ്കം പങ്കുചേരുന്നു. ജവസേവനത്തെ ജീവിത ദൗത്യമായി ഏറ്റെടുത്ത് വിശ്വാസത്തെയും മൂല്യങ്ങളെയും മുറുകെപ്പിടിച്ച് ജീവിച്ച അപൂർവ വ്യക്തിത്വം എന്ന നിലയിൽ ടി.യു. കുരുവിള എന്നെന്നും സ്മരിക്കപ്പെടും. ആദരാഞ്ജലികൾ!

# അവാർഡ് വന്നുപോയ വഴി



രാജു മൈലപ്ര

അടുത്ത കാലത്തായി അമേരിക്കയിലെ ചില ദേശീയ സംഘടനകൾ മികച്ച മലയാള സാഹിത്യകൃതികൾക്ക് അവാർഡ് നല്കുന്നു എന്ന വാർത്ത വന്നതിനു പിന്നാലെ, അതേപ്പറ്റി ചില അല്ലറ ചില്ലറ കശപിശകൾ നടന്നുവരികയാണല്ലോ!

ഈ അവാർഡുകൾ കൊണ്ട് പ്രത്യേകിച്ചൊരു പ്രയോജനവുമില്ല. മാസാമാസം പെൻഷൻ നല്കുന്ന പരിപാടിയൊന്നുമല്ല എങ്കിലും സ്റ്റേജിൽ കയറി വിശിഷ്ടാതിഥിയിൽ നിന്നും ഈ അവാർഡ് ദാനമായി വാങ്ങിക്കുമ്പോൾ ഉണ്ടാകുന്ന ഒരു 'ത്രിൽ' ഉണ്ടല്ലോ! ഹെന്റെ പൊന്നേ, അതു പറഞ്ഞറിയിക്കുവാൻ പറ്റുകയില്ല. അനുഭവിച്ചുതന്നെ അറിയണം.


ഈ അവസരത്തിൽ രസകരമായ ഒരു സംഭവം ഓർമ്മയിൽ വരുന്നു. വർഷങ്ങൾക്കു മുൻപ് നടന്നതാണ്. ഒരു പ്രത്യേക സാഹചര്യത്തിൽ ഒരു പുതിയ സംഘടന കൂടി രൂപം കൊള്ളുന്നു. അമേരിക്കൻ മലയാളികളെ മാത്രം ഒരു ചരടിൽ കോർത്തിണക്കിയാൽ പോരാ! അഖില ലോക മലയാളികളെ, ജാതിമത ഭേദമെന്യേ ഒരു കുടക്കീഴിൽ കൊണ്ടുവരണം. അങ്ങനെ ഒരു ആഗോള മലയാളി സംഘടന കൂടി ജന്മമെടുക്കുന്നു.

സാഹിത്യമില്ലാതെ എന്തു സംഘടന! ഈ ആഗോള സംഘടനയുടെ പ്രഥമ 'ലിറ്ററി ചെയർമാൻ' എന്നൊരു അത്യുന്നത പദവി എനിക്കു ലഭിക്കുന്നു. കേന്ദ്ര സാഹിത്യ അക്കാദമി ചെയർമാൻ എന്ന സ്ഥാനത്തിനു തുല്യമായോ അതിനുപരിയോ ഉള്ള ഒരു പദവി. ഡയറക്ട് അപ്പോയ്ന്റ്മെന്റായിരുന്നു. കാരണം സംഘടനയുടെ സ്ഥാപക പ്രസിഡണ്ട് എന്റെ സുഹൃത്ത് ശ്രീ ആൻഡ്രൂ പാപ്പച്ചനായിരുന്നു.

സാഹിത്യമായാൽ 'അവാർഡ്ദാനം' ഒരു മസ്റ്റാണല്ലോ. ഓൺലൈൻ മീഡിയ കടന്നുവരാതിരുന്ന ആ കാലത്ത് അമേരിക്കയിൽ മലയാള അച്ചടി പ്രസിദ്ധീകരണങ്ങളുടെ ഒരു വസന്തകാലമായിരുന്നു. പ്രഭാതം, കേരള ഡൈജസ്റ്റ്, അശ്വമേധം, കൈരളി, കേരള എക്സ്പ്രസ്, നാദം തുടങ്ങി മലയാളം പത്രം വരെ- ഒരു നീണ്ടനിര.

എല്ലാ പത്രങ്ങളിലും അവാർഡിനുള്ള കൃതികൾ ക്ഷണിച്ചുകൊണ്ട്, എന്റെ ഫോട്ടോയുൾപ്പെടെ, വാർത്ത പ്രസിദ്ധീകരിച്ചു. പരിഗണിക്കപ്പെടേണ്ട കൃതികളുടെ അഞ്ചു കോപ്പികൾ വീതം അയയ്ക്കണം. അത് കഥയോ കവിതയോ ലേഖനമോ, നോവലോ എന്തുമായിക്കൊള്ളട്ടെ 'തിരിച്ചു നല്കുന്നതല്ല' എന്നൊരു നിബന്ധനയുണ്ട്.

പ്രതീക്ഷിച്ചതിലധികം പ്രതികരണമുണ്ടായി. ഒരു പേജിൽ ഒതുങ്ങുന്ന 'മിനിക്കഥ' മുതൽ മുന്നൂറിലധികം പേജു വരുന്ന മെഗാ നോവലുകൾ വരെ. പ്രിന്റ് ചെയ്തവ കൂടാതെ കൈയെഴുത്തു പ്രതികളും ആ കൂട്ടത്തിൽ ഉണ്ടായിരുന്നു.





അന്ന് 'ഹാൾമാർക്ക്' കടയിൽ ഏതിനും സർട്ടിഫിക്കറ്റുകളുടെയും അവാർഡുകളുടെയും ബ്ലാങ്ക് കോപ്പികൾ കിട്ടും. നല്ല സുവർണ്ണ ബോർഡറുള്ള, തങ്കലിപികളിൽ ആലേഖനം ചെയ്യപ്പെട്ട വ. ചേരുംപടി പേര് എഴുതി ചേർക്കുക എന്നൊരു ഭാരിച്ച ഉത്തരവാദിത്വം മാത്രമേ നമ്മൾക്കുള്ളു. വിലയോ തുച്ഛം, ഗുണമോ മെച്ചം!

ജഡ്ജിംഗ് കമ്മിറ്റിയിൽ വലിയ ചെയർമാനായ എന്നെക്കൂടാതെ, എന്റെ സുഹൃത്തുക്കളായ ജോയൻ കുമരകം, ജോസ് ചെരിപുറം, ജയൻ കെ.സി, മനോഹർ തോമസ് തുടങ്ങിയ ചെറിയ ചെയർമാന്മാരും ഉണ്ടായിരുന്നു. ബഹുമാനപ്പെട്ട ചെറിയാൻ കെ. ചെറിയാനെ ക്ഷണിച്ചെങ്കിലും വലിയ ചെയർമാനായ എന്റെ കീഴിൽ ഒരു ചെറിയ ചെയർമാനായി സേവനമനുഷ്ഠിക്കുവാൻ അദ്ദേഹം വിസമ്മതിച്ചു.

വിധികർത്താക്കൾ ഒരുമിച്ചുകൂടിയത് എന്റെ ഭവനത്തിൽ വെച്ചായിരുന്നു. അതാണല്ലോ അതിന്റെ ഒരു ഇത്. ഞാനാണല്ലോ വലിയ ചെയർമാൻ.

ഡൈനിങ് ടേബിളിൽ പുസ്തകങ്ങൾ നിരത്തി. ഒരാൾ വായിക്കുക, ഓരോ ജഡ്ജസും പ്രത്യേകം പ്രത്യേകം മാർക്കിടുക. അവസാനം എല്ലാംകൂടി കൂട്ടിനോക്കി, ഹരിച്ചും ഗുണിച്ചും കിഴിച്ചും കൂടുതൽ മാർക്ക് കിട്ടുന്നവരെ വിജയിയായി പ്രഖ്യാപിക്കുക. ഇതായിരുന്നു പരിപാടി. സിംബിൾ പ്രോസസ്സ്.

ഒന്നുരണ്ട് പുസ്തകങ്ങൾ ഓടിച്ചൊന്ന് വായിച്ചപ്പോൾ തന്നെ സമയം ഏറെയായി. എല്ലാംകൂടി, എല്ലാവരും ചേർന്ന് വായിക്കണമെങ്കിൽ ഒരു മൂന്നു മാസമെങ്കിലും എടുക്കും. തുടക്കത്തിൽ 'സിംബിൾ' എന്നു തോന്നിയ സംഗതി 'ഇംബോസിബിൾ' ആണെന്നു മനസ്സിലായി.

ന്യൂജേഴ്സിയിൽ മേളിക്കുന്ന സമ്മേളനത്തിന് ഒരു മാസംകൂടി മാത്രമേയുള്ളൂ. അതിനുള്ളിൽ വിജയികളെ പ്രഖ്യാപിക്കണം.

ഇതിനിടയിൽ എന്റെ ഭാര്യ ഭവ്യതയോടുകൂടി എന്നെ അകത്തേക്ക് ആംഗ്യഭാഷയിൽ ക്ഷണിച്ചു.

"ദേ, ഞാൻ ഡ്യൂട്ടിക്കു പോകുവാ. ഞാൻ വരുന്നതിനു മുൻപ് മര്യാദയ്ക്ക് എല്ലാത്തിനേം പറഞ്ഞുവിട്ടേക്കണം."

അതൊരു 'റിക്വസ്റ്റ്' അല്ലായിരുന്നു. ഒരു 'ഓർഡർ' ആയിരുന്നു. മറുപടിക്കു കാത്തുനിൽക്കാതെ അവൾ പോയി.

എന്റെ ഭാര്യ പോയിക്കഴിഞ്ഞപ്പോൾ സംഗതി ഒന്നുകൂടി ഉഷാറായി. സ്ത്രീകൾ വീട്ടിൽ ഇല്ലെങ്കിൽ അതിഥിയും ആതിഥേയനും തമ്മിലുള്ള അകലം കുറയും.

"കുടിക്കാനൊന്നുമില്ലിയോ?''-കൂട്ടത്തിൽ ഒരാൾക്കു ദാഹം.

"കാപ്പിയോ ചായയോ?" ഞാൻ ആദരവോടുകൂടി ചോദിച്ചു.

"കാപ്പി എന്റെ പട്ടിക്കു വേണം. തൊണ്ട നനയ്ക്കുവാൻ പറ്റിയ സാധനം വല്ലതുമുണ്ടോ എന്നാണ് ചോദിച്ചത്."

"താൻ ബേജാറാവാതെ; സാധനം കൈയിലുണ്ട്." കൂട്ടത്തിലുണ്ടായിരുന്ന അബ്കാരി മൊഴിഞ്ഞു.

ഉറപ്പു വരുത്തുവാനായി മറ്റൊരാൾ ചോദിച്ചു: "സാധനം കൈയിലുണ്ടോ?"

"സാധനം കൈയിലുണ്ട്." മുതലാളി മറുകോഡു പറഞ്ഞു.

വന്നവർ തന്നെ കിച്ചനിൽ കയറി ഐസും ഗ്ലാസും സോഡയും മറ്റും സംഘടിപ്പിച്ചു.

ഇതിനിടയിൽ ജോയൻ കുമരകം മദ്യപാനത്തിന്റെ ദോഷവശങ്ങളെപ്പറ്റി വാചാലനായി.

ഇതു കേട്ട ചെരിപുറത്തിനു ദേഷ്യമായി.

"ജോയൻ അവിടെയെങ്ങാനും അടങ്ങിയിരുന്ന് അവാർഡിനുള്ള പുസ്തകം തെരഞ്ഞെടുക്ക്. ഇവിടെ ഒരു മംഗളകർമ്മം നടക്കുവാൻ പോകുകയാണ്. ഞങ്ങളിതൊന്നു തീർത്തോട്ടെ."

മറ്റുള്ളവർ ജോസിന്റെ അഭിപ്രായത്തിനോട് യോജിച്ചു. 'ടച്ചിംങ്സിനൊന്നുമില്ലേ?'

കൂട്ടത്തിൽ ഒരു കുറ്റാന്വേഷണ വിദഗ്ദ്ധൻ ഞങ്ങളുടെ മകനു കൊടുക്കുവാൻ വേണ്ടി, തലമുറ തലമുറ കൈമാറിവന്ന 'സീക്രട്ട് റെസിപ്പി' പ്രകാരം തയ്യാറാക്കി ഭദ്രമായി സൂക്ഷിച്ചുവെച്ചിരുന്ന മീൻ അച്ചാറിന്റെ കുപ്പി കണ്ടുപിടിച്ചു.

(ശേഷം 28-ാം പേജിൽ)

# ന്യൂയോർക്ക് സോഷ്യൽ ക്ലബ് ഫാമിലി നൈറ്റ് ആവേശഭരിതമായി ആഘോഷിച്ചു




**സിജു ചെരുവൻകാലായിൽ**

ന്യൂയോർക്ക്: മലയാളി സമൂഹത്തിന്റെ ഐക്യവും കുടുംബബന്ധങ്ങളും ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ന്യൂയോർക്ക് സോഷ്യൽ ക്ലബ് സംഘടിപ്പിച്ച 'ഫാമിലി നൈറ്റ്' പരിപാടി വൻ വിജയമായി.

ഓറഞ്ച്ബർഗ്, ന്യൂയോർക്കിലുള്ള സിതാർ പാലസ് ഹാളിൽ നടന്ന ഈ ആഘോഷത്തിൽ എല്ലാ സോഷ്യൽ ക്ലബ് അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും പങ്കെടുത്തു.

പരിപാടി സാംസ്കാരിക കലാപരിപാടികളോടുകൂടി ആരംഭിച്ചു. കുട്ടികളും സ്ത്രീകളും അവതരിപ്പിച്ച നൃത്തങ്ങളും ഗാനങ്ങളും വേദിയെ ആവേശഭരിതമാക്കി. പ്രത്യേകിച്ച് ചെറിയ കുട്ടികളുടെ പ്രകടനങ്ങൾ പ്രേക്ഷകരുടെ കൈയ്യടി നേടി. കുടുംബാംഗങ്ങൾ ഒരുമിച്ച് പങ്കെടുത്ത ഗെയിമുകളും മത്സരങ്ങളും പരിപാടിയുടെ മുഖ്യ ആകർഷണമായിരുന്നു.

ക്ലബ് പ്രസിഡണ്ട് സാജൻ കുഴിപ്പറമ്പിൽ സ്വാഗതപ്രസംഗത്തിൽ ഇത്തരം കൂട്ടായ്മകൾ വിദേശത്തുള്ള മലയാളികൾക്ക് ഒരു കുടുംബാന്തരീക്ഷം നൽകുന്നതിൽ വലിയ പങ്കുവഹിക്കുന്നതായി അദ്ദേഹം പറഞ്ഞു. സമൂഹത്തിൽ ഐക്യം നിലനിർത്താനും പുതിയ തലമുറയെ സംസ്കാരത്തോട് ചേർത്ത് നിർത്താനും ഇത്തരം പരിപാടികൾ നിർണായകമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പരിപാടിയിൽ വിവിധ രുചികരമായ ഭക്ഷണങ്ങളും ഒരുക്കിയിരുന്നു. പരമ്പരാഗത കേരള വിഭവങ്ങൾ മുതൽ ആധുനിക ഭക്ഷണങ്ങൾ വരെ ഉൾപ്പെടുത്തിയ ഭക്ഷണവിരുന്ന് എല്ലാവരും ആസ്വദിച്ചു.

കുടുംബങ്ങൾ തമ്മിലുള്ള സൗഹൃദബന്ധം ശക്തിപ്പെടുത്തുന്നതിനും പുതിയ ബന്ധങ്ങൾ രൂപപ്പെടുന്നതിനും ഈ അവസരം സഹായകമായി. കഴിഞ്ഞ രണ്ട് വർഷമായി ക്ലബിനായി സമർപ്പിത സേവനം അനുഷ്ഠിച്ച മുൻ കമ്മിറ്റി അംഗങ്ങൾക്ക് പ്രസിഡണ്ട് നന്ദി രേഖപ്പെടുത്തി.

കൂടാതെ 2026–27 വർഷത്തേക്കുള്ള പുതിയ സോഷ്യൽ ക്ലബ് കമ്മിറ്റി അംഗങ്ങളെ പരിചയപ്പെടുത്തി. പ്രസിഡണ്ട്: സാജൻ കുഴിപ്പറമ്പിൽ, വൈസ് പ്രസിഡണ്ട്: പ്രിൻസ് തോമസ്, സെക്രട്ടറി: ജോയൽ വിശാകൻതറ, ജോയിന്റ് സെക്രട്ടറി: ജോസ് താമടത്തിൽ, ട്രഷറർ: ജെയ്സ് നിരപത്ത്, എക്സിക്യൂട്ടീവ് ബോർഡ് അംഗങ്ങൾ: റോയി മറ്റപ്പിള്ളിൽ, ഷൈജു വാഴക്കാട്ട്, നിബു ജേക്കബ്, നോഹ ജോർജ് (പിആർഒ).

ഇതോടനുബന്ധിച്ച് ക്ലബ് ഭാവി പരിപാടികളും പ്രഖ്യാപിച്ചു. 2026 ഓഗസ്റ്റ് മാസത്തിൽ 'ടഗ് ഓഫ് വാർ ടൂർണമെന്റ്– സീസൺ 3' റോക്ക്ലാൻഡ് ക്നാനായ കമ്മ്യൂണിറ്റി സെന്ററിൽ സംഘടിപ്പിക്കുമെന്ന് അറിയിച്ചു.

കൂടാതെ, 2026 ജൂൺ 27–ന് ഹിൽബേൺ, ന്യൂയോർക്കിലെ 115 തോർൺ വാലി റോഡ് (ZIP: 10921) എന്ന വിലാസത്തിൽ ഒരു ദിവസത്തെ ബാസ്കറ്റ്ബോൾ ടൂർണമെന്റ് നടത്താനും തീരുമാനിച്ചു.

ബാസ്കറ്റ് ബോൾ ടൂർണമെന്റിനുള്ള സമ്മാനങ്ങൾ ചുവടെപ്പറയുന്നതാണ്:

ഒന്നാം സമ്മാനം: $2000

രണ്ടാം സമ്മാനം: $1000

ഓരോ ടീമിനും രജിസ്ട്രേഷൻ ഫീസ്: $450

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക**

ജേക്കബ് കുസുമാലയം – 845–671–9829

റയാൻ വെളിയന്തറയിൽ – 914–564–1730

ജോയൽ വിശാകൻതറ – 845–536–1333

അവസാനത്തിൽ, പങ്കെടുത്ത എല്ലാവർക്കും സെക്രട്ടറി ജോയൽ വിശാകൻതറ നന്ദി രേഖപ്പെടുത്തി പരിപാടി സമാപിച്ചു.

'ന്യൂയോർക്ക് സോഷ്യൽ ക്ലബ് ഫാമിലി നൈറ്റ്' ഒരു സാധാരണ കൂട്ടായ്മയെക്കാൾ ഏറെ – ഒരു കുടുംബമൊത്തുള്ള ആഘോഷമായിരുന്നു.

ഭാവിയിലും ഇതുപോലുള്ള പരിപാടികൾ കൂടുതൽ വിപുലമായി സംഘടിപ്പിക്കുമെന്ന് സംഘാടകർ അറിയിച്ചു.




# ഗ്രേസ് ചെറിയാൻ ന്യൂയോർക്കിൽ അന്തരിച്ചു



ന്യൂയോർക്ക്: ആറു പതിറ്റാണ്ടുകൾ അമേരിക്കയിൽ നേഴ്സ് ആയി സേവനമനുഷ്ഠിച്ച ഗ്രേസ് ചെറിയാൻ (തങ്കമ്മ–92) അന്തരിച്ചു. കൂട്ടിക്കൽ പള്ളിവാതുക്കൽ പരേതരായ പി.എം. ജോണിന്റെയും അന്നമ്മ ജോണിന്റെയും മകളാണ്. ന്യൂയോർക്ക് കാൽവറി ഫെയ്ത്ത് ടാബർനാക്കിൾ സഭാംഗമായിരുന്നു. പരേതനായ റവ. ഡോ. ജോൺ ചെറിയാനാണ് ഭർത്താവ്. സ്കറിയ ജോൺ (ന്യൂയോർക്ക്), ദീർഘകാലം ആന്ധ്രയിൽ സുവിശേഷ പ്രവർത്തകയായിരുന്ന പരേതയായ റോസമ്മ ജോൺ, പരേതരായ ഡോ. മാത്യൂസ് ജോൺ, ഏലിയാമ്മ ഫിലിപ്പ്, ജോയി ജോൺ എന്നിവർ സഹോദരങ്ങളുമാണ്. ഡൽഹിയിലും കാനഡയിലും നേഴ്സ് ആയി ജോലി നോക്കിയിട്ടുള്ള പരേത 60 വർഷങ്ങൾക്കു മുമ്പാണ് അമേരിക്കയിൽ എത്തിച്ചേർന്നത്.

സംസ്കാര ശുശ്രൂഷകൾ ജൂൺ 5–ന് വെള്ളിയാഴ്ച 5 മണിക്ക് ഗേറ്റ് വേ ഇന്റർനാഷണൽ ചർച്ചിൽ ആരംഭിക്കും. ജൂൺ 6–ന് ശനിയാഴ്ച ഉച്ചയോടെ പൈൻ ലോൺ മെമ്മോറിയൽ പാർക്ക് സെമിത്തേരിയിൽ സംസ്കാരം നടക്കും.

**വാർത്ത: കുര്യൻ ഫിലിപ്പ്**

# എസ്ഐആർ നിയമ സാധുത ശരിവച്ച് സുപ്രീംകോടതി

ന്യൂഡൽഹി: തെരഞ്ഞെടുപ്പു കമ്മീഷൻ നടത്തുന്ന സമഗ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ നിയമ സാധുത ശരിവച്ച് സുപ്രീംകോടതി. സ്വതന്ത്രവും നീതിയുക്തവുമായ തെരഞ്ഞെടുപ്പിന് എസ്ഐആർ ആവശ്യമാണെന്നും കോടതി നിരീക്ഷിച്ചു. ബിഹാറിലെ എസ്ഐആർ നടപടി ചോദ്യം ചെയ്തുള്ള ഹർജികളിലാണു ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ചിന്റെ വിധി.

ജനപ്രാതിനിധ്യനിയമം അടക്കം വിവിധ നിയമങ്ങൾക്ക് എതിരാണ് എസ്ഐആറിലെ നയപടി ക്രമമെന്ന വാദം കോടതി തള്ളി. വോട്ടർപട്ടിക പരിഷ്കരണത്തിന്റെ സാധാരണ രീതികളുമായി പൊരുത്തപ്പെടുന്നില്ലെന്നതുകൊണ്ട് എസ്ഐആർ റദ്ദാക്കാനാകില്ല. ഭരണഘടനാപരമായ ചുമതലകളുടെ ഭാഗമാണ് എസ്ഐആർ. നിയമപരമായ അധികാരപരിധിക്ക് ഉപരിയായാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രവർത്തിച്ചതെന്നു പറയാൻ കഴിയില്ല.

ഏറ്റവും ഒടുവിൽ എസ്ഐആർ നടന്ന ശേഷമുള്ള കാലയളവിൽ നടന്ന വോട്ടർ പട്ടികയിൽ ഉണ്ടായ കൂട്ടിച്ചേർക്കലുകൾ, ഒഴിവാക്കലുകൾ, ഇരട്ടിപ്പ്, ദ്രുതഗതിയിലുള്ള നഗരവൽക്കരണം, കുടിയേറ്റം തുടങ്ങി തെരഞ്ഞെടുപ്പു കമ്മീഷൻ കാരണങ്ങളോടു കോടതി യോജിച്ചു. വോട്ടർ പട്ടികയുടെ സമഗ്രത ഉറപ്പാക്കാൻ ഇതു സഹായിക്കുമെന്നും നിരീക്ഷിച്ചു.

# ഇന്ത്യയിലെ ആദ്യ സൂപ്പർ പ്രഷർ ബലൂൺ വിക്ഷേപിച്ചു

ന്യൂഡൽഹി: റെഡ് ബലൂൺ എയ്റോസ്പേസ് വികസിപ്പിച്ച ഇന്ത്യയിലെ ആദ്യ തദ്ദേശീയ സൂപ്പർ പ്രഷർ ബലൂൺ (എസ്പിബി) വിജയകരമായി വിക്ഷേപിച്ചു. വിജയവാഡയിലെ ഇന്ദിരാഗാന്ധി സ്റ്റേഡിയത്തിൽനിന്നാണ് ശാസ്ത്ര പരീക്ഷണ ഉപകരണങ്ങളുമായി വിസ്റ്റ ബലൂൺ പറന്നുയർന്നത്. 25 കി.മീ. ഉയരത്തിലെത്തിയ ബലൂൺ അന്തരീക്ഷത്തിൽ 24 മണിക്കൂർ വരെ നിൽക്കുമെന്നാണ് കരുതുന്നത്. ചെലവ് കുറവാണെങ്കിലും ഉപഗ്രഹത്തിന്റെ ദൗത്യങ്ങളെല്ലാം എസ്പിബിക്കു കഴിയുമെന്നതിനാൽ ഇന്ത്യയെ സംബന്ധിച്ച് നിർണായകമാണ് ഈ ദൗത്യം. കൂടുതൽ സമയം അന്തരീക്ഷത്തിൽ നിൽക്കാൻ കഴിയുന്ന സൂപ്പർ പ്രഷർ ബലൂണുകൾ നിർമിക്കുകയാണ് ലക്ഷ്യമെന്നു റെഡ് ബലൂൺ എയ്റോ സ്പേസ് സിഇഒ സിരീഷ് പള്ളിക്കൊണ്ട പറഞ്ഞു.

# വേൾഡ് മലയാളി കൗൺസിൽ അമേരിക്കൻ റീജിയന് നവയുവ നേതൃത്വം

ഷോളി കുമ്പിളുവേലി

ന്യൂജേഴ്സി: വേൾഡ് മലയാളി കൗൺസിൽ (WMC) അമേരിക്കൻ റീജിയന്റെ പതിനഞ്ചാമത് ദ്വിവത്സര സമ്മേളനത്തോടനുബന്ധിച്ച് നടന്ന തെരഞ്ഞെടുപ്പിൽ പുതിയ ഭാരവാഹികളെ പ്രഖ്യാപിച്ചു.

ഡാളസിൽനിന്നുള്ള ജോണി കുന്നംപുറം അമേരിക്കൻ റീജിയന്റെ പുതിയ ചെയർമാനായും സൗത്ത് ജേഴ്സിയിൽനിന്നുള്ള പിന്റോ കണ്ണമ്പള്ളി പ്രസിഡണ്ടായും തെരഞ്ഞെടുക്കപ്പെട്ടു. സൗത്ത് ജേഴ്സിയിൽനിന്നുള്ള അനീഷ് ജെയിംസ് ജനറൽ സെക്രട്ടറിയായും വീണ്ടും തെരഞ്ഞടുക്കപ്പെട്ടു.

മെയ് 15 മുതൽ 17 വരെ ന്യൂജേഴ്സിയിലെ സോമർസെറ്റിലുള്ള ഡെൽറ്റാ ഹോട്ടൽസ് ബൈ മാരിയറ്റിൽ നടന്ന ത്രിദിന സമ്മേളനം വിപുലമായ ജനപങ്കാളിത്തത്തോടെയും വർണാഭമായ പരിപാടികളോടെയും ശ്രദ്ധേയമായി. സൗത്ത് ജേഴ്സി പ്രൊവിൻസ് പ്രസിഡണ്ട് ജോൺ സാംസണും നോർത്ത് ജേഴ്സി പ്രൊവിൻസ് പ്രസിഡണ്ട് ജിനു തരിയനും കോ-കൺവീനർമാരായി സമ്മേളനത്തിന് നേതൃത്വം നൽകി.

ചെയർമാൻ, പ്രസിഡണ്ട് സ്ഥാനങ്ങളിലേക്ക് ശക്തമായ മത്സരസാധ്യതകൾ നിലനിന്നിരുന്നുവെങ്കിലും അവസാന നിമിഷം എതിർ സ്ഥാനാർത്ഥികൾ പത്രിക പിൻവലിച്ചതോടെയാണ് സമവായത്തിലൂടെ പുതിയ നേതൃത്വത്തിന് വഴിയൊരുങ്ങിയത്.

ചെയർമാൻ സ്ഥാനത്തേക്ക് മത്സരിക്കാൻ സാധ്യതയുണ്ടായിരുന്ന ന്യൂയോർക്കിൽ നിന്നുള്ള സാം മാണിക്കരോട്ട്, നോർത്ത് ടെക്സാസിൽനിന്നുള്ള ശാന്താ പിള്ള എന്നിവർ പത്രിക പിൻവലിച്ചതോടെയാണ് ജോണി കുന്നംപുറം എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടത്.

അതേസമയം, പ്രസിഡണ്ട് സ്ഥാനാർത്ഥിയായിരുന്ന ഫിലാഡൽഫിയയിലെ നൈനാൻ മത്തായി പിന്മാറിയതിനെ തുടർന്ന് പിന്റോ കണ്ണമ്പള്ളി പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു.

ചെയർമാനും പ്രസിഡണ്ടും ഉൾപ്പെടെയുള്ള പ്രധാന സ്ഥാനങ്ങളിൽ സമവായം രൂപപ്പെട്ടെങ്കിലും ജനറൽ സെക്രട്ടറി, ട്രഷറർ സ്ഥാനങ്ങളിലേക്ക് കടുത്ത മത്സരമാണ് അരങ്ങേറിയത്.

ഫ്ളോറിഡയിൽ നിന്നുള്ള സ്മിതാമോൾ ഗീവർഗീസ് തോമസിനെ പരാജയപ്പെടുത്തി സൗത്ത് ജേഴ്സിയിൽനിന്നുള്ള അനീഷ് ജെയിംസ് ജനറൽ സെക്രട്ടറിയായി വീണ്ടും വിജയിച്ചു.

ട്രഷറർ തെരഞ്ഞെടുപ്പിൽ നോർത്ത് ടെക്സാസിൽ നിന്നുള്ള ആൻസി തലച്ചെല്ലൂരിനെ മറികടന്ന് ഒന്റാറിയോയിൽ നിന്നുള്ള നിവിൻ വിൽഫ്രഡ് വിജയിച്ചു. മത്സരത്തിൽ സ്മിതാമോളും ആൻസിയും എട്ട് വോട്ടുകൾമാത്രം കിട്ടി പിന്നിലായി. തുടർന്ന് സ്മിതാമോൾ ജോയിന്റ് സെക്രട്ടറിയായി പ്രവർത്തിക്കാനുള്ള ആഗ്രഹം ജനറൽ കൗൺസിലിനെ അറിയിക്കുകയും അത് കമ്മിറ്റി അംഗീകരിക്കുകയുമായിരുന്നു.

ഇതിനുപുറമെ വൈസ് പ്രസിഡണ്ട് (അഡ്മിൻ) സ്ഥാനത്തേക്ക് കാലിഫോർണിയയിൽ നിന്നുള്ള ജേക്കബ് എഫ്രേമും വൈസ് പ്രസിഡണ്ട് സ്ഥാനത്തേക്ക് ഫിലാഡൽഫിയയിൽ നിന്നുള്ള ജോസ് ആറ്റുപുറവും എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.

സമ്മേളനത്തിൽ ബഹുമാനപ്പെട്ട ന്യൂജേഴ്സി അസംബ്ലിമാൻ സ്റ്റെർലി സ്റ്റാൻലി മുഖ്യാതിഥിയായും 'സൂപ്പർ ക്ലാസിക് മിസിസ് ഇന്ത്യ 2025' ജേതാവായ ഡോ. ആലീസ് മാത്യു വിശിഷ്ടാതിഥിയായും പങ്കെടുത്തു.

മൂന്നുദിവസം നീണ്ടുനിന്ന സമ്മേളനം കലാപരിപാടികൾ, സംഗീതവിരുന്നുകൾ, മെന്റലിസം ഷോകൾ, വിവിധ വിനോദപരിപാടികൾ എന്നിവകൊണ്ട് ശ്രദ്ധേയമായി. ഡോ. സൂസൻ ചാണ്ടിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'ശ്രീമാൻ ശ്രീമതി' മത്സരം കാണികൾക്ക് ഏറെ പുതുമയും ആവേശവും സമ്മാനിച്ച പ്രധാന ആകർഷണമായി മാറി.

വിപുലമായ ജനപങ്കാളിത്തത്തോടെയും സംഘടനാ ഐക്യത്തിന്റെ ശക്തമായ സന്ദേശത്തോടെയും സമ്മേളനം വിജയകരമായി സമാപിച്ചു. മുൻ ചെയർമാൻ ചാക്കോ കോയിക്കൽത്ത് ഭാരവാഹികൾക്ക് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

പുതുനേതൃത്വത്തിന് എല്ലാ ആശംസകളും നേർന്ന അദ്ദേഹം, സംഘടനയുടെ ഭാവി പ്രവർത്തനങ്ങൾക്ക് പൂർണ്ണപിന്തുണയും വാഗ്ദാനം ചെയ്തു.

മുൻ പ്രസിഡണ്ട് ജോൺസൻ തലച്ചെല്ലൂർ, ഗ്ലോബൽ ചെയർമാൻ ഗോപാല പിള്ള WMC സ്ഥാപക നേതാക്കന്മാരിൽ ഒരാളായ ആൻഡ്രൂ പാപ്പച്ചൻ, സോമൻ ജോൺ തോമസ്, അനിൽ പുത്തൻചിറ, ഷിജോ പൗലോസ്, ബോബി തോമസ് തുടങ്ങിയ പ്രമുഖർ പരിപാടികളിൽ പങ്കെടുത്തു.

### അമേരിക്കൻ റീജിയന്റെ പുതിയ ഭാരവാഹികൾ:

ചെയർമാൻ- ജോണി കുന്നംപുറം (ഡാളസ്)

പ്രസിഡണ്ട്- പിന്റോ കണ്ണമ്പള്ളി (സൗത്ത് ജേഴ്സി)

ജനറൽ സെക്രട്ടറി- അനീഷ് ജെയിംസ് (സൗത്ത് ജേഴ്സി)

ട്രഷറർ- നിവിൻ വിൽഫ്രഡ് (ഒന്റാറിയോ, കാനഡ)

വൈസ് പ്രസിഡണ്ട് (അഡ്മിൻ)- ജേക്കബ് എഫ്രേം (കാലിഫോർണിയ)

വൈസ് പ്രസിഡണ്ട്- ജോസ് ആറ്റുപുറം (ഫിലാഡൽഫിയ)

വൈസ് ചെയർപേഴ്സൺ- മിനി നായർ (സതേൺ ആൽബർട്ട)

വൈസ് ചെയർമാൻ- ജെയിംസ് പീറ്റർ (ഫിലാഡൽഫിയ)

ജോയിന്റ് സെക്രട്ടറി- സ്മിതാമോൾ ജി. തോമസ് (ഫ്ളോറിഡ)

വിമൻസ് ഫോറം പ്രസിഡണ്ട്- ഡോ. സൂസൻ ചാണ്ടി (സതേൺ ആൽബർട്ട)

വിമൻസ് ഫോറം സെക്രട്ടറി- ആലീസ് മാഞ്ചേരി (ഫ്ളോറിഡ)

യൂത്ത് ഫോറം പ്രസിഡണ്ട് - ബിബി മോഹൻ (സതേൺ ആൽബർട്ട)




## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 94.87 |
| യൂറോ | 110.55 |
| സ്റ്റെർലിംഗ്പൗണ്ട് | 127.77 |
| സ്വിസ് ഫ്രാങ്ക് | 121.25 |
| സിംഗപ്പൂർ ഡോളർ | 74.30 |
| കനേഡിയൻ ഡോളർ | 68.73 |
| ഒമാൻ റിയാൽ | 246.78 |
| ബഹ്റൈൻ ദിനാർ | 251.47 |
| സൗദി റിയാൽ | 25.15 |
| യു.എ.ഇ. ദിർഹം | 25.83 |
| കുവൈത്ത് ദിനാർ | 306.64 |



# ഡൽഹി, മുംബൈ ആക്രമണത്തിനു പദ്ധതിയിട്ട ഒൻപത് ഭീകരർ അറസ്റ്റിൽ

ന്യൂഡൽഹി: പിടികിട്ടാപ്പുള്ളി ദാവൂദ് ഇബ്രാഹിമിന്റെ ശൃംഖലയുമായും പാകിസ്താന്റെ ഐഎസ്ഐയുമായും ബന്ധമുണ്ടെന്നു സംശയിക്കുന്ന ഭീകര മൊഡ്യൂൾ തകർത്ത് ഡൽഹി പോലീസ് സ്പെഷൽ സെൽ. ഒൻപത് പേരെ അറസ്റ്റ് ചെയ്തു. ആയുധങ്ങൾ, ഹാൻഡ് ഗ്രനേഡുകൾ, സ്ഫോടകവസ്തുക്കൾ എന്നിവയുടെ ശേഖരം പിടിച്ചെടുത്തു.

ദേശീയ തലസ്ഥാനത്തെ തന്ത്രപ്രധാന ഇടങ്ങളിലും സാമ്പത്തികതലസ്ഥാനമായ മുംബൈയിലും ഉൾപ്പെടെ ആക്രമണം നടത്താൻ ഈ ശൃംഖല തയാറെടുക്കുകയായിരുന്നെന്ന് അന്വേഷണസംഘം അനുമാനിക്കുന്നു. ആണവനിലയങ്ങൾ, വിമാനത്താവളങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ഊർജ നിലയങ്ങൾ എന്നിവയായിരുന്നു ഇവരുടെ ലക്ഷ്യങ്ങളിൽ ആദ്യസ്ഥാനങ്ങളിൽ. ഡൽഹിയിലെ നിർണായക സ്ഥാപനങ്ങൾ, സുരക്ഷാ ഉദ്യോഗസ്ഥർ, പ്രമുഖ മതകേന്ദ്രങ്ങൾ എന്നിവയുൾപ്പെടെ ഇവർ ലക്ഷ്യമിട്ടതായി വാർത്താ ഏജൻസിയായ എ.എൻ.ഐയും റിപ്പോർട്ട് ചെയ്തു.

അതിർത്തിക്കപ്പുറത്ത് നിന്ന് പ്രവർത്തിക്കുന്ന ഹാൻഡ്‌ലർമാരുടെ പിന്തുണയോടെയാണ് ഭീകരശൃംഖല മുന്നോട്ടുപോയത്. അറസ്റ്റിലായവർക്കു പാകിസ്താൻ പിന്തുണയുള്ള ഭീകരരുമായും മുംബൈ അധോലോക ശൃംഖലയുമായും ബന്ധമുണ്ടെന്ന് പ്രാഥമിക അന്വേഷണത്തിൽ സൂചന കിട്ടി.



ഭീകരശൃംഖലയിലെ അംഗങ്ങളെ മുഖംമൂടിയണിയിച്ച് മാധ്യമങ്ങൾക്കുമുന്നിൽ പ്രദർശിപ്പിച്ചപ്പോൾ.

അറസ്റ്റിലായവരിൽ ഡൽഹി, മുംബൈ, പഞ്ചാബ് എന്നിവിടങ്ങളിൽ താമസിക്കുന്നവരുണ്ട്. നേപ്പാൾ വംശജരെന്ന് കരുതുന്നവരും ഇവരിൽ ഉൾപ്പെടുന്നു. ഗൂഢാലോചനയിൽ ഇവരും പങ്കാളികളാണെന്ന് അന്വേഷണസംഘം സംശയിക്കുന്നു.

മൊഡ്യൂളിന്റെ ഫണ്ടിങ് ചാനലുകൾ, റിക്രൂട്ട്മെന്റ് രീതികൾ, ലോജിസ്റ്റിക്കൽ പിന്തുണ എന്നിവ കണ്ടെത്താനുള്ള നീക്കത്തിലാണ് അന്വേഷണ ഉദ്യോഗസ്ഥർ. ഭീകരശൃംഖല നിലനിർത്താൻ സഹായിച്ച ഹാൻഡ്‌ലർമാർ, പ്രാദേശിക ഫെസിലിറ്റേറ്റർമാർ തുടങ്ങിയവരുടെ പങ്കും ഏജൻസികൾ പരിശോധിച്ചുവരികയാണ്. പ്രതികൾ അവരുടെ വിദേശ കോൺടാക്റ്റുകളുമായി എങ്ങനെ ആശയവിനിമയം നടത്തിയെന്നും അന്വേഷിക്കുന്നുണ്ട്.

ദാവൂദ് ഇബ്രാഹിമിന്റെ സിൻഡിക്കേറ്റുമായി ബന്ധപ്പെട്ട നെറ്റ്‌വർക്കുകൾ തകർക്കാൻ ഇന്ത്യൻ ഏജൻസികൾ നടത്തുന്ന ശ്രമങ്ങൾക്കിടയിലാണ് ഏറ്റവും പുതിയ അറസ്റ്റുകൾ. കഴിഞ്ഞ മാസം, ദാവൂദ് ഇബ്രാഹിമിന്റെ മുതിർന്ന കൂട്ടാളി മുഹമ്മദ് സലിം ദോലയെ തുർക്കിയിൽനിന്ന് ഇന്ത്യയിലേക്ക് നാടുകടത്തിയിരുന്നു.

ഡി-കമ്പനിയുടെ രാജ്യാന്തര മയക്കുമരുന്ന് കടത്ത് ശൃംഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ദോല പ്രധാന പങ്ക് വഹിച്ചിട്ടുണ്ടെന്ന് അന്വേഷണ ഉദ്യോഗസ്ഥർ ചൂണ്ടിക്കാട്ടുന്നു.

## കാട്ടാന ആക്രമണത്തിൽ കർഷകന് ദാരുണാന്ത്യം

ചാലക്കുടി: കൃഷിയിടത്തിലിറങ്ങിയ കാട്ടാനയെ ഓടിക്കാൻ തീപ്പന്തവുമായി ചെന്ന കർഷകരിലൊരാൾ കാട്ടാനയുടെ ചവിട്ടേറ്റു മരിച്ചു. അതിരപ്പിള്ളി പഞ്ചായത്ത് നാലാംവാർഡ് വൈശേരിയിൽ പുല്ലർകാട് മോഹനനാണ് (65) ദാരുണാന്ത്യം. മെയ് 30-ന് പുലർച്ചെ രണ്ടരയോടെ മോഹനന്റെ വീടിനോട് ചേർന്ന കൃഷിയിടത്തിലെത്തിയ കാട്ടാനയെ ഓടിക്കാൻ പരിസരവാസികളുമൊത്ത് തീപന്തവുമായി നീങ്ങിയതാണ് മോഹനൻ. ഓടിക്കുന്നതിനിടെ ആന തിരിഞ്ഞോടി. നിലത്തുവീണ മോഹനന് ചവിട്ടേറ്റു. ഉടൻ ചാലക്കുടിയിൽ ആശുപത്രിയിൽ എത്തിച്ചുവെങ്കിലും രക്ഷിക്കാനായില്ല. പോസ്റ്റ്മോർട്ടത്തിനുശേഷം മൃതദേഹം ബന്ധുക്കൾക്ക് കൈമാറി.

ഭാര്യ: ഗിരിജ. മക്കൾ: ഗ്രീഷ്മ (സിആർപിഎസ്, മണിപ്പൂർ), ആദർശ് (എഞ്ചിനീയറിങ് വിദ്യാർത്ഥി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ജനങ്ങൾ കൊല്ലപ്പെടുന്ന സംഭവങ്ങളിൽ പ്രാഥമിക ഉത്തരവാദിത്വം വനംവകുപ്പിന് തന്നെയാണെന്ന് വനംമന്ത്രി ഷിബു ബേബി ജോൺ പറഞ്ഞു. മരിച്ച മോഹനന്റെ കുടുംബത്തിന് ഉടൻ നഷ്ടപരിഹാരം കൈമാറുമെന്നും മന്ത്രി അറിയിച്ചു.

## സീറാം സാംബശിവ റാവു എക്സൈസ് കമ്മീഷണർ



തിരുവനന്തപുരം: കേരളത്തിലെ പുതിയ എക്സൈസ് കമ്മീഷണറായി സീറാം സാംബശിവ റാവുവിനെ നിയമിച്ചു. മുൻ മുഖ്യമന്ത്രിയുടെ ഓഫീസർ ഓൺ സ്പെഷൽ ഡ്യൂട്ടിയും ഐടി സെക്രട്ടറിയുമായിരുന്നു. എക്സൈസ് കമ്മീഷണർ സ്ഥാനത്തേക്ക് ഐഎഎസ് ഉദ്യോഗസ്ഥരെ മാത്രമേ പരിഗണിക്കാവൂ എന്ന അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വിധിയുടെ അടിസ്ഥാനത്തിൽ എഡിജിപി എം.ആർ. അജിത്കുമാറിനെ ആ സ്ഥാനത്തുനിന്നു മാറ്റിയതോടെ, മാസങ്ങളായി തസ്തിക ഒഴിഞ്ഞുകിടക്കുകയായിരുന്നു.

## ലോകസമാധാനത്തിനായി പ്രാർത്ഥന തുടരാം: മാർപാപ്പ

വത്തിക്കാൻ സിറ്റി: ലോകസമാധാനത്തിനായി നമ്മൾ പ്രാർത്ഥന തുടരേണ്ടതുണ്ടെന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ യുദ്ധക്കെടുതികളിലൂടെ കടന്നുപോകുന്ന ജനങ്ങളുടെ നിലവിളി കേൾക്കാനാകണമെന്നും ലെയോ പതിനാലാമൻ മാർപാപ്പ.

പരിശുദ്ധ ദൈവമാതാവിന്റെ വണക്കമാസ സമാപനത്തോടനുബന്ധിച്ച് വത്തിക്കാൻ ഗാർഡൻസിലെ ലൂർദ്മാതാവിന്റെ ഗ്രോട്ടോയ്ക്കു മുന്നിൽ ലോക സമാധാനത്തിനായി നടത്തിയ ജപമാല പ്രാർത്ഥനയിൽ സന്ദേശം നല്കുകയായിരുന്നു മാർപാപ്പ.

സമാധാനം എന്നത് ഒരു പരീക്ഷണശാലയിൽ പരീക്ഷിക്കേണ്ട സിദ്ധാന്തമോ കേവലമൊരു മിഥ്യയോ സ്വാർത്ഥ താല്പര്യത്താൽ പിന്തുടരേണ്ട ഒരു കാര്യമോ അല്ല. മറിച്ച്, അത് ആത്മാർത്ഥമായ ഹൃദയത്തോടെ അന്വേഷിക്കണം. അത് ദൈനംദിന പ്രതിബദ്ധതയാകണം. നീതിയിൽ നിന്നും സ്നേഹത്തിൽ നിന്നുമാണ് സമാധാനം ഉണ്ടാകുന്നത്.

കുടുംബങ്ങളെയും ജനങ്ങളെയും സമൂഹങ്ങളെയും രാഷ്ട്രങ്ങളെയും ഒരുമിച്ചു കൊണ്ടുവരുന്ന ഐക്യമാണത്. സമാധാനം നിഷേധിക്കപ്പെട്ടവരുടെ നിലവിളി കേൾക്കാൻ നാം തീരുമാനിക്കുമ്പോൾ അതു സാധ്യമാകും: മാർപാപ്പ പറഞ്ഞു.

ജപമാലയുടെ ഓരോ രഹസ്യത്തിലും യുദ്ധക്കെടുതികൾ നേരിടുന്നവരെ സമർപ്പിച്ച് പ്രാർത്ഥിച്ചു. ഒന്നാമത്തെ രഹസ്യത്തിൽ യുദ്ധത്തിന്റെ ഇരകൾക്കു വേണ്ടിയായിരുന്നു പ്രാർത്ഥന. രണ്ടാം രഹസ്യത്തിൽ യുദ്ധമേഖലകളിൽ പ്രതീക്ഷയുടെ കിരണം തെളിയിക്കുന്നവരെ സ്മരിച്ചു.

മൂന്നാം രഹസ്യത്തിൽ യുദ്ധമേഖലയിൽ പ്രവർത്തിക്കുന്ന ആരോഗ്യ സന്നദ്ധ പ്രവർത്തകർക്കു വേണ്ടിയും നാലാം രഹസ്യത്തിൽ യുദ്ധത്തടവുകാർക്കും ഇതര സഹനങ്ങൾ നേരിടുന്നവർക്കു വേണ്ടിയും പ്രാർത്ഥിച്ചു. അഞ്ചാം രഹസ്യത്തിൽ യുദ്ധങ്ങളെല്ലാം അവസാനിച്ച് ദീർഘകാല സമാധാനം പുലരാനായിരുന്നു പ്രാർത്ഥന.

ജപമാലയിൽ ആത്മീയമായി പങ്കുചേരാൻ ലോകമെമ്പാടുമുള്ള വിശ്വാസികളോടും വിവിധ തീർത്ഥാടനകേന്ദ്രങ്ങളോടും വത്തിക്കാൻ അഭ്യർത്ഥിച്ചിരുന്നു. ഇതുപ്രകാരം പോർച്ചുഗലിലെ ഫാത്തിമ, ഫ്രാൻസിലെ ലൂർദ്, യുക്രെയ്നിലെ സർവാനിറ്റ്സിയ, ഫിലിപ്പീൻസിലെ ആന്റിപോളോ, ബോസ്നിയയിലെ മെജുഗോറെ, ഇറ്റലിയിലെ ലൊറേറ്റോ തുടങ്ങിയ ലോകപ്രശസ്ത മരിയൻ തീർത്ഥാടനകേന്ദ്രങ്ങളിലും പ്രത്യേക ജപമാല പ്രാർത്ഥന സംഘടിപ്പിച്ചിരുന്നു.

## അവാർഡ് വന്നുപോയ വഴി

(25-ാം പേജിൽനിന്നും)

എന്റെ തലയിലൊരു വെള്ളിടി വെട്ടി ഈ കാലമാടന്മാർ അച്ചാറു തീർത്താൽ, എന്റെ കാര്യം കട്ടപ്പുക!

പുസ്തകങ്ങൾ വായിച്ചു വിലയിരുത്തുന്നതിനു പകരം, മറ്റുള്ളവരുടെ കുറ്റം പറഞ്ഞ് ഞങ്ങൾ ഓരോ നിമിഷവും ആനന്ദിച്ചു.

അഞ്ചു മണി കഴിഞ്ഞു സമയം ആറിനോടടുക്കുന്നു. പരിചയമുള്ള ആരുടെയും ബുക്കുകൾ കൂട്ടത്തിലില്ല.

നടനും സാഹിത്യകാരനുമായ ശ്രീ തമ്പി ആന്റണിക്ക് അവാർഡ് കൊടുത്താലോ എന്നാലോചിച്ചു. അദ്ദേഹത്തെ വിളിച്ചു ചോദിച്ചപ്പോൾ അവാർഡ് മത്സരത്തിനൊന്നും താൻ പങ്കെടുക്കാറില്ല, തനിക്കു വേണ്ട എന്നുപറഞ്ഞു. അങ്ങനെ കൊടുക്കാത്ത അവാർഡ് തമ്പി നിരസിച്ചു.

സുഹൃത്തായ ജോൺ ഇളമതയെ ഒന്ന് ഇളക്കുവാൻ നോക്കി. ജർമ്മനിയിൽ തുടങ്ങി, കാനഡയിലൂടെ അമേരിക്കയിലെത്തി. കടലുകടന്ന് കേരളം വരെ പരന്നുകിടക്കുന്നു അദ്ദേഹത്തിന്റെ സാഹിത്യ തപസ്യ. ന്യൂജേഴ്‌സിയിൽ വരെ വന്നു അവാർഡ് സ്വീകരിക്കുവാൻ ബുദ്ധിമുട്ടുണ്ടെന്നു പറഞ്ഞ് അദ്ദേഹവും ഒഴിഞ്ഞു.

ശ്രീ അബ്ദുൾ പുന്നയൂർക്കുളം മലയാളത്തിലും ഇംഗ്ലീഷിലും സാഹിത്യം പേശുന്ന ആളാണ്. വിളിച്ചു ചോദിച്ചു.

വണ്ടിക്കൂലിയും വള്ളക്കൂലിയും കൊടുക്കാമെങ്കിൽ വരാമെന്നു പറഞ്ഞു.

അതിനു വകുപ്പില്ല, സംഘടന ശൈശവദശയിലാണ്, ഫണ്ട് പിരിവ് തുടങ്ങിയിട്ടില്ല. സ്പോൺസേഴ്‌സ് മുഖംതിരിഞ്ഞു നിൽക്കുകയാണ്.

എന്നാപ്പിന്നെ 'കൊച്ചാപ്പിക്കഥകൾ' എഴുതി പ്രശസ്തിനേടിയ ശ്രീ ജോർജ് തുമ്പയിലിനോട് ഒന്ന് അന്വേഷിക്കാമെന്നു കരുതി.

"അതു ശരിയാവില്ല. ന്യൂജേഴ്‌സിക്കാരനായ ഞാൻ, ന്യൂജേഴ്‌സിയിൽ നടക്കുന്ന ഒരു പരിപാടിയുടെ അവാർഡ് സ്വീകരിക്കുന്നതിൽ അനൗചിത്യമുണ്ട്." തുമ്പയിൽ തന്ത്രത്തിൽ ഒഴിഞ്ഞുമാറി.

അവാർഡ് കമ്മിറ്റിയിലെ വലിയ ചെയർമാനായ ഞാനും കൂടെയുള്ള ചെറിയ ചെയർമാന്മാരും 'ജ്ഞാനപീഠം' അവാർഡിനു വരെ അർഹതയുള്ളവരാണ്. ഞങ്ങൾ ആരെങ്കിലും അവാർഡ് അടിച്ചുമാറ്റിയാൽ അതിലൊരു 'Conflict of interest' ആരോപണസാദ്ധ്യതയുണ്ട്.

ചെറിയ ചെയർമാന്മാരിൽ ഒരാളുടെ കണ്ണുകൾ 'കാറ്റിലാടുന്ന തെങ്ങോലകൾ' എന്ന കൃതിയിൽ തറച്ചു. നോവലിസ്റ്റിനെ വിളിച്ചു. പുള്ളിക്കാരന് സന്തോഷംകൊണ്ട് ഇരിക്കാൻ പറ്റാത്ത ഒരവസ്ഥ. പത്തു പുത്തൻ വേണമെങ്കിൽ ഇങ്ങോട്ടു തരാമെന്നുള്ള വാശിക്കാരൻ.

അവാർഡിനൊരു പേരു വേണം, 'എഴുത്തച്ഛൻ, വള്ളത്തോൾ' തുടങ്ങിയ പേരുകളിലൊക്കെ അവാർഡുകൾ നിലവിലുണ്ട്. അതുക്കും മേലെ നിൽക്കണം നമ്മുടെ അവാർഡ്.

ആർത്തവം, മുല, ഗർഭം, ഭ്രൂണം തുടങ്ങിയ വാക്കുകളൊക്കെ അവിടെയും ഇവിടെയുമൊക്കെ പെറുക്കിവെച്ച് 'ആധുനിക കവി' എന്നു പേരെടുത്തിട്ടുള്ള ജയൻ, 'ഹെർമൻ ഗുണ്ടർട്ട് അവാർഡ്' എന്ന പേരു നിർദ്ദേശിച്ചു. പേരിനൊരു 'ഗും' ഉണ്ട്. അത് എല്ലാവർക്കും സ്വീകാര്യമായി.

പത്തു മുപ്പതു പേരടങ്ങിയ ഒരു നിറഞ്ഞ സദസ്സിനെ സാക്ഷിനിർത്തിക്കൊണ്ട്, നമ്മുടെ നോവലിസ്റ്റ് എല്ലാവർക്കും ഗുരുതുല്യനായ ഡോ. എ. കെ.ബി പിള്ളയിൽ നിന്നും 'ഡോ. ഹെർമൻ ഗുണ്ടർട്ട്' അവാർഡ് ഏറ്റുവാങ്ങി.

"ഏത് കോപ്പനാ ഈ ഗുണ്ടർട്ട്?" ചെരിപുറം എന്നോട് ചോദിച്ചു.

"ആർക്കറിയാം? ആരായാൽ നമുക്കെന്താ? ഏതായാലും പരിപാടി ഭംഗിയായി നടന്നല്ലോ! നമുക്കതു മതി."

എങ്ങും തൊടാതെ ഒരു മറുപടി കൊടുത്തിട്ട് ഞാൻ അവിടെനിന്നും മുങ്ങി.

# SEEKING BRIDEGROOM

*Roman Catholic parents looking for groom for 24 year old, tall, beautiful and God-fearing daughter. She completed her masters in social science and works for the U.S. government hospital. Inviting suitable groom with good education. Please email with photo to **seanjoey2020@gmail.com**

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

**Visit Our Website:**
**www.keralaexpress.com**
**for Matrimonial Advt.**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

# SEEKING BRIDE

* Christian parents settled in USA since 1997 invite proposals for their son, 36 years old, 5'7", born again and baptized and in fellowship with a Pentecostal Church in Florida. He is a Computer Engineer with Masters degree and works as a Senior software Engineer with Lockheed Martin since few years. He had a kidney transplant in 2010 and been doing very well physically all these years. Parents of born again girls from US or Canada may respond to me for further details and photos. My phone number: **863-709-6031** and email: **mathewg1956@gmail.com**

*Pentecostal parents settled in USA invite proposals for their born again, baptized son (25, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com** or **972 832 8784**

*Pentecostal parents prayerfully seeking proposals for our son, born and brought up in Texas, US (Dec 1995 5'9") Graduated DNP and working as a nurse practitioner in an outpatient clinic in Texas. He is living and attending church with us. Inviting proposals from the parents of girls attending Pentecostal church, preferably non ornamental & from US. Please contact with a full-size picture. Phone # **214-732-9726.**

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to **alexkalarickal@gmail.com** with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

## SEEKING BRIDEGROOM CONTD.....

**Visit Our Website:**
**www.keralaexpress.com**
**for Matrimonial Advt.**

## ഇ.ടി. മാത്യു

**കുറുപ്പന്തറ:** റെയിൽവേ റിട്ട. എൻജിനീയർ വയലുപടിക്കൽ ഇ.ടി. മാത്യു (90) അന്തരിച്ചു. ഭാര്യ: എടാട്ട് എം.സി. ത്രേസ്യാമ്മ. മക്കൾ: ടോം (ഐഐടി മുംബൈ), അനിൽ (യുഎസ്). മരുമക്കൾ: ഫിൻസി കണ്ണച്ചാംപറമ്പിൽ (കുറുപ്പന്തറ), സോണി ഓവേലിൽ (കട്ടപ്പന).

**ചെറുപുഴ:** ചെറുപുഴ കന്നിക്കളം നവജ്യോതി കോളജ് മാനേജർ ഫാ. ജോസഫ് ചാത്തനാട്ട് (82) അന്തരിച്ചു.

**മാവേലിക്കര:** അഗ്രിക്കൾച്ചർ എൻജിനീയറിങ് വിങ് റിട്ട. ഓവർസീയർ ചെറുകോൽ പാറക്കാട്ട് ജോൺ മാത്യു (67) അന്തരിച്ചു.

**അതിരമ്പുഴ:** ടെലിഫോൺസ് റിട്ട. ഉദ്യോഗസ്ഥൻ എടത്വ കരിക്കംപള്ളിൽ തൊള്ളായിരത്തിൽ ജോസഫ് വർഗീസ് (ബേബിച്ചൻ-87) അന്തരിച്ചു.

## സെലിൻ തോമസ്

**തിരുവനന്തപുരം:** വാൻറോസ് ജംഗ്ഷൻ പുത്തൻപുരയ്ക്കലിൽ സിൻഡിക്കേറ്റ് ബാങ്ക് റിട്ട. ഡെപ്യൂട്ടി ഡിവിഷണൽ മാനേജർ സെലിൻ തോമസ് (90) അന്തരിച്ചു. ചങ്ങനാശേരി പുല്ലാംകുളം കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ പി.എസ്. തോമസ് (സീനിയർ അക്കൗണ്ട്സ് ഓഫീസർ, ഏജീസ് ഓഫീസ്). മക്കൾ സിബി തോമസ് (ഏജീസ് ഓഫീസ്), ഷീല തോമസ് (യുഎസ്), ആശാ തോമസ് (സിംഗപ്പൂർ), മായ തോമസ് (അബുദാബി). മരുമക്കൾ: ടിസി മേരി ജോൺ പാറേക്കാട്ട് (റിട്ട. അധ്യാപിക), കുര്യൻ ഏബ്രഹാം പുള്ളുരുത്തിക്കൽ ചേർത്തല, ജിമ്മി ഏബ്രഹാം കുന്നപ്പള്ളി കണ്ണൂർ, അനിൽ ഏബ്രഹാം, ജോർജ് നാല്പത്തഞ്ചിൽ (തിരുവനന്തപുരം).

**രാമപുരം:** രാമപുരം മാർ ആഗസ്തിനോസ് കോളജ് വൈസ് പ്രിൻസിപ്പൽ കോയിപ്പിള്ളിൽ കെ.എം. തോമസ് (94) അന്തരിച്ചു.

**നാട്ടകം:** പകലോമറ്റം താഴത്തേടത്ത് പാക്കിൽ (മൈസൂർ ഹൗസ്) സാറാമ്മ സക്കറിയ (തങ്കമ്മ-81) അന്തരിച്ചു.

## കരിപ്പറമ്പിൽ ജോസഫ്

**ഏറ്റുമാനൂർ:** വെളിയനാട് കരിപ്പറമ്പിൽ ജോസഫ് (89) ന്യൂയോർക്കിൽ അന്തരിച്ചു. ഭാര്യ പരേതയായ ലീലാമ്മ തെക്കേമ്യാലിൽ. മക്കൾ: ജിലു, മാത്യു, ജെയിംസ്, ലൂക്ക്. മരുമക്കൾ: സന്തോഷ് മാനുങ്കൽ (കരിങ്കുന്നം), ബിന്ദുമോൾ ചക്കുങ്കൽ (കരിങ്കുന്നം), രാഖി മുണ്ടയ്ക്കൽ (നീറിക്കാട്), സ്നേഹ പുത്തൻപുരയിൽ (കണ്ണങ്കര).

**തോടനാൽ:** പാറക്കുളങ്ങര ഏലിയാമ്മ ജോസഫ് (71) അന്തരിച്ചു.

## ബ്രിജിത്താ മാത്യു

**ഉപ്പുതോട്:** ആദ്യകാല കുടിയേറ്റ കർഷക ബ്രിജിത്താ മാത്യു മുണ്ടയ്ക്കാട്ട് (94) അന്തരിച്ചു. രാമപുരം കുളത്തുങ്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ മാത്യു (മുണ്ടയ്ക്കാട്ട് വൈദ്യർ). മക്കൾ: ആനീസ്, ജോയി മാത്യു (യുഎസ്), റയമണ്ട് മാത്യു (യുകെ), ജെയ്സൺ മാത്യു, പരേതരായ ബേബി മാത്യു, ജസ്റ്റിൻ മാത്യു, ക്ലമന്റ് മാത്യു. മരുമക്കൾ: പരേതനായ ജോസ് ചെറിയാൻ മുഴിയിൽ (തൃപ്പൂണിത്തുറ), ക്യാപ്റ്റൻ റോസ് തൂട്ടയിൽ (ഭരണങ്ങാനം), ജെസ്സി കല്ലമ്മാരുകുന്നേൽ (ഉപ്പുതോട്), ബിന്നി പരവാരകത്ത് (മരിയാപുരം), ഷൈജി വാളിയംപ്ലാക്കൽ (മുരിക്കാശേരി), പ്രകാശ് മുണ്ടയ്ക്കൽ (കോട്ടയം), മിനി നെല്ലിപ്പിള്ളിൽ (ഏറ്റുമാനൂർ), ജെയ്സി കണിയാംകണ്ടത്തിൽ (കഞ്ഞിക്കുഴി).


**കാഞ്ഞിരപ്പള്ളി:** ഇടിമണ്ണിക്കൽ ജ്വല്ലറി ജീവനക്കാരൻ കപ്പാട് കാരയ്ക്കാട്ട് ജെയ്സൺ തോമസ് (48) അന്തരിച്ചു.

**ചങ്ങനാശേരി:** പാറേൽ ജെഎംഎൽപി സ്കൂൾ റിട്ട അധ്യാപിക വലിയകുളം പാത്തിക്കൽമുക്ക് പാത്തിക്കൽ അമ്മിണി മാത്യു (89) അന്തരിച്ചു.

**ആർപ്പൂക്കര:** ഗ്രാമപഞ്ചായത്ത് മുൻ അംഗം പെരുമ്പടപ്പ് പത്തിച്ചിറയിൽ തോമസ് മാത്യു (കുഞ്ഞുമോൻ-74) അന്തരിച്ചു.

**അയിരൂർ:** കസ്റ്റംസ് റിട്ട. ഓഫീസർ അയിരൂർ കുന്നംകുഴി തുണ്ടിയിൽ കെ.ജെ. ജോൺ (84) അന്തരിച്ചു.

## ജോസഫ് പാറാനിക്കൽ അന്തരിച്ചു



**റാന്നി:** ജോസഫ് പാറാനിക്കൽ (88) റാന്നിയിൽ അന്തരിച്ചു. ഭാര്യ ത്രേസ്യാമ്മ ഒളശ്ശ തയ്യിൽ കുടുംബാംഗമാണ്.

മക്കൾ: ജിനു മാളിക (ന്യൂജേഴ്സി), ജിനോയി പാറാനിക്കൽ (ചിക്കാഗോ), ജിജി പുതുപ്പറമ്പിൽ (ഫിലാഡൽഫിയ). മരുമക്കൾ: സലി മാളിക (ഒളശ്ശ), സനിത തേക്കനാട്ട് (പിറവം), ജോസ് പുതുപ്പറമ്പിൽ (റാന്നി).

കൊച്ചുമക്കൾ: ജേക്ക് & സിന്ധ്യ മാളിക, ജെനിറ്റ മാളിക, ജെസ്സി മാളിക, നിക്കോൾ, ഷാനൻ, ഇമ്മാനുവൽ, ഇസബെൽ (പാറാനിക്കൽ), അലൻ, ഐസക് പുതുപ്പറമ്പിൽ.

കൊച്ചുമകൻ: മൈക്ക മാളിക.

## കെ.എസ്. മറിയാമ്മ

**തോട്ടയ്ക്കാട്:** വടവാതൂർ എംടി എൽപി സ്കൂൾ മുൻ പ്രധാനാദ്ധ്യാപിക ചിറപ്പുറത്ത് തണങ്ങുംപതിക്കൽ കെ.എസ്. മറിയാമ്മ (പൊന്നമ്മ-91) അന്തരിച്ചു. സൗത്ത് പാമ്പാടി കൊച്ചുവീട്ടിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ വി.കെ. ആൻഡ്രൂസ്. മക്കൾ: മേരി കുര്യൻ (യുഎസ്), കുര്യാക്കോസ് ആൻഡ്രൂസ്, മിനി എബി (ബെംഗ്ളൂരു), മരുമക്കൾ: അശ്വതി പി. ചാക്കോ, പരേതരായ കുര്യൻ കടപ്പൂര്, (യുഎസ്), എബി തോമസ് (ബെംഗ്ളൂരു).

**കളർകോട്:** കോൾ ഇന്ത്യ ബിലാസ്പുർ റിട്ട. ഉദ്യോഗസ്ഥൻ ജയലക്ഷ്മി വീട്ടിൽ എ.കെ. ഗോപിനാഥ് (82) അന്തരിച്ചു.

**വടശേരിക്കര:** ഗുജറാത്ത് ഫിഷറീസ് റിട്ട. സിഇഒ ഊരംവേലിൽ മോഡൽസ് ഹൗസിൽ മാത്യു ഉമ്മൻ (87) അന്തരിച്ചു.

**ആർപ്പൂക്കര:** പിണഞ്ചിറക്കുഴി കറങ്ങാമറ്റം വീട്ടിൽ തങ്കമ്മ കുട്ടപ്പൻ (93) അന്തരിച്ചു.

**തിരുവല്ല:** നഗരസഭ മുൻ കൗൺസിലർ ചാലക്കുഴി കുഴിത്തോട്ടത്തിൽ ജോൺ മത്തായി (സജി ചാലക്കുഴി-69) അന്തരിച്ചു.

## അന്നമ്മ വർഗീസ്

**അയിരൂർ:** പഞ്ചായത്ത് മുൻ വൈസ് പ്രസിഡണ്ട് മാമ്പഴശേരിൽ അന്നമ്മ വർഗീസ് (83) അന്തരിച്ചു. കുമ്പനാട് കോട്ടയ്ക്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കെ.ഒ. വർഗീസ്. മക്കൾ: നാൻസി വർഗീസ് (റിട്ട. പ്രിൻസിപ്പൽ), ഡോ. ആൻസി വർഗീസ് (റിസേർച്ച് ഓഫീസർ എസ്സിഇആർടി), അലക്സ് സെൻ വർഗീസ് (ഓസ്ട്രേലിയ), ഡോ. ബെൻ ജേക്കബ് വർഗീസ് (യുഎസ്), പരേതയായ ജാൻസി വർഗീസ്. മരുമക്കൾ: നാറാണംമൂഴി അറയ്ക്കമണ്ണിൽ കൊച്ചുതുണ്ടിയിൽ അജിത് കെ. വർഗീസ്, പാമ്പാടി വട്ടയ്ക്കവയലിൽ സഖറിയ കുര്യാക്കോസ്, പെരുമ്പാവൂർ കപ്പടയ്ക്കൽ മാത്തിൽ ബിനോയ് പോൾ, ആലുവ ചിറമേൽ റീന സെൻ, റാന്നി കണ്ണച്ചാലിൽ സെറിൻ.

**മങ്ങാട്:** പുളിനിൽക്കുന്നതിൽ ബത്‌ലേഹം അന്നമ്മ തങ്കച്ചൻ (71) അന്തരിച്ചു.

**കുറിച്ചി:** പടിഞ്ഞാറേക്കര ഏജൻസീസ് മുൻ ഉദ്യോഗസ്ഥൻ മങ്ങാട്ടായ കളപ്പുരയ്ക്കൽ എം.പി. ജോൺ (കുഞ്ഞുമോൻ -82) അന്തരിച്ചു.

**കോട്ടയം:** വിസിറ്റേഷൻ സന്യാസിനീ സമൂഹാംഗമായ സിസ്റ്റർ അനൂപ് (63) അന്തരിച്ചു.

**ചങ്ങനാശേരി:** ചങ്ങനാശേരി അതിരൂപതാംഗവും തക്കല രൂപത മുൻ വികാരി ജനറലുമായ ഫാ. തോമസ് പൗവത്തുപറമ്പിൽ (89) അന്തരിച്ചു.

**പട്ടിത്താനം:** സെ. തോമസ് യുപി സ്കൂൾ റിട്ട. അധ്യാപിക പി.കെ. ഭവാനി (94) അന്തരിച്ചു.

## രാജു ജോൺ മറ്റത്തിൽ



**ഹൂസ്റ്റൺ:** ചങ്ങനാശേരി മറ്റത്തിൽ കുടുംബാംഗമായ രാജു ജോൺ (69) ഹൂസ്റ്റണിൽ അന്തരിച്ചു. സൂസമ്മ രാജുവാണ് ഭാര്യ. ലവീന രാജു, നെവിൽ രാജു, ബിനിൽ രാജു എന്നിവരാണ് മക്കൾ. ഹൂസ്റ്റൺ ബഥേൽ അസംബ്ലീസ് ഓഫ് ഗോഡ് സഭാംഗമാണ്. പരേതരായ എം.ഇ. ജോൺ, മേരി ജോൺ എന്നിവരാണ് മാതാപിതാക്കൾ. പാസ്റ്റർ എം.ജെ. ഏബ്രഹാം (ഒക്കലഹോമ), ഗ്രേസി ചാക്കോ (ഇന്ത്യ), മേഴ്സി ജേക്കബ് (ഹൂസ്റ്റൺ), ലാലി തോമസ് (ചിക്കാഗോ), തോമസ് മറ്റത്തിൽ (ഡാളസ്) എന്നിവർ സഹോദരങ്ങളാണ്. ചങ്ങനാശേരി മാമ്മൂട് ഐപിസി ഹോറേബ് സഭാംഗമായിരുന്നു.

**തോട്ടയ്ക്കാട്:** അയർക്കുന്നം കുടത്തുമുക്കിൽ ഏലിയാമ്മ സ്കറിയ (93) അന്തരിച്ചു.

**വെച്ചൂർ:** അംബികാ മാർക്കറ്റ് പടിഞ്ഞാറേ പൂച്ചക്കണ്ണിൽ വി.പി. ജോൺ (81) അന്തരിച്ചു.

## അന്നമ്മ ജോൺ

**തുരുത്തി:** പാറേക്കാട്ട് അന്നമ്മ ജോൺ (ചിന്നാമ്മ-84) അന്തരിച്ചു. വാഴപ്പള്ളി പടിഞ്ഞാറേക്കളം കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പി.എം. ജോൺ. മക്കൾ: ആൻസി മേരി ജോൺ, ടിസി മേരി ജോൺ, ടിനി മേരി ജോൺ (ഫെഡറൽ ബാങ്ക്, ആലുവ), ടിജു ജോൺ (മസ്കറ്റ്), ടിബു ജോൺ (യുഎസ്). മരുമക്കൾ: സി.ജെ. ജോസഫ് ചെമ്പകത്തുപറമ്പിൽ (ചെത്തിപ്പുഴ), സിബി ജോസഫ് പുത്തൻപുരക്കൽ (തിരുവനന്തപുരം), ജോണി ജോസ് വട്ടയിൽ ജോവില്ല (വൈക്കം), സോണി ചാണ്ടി പാലക്കിയിൽ (വെട്ടിമുകൾ), സുമിൻ റോസ് ചുള്ളിപറമ്പിൽ (എറണാകുളം).

**കടുത്തുരുത്തി:** പാഴുത്തുരുത്ത് പുളിക്കിയിൽ തങ്കമ്മ ജോസ് (62) അന്തരിച്ചു.

**തോട്ടയ്ക്കാട്:** പുത്തൻപുരയ്ക്കൽ മറിയാമ്മ തോമസ് (74) അന്തരിച്ചു.

**കങ്ങഴ:** കോട്ടയം കങ്ങഴ പാറയ്ക്കൽ വീട്ടിൽ ശോഭ ജോർജ് (69) ന്യൂഡൽഹിയിൽ അന്തരിച്ചു.

**പത്തനംതിട്ട:** പുത്തൻപീടികപള്ളിക്കൽ റോയി വില്ലയിൽ കാതോലിക്കേറ്റ് കോളജ് റിട്ട.പ്രഫസർ പി.കെ. ജോർജ് (89) അന്തരിച്ചു.

## മോളി ജേക്കബ്

**വടക്കഞ്ചേരി:** വാക്കോട്ട് തൈമറ്റത്തിൽ മോളി ജേക്കബ് (86) അന്തരിച്ചു. തൊടുപുഴ ഉള്ളനാകുന്നേൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ ടി.എം. ജേക്കബ്. മക്കൾ: മനോജ് (എറണാകുളം), മീന (കളമശേരി), ലൈല (എറണാകുളം), സുനിൽ (ഫ്ളോറിഡ), സുനിത (ദുബായ്), പരേതനായ ബൈജു. മരുമക്കൾ: ആൻസി പള്ളിക്കുന്നേൽ, ശോഭി കുതിരിങ്കൽ, സന്തോഷ് മാമൂണ്ടയിൽ, ഷാജു കുരുവിണ്ണിമ്യാലിൽ, അലക്സ് പള്ളിപ്പറമ്പിൽ, ഹണി ചക്കാലക്കൽ, ജെസി തുരുത്തിക്കാട്ടിൽ, ജോജോ കുരിശിങ്കൽ.

**പാലാ:** കടനാട് ആരാധനാമഠാംഗമായ സിസ്റ്റർ എൽസീന പുളിക്കൽ (88) അന്തരിച്ചു.

**മാള:** സിഎംഐ കോൺഗ്രിഗേഷൻ തൃശൂർ ദേവമാതാ പ്രോവിൻസിന്റെ മുൻ വികാർ പ്രോവിൻഷ്യലും തലോർ ദീപ്തി ഹൈസ്കൂളിന്റെ സ്ഥാപകനും പ്രഥമ പ്രധാന അധ്യാപകനുമായിരുന്ന ഫാ. വിൻസൺ പാറേക്കാട്ട് (86) അന്തരിച്ചു.

## ടി.പി. തോമസ്

**തിരുവനന്തപുരം:** റാന്നി അയിരൂർ പഞ്ഞിക്കാട്ടിൽ ടി.പി. തോമസ് (75) അന്തരിച്ചു. ഭാര്യ: കുമ്മനം ഇല്ലിമൂട്ടിൽ മറിയാമ്മ. മക്കൾ: മോൻസി, റോബിൻ (ഷാർജ), മോനിഷ് (യുഎസ്), മരുമക്കൾ: ലെക്സി, നേഹ (ഷാർജ), ജോഷ്വാ (യുഎസ്).

**പുതുപ്പള്ളി:** എള്ളുകാല മഠത്തിൽപറമ്പിൽ (പുളിക്കൽ) എം.വി. വർക്കി (കുഞ്ഞച്ചൻ -86) അന്തരിച്ചു.

**മണർകാട്:** അരീപ്പറമ്പ് തടത്തിൽ ജോർജ് മാത്യു (രാജു -62) അന്തരിച്ചു.

**പട്ടുവം:** ദീനസേവനസഭ അമല പ്രൊവിൻസ് അംഗം സിസ്റ്റർ ആനീസ് സ്കറിയ (79) അന്തരിച്ചു.

## കെ.വി. ജെയിംസ്

**കരിമ്പനക്കുളം:** കൊച്ചുമുറിയിൽ ബിഎസ്എൻഎൽ റിട്ട. ഉദ്യോഗസ്ഥൻ കെ.വി. ജെയിംസ് (81) അന്തരിച്ചു. ഭാര്യ തീക്കോയി കല്ലൂർ മേരിക്കുട്ടി. മക്കൾ: ജോബി (ടെക്നോപാർക്ക്), ജിൻസ് (യുഎസ്), സബിത (ഡിഡി ഓഫീസ് കോട്ടയം). മരുമക്കൾ: മായ മുണ്ടക്കയം പുളിക്കിയിൽ, റോസ് പൊന്തമ്പുഴ പെരുമ്പാമ്പള്ളിൽ, തോമസ്കുട്ടി തിരുനല്ലൂർ കറിക്കാട്ടൂർ.

**തോട്ടയ്ക്കാട്:** പൊയ്കയിൽ തോട്ടയ്ക്കാട് സെ. തോമസ് ഹൈസ്കൂൾ റിട്ട. അധ്യാപിക ത്രേസ്യാമ്മ ജോസഫ് (81) അന്തരിച്ചു.

**തിരുവനന്തപുരം:** യൂണിവേഴ്സിറ്റി കോളജ് റിട്ട. പ്രിൻസിപ്പലും കേരള സർവകലാശാല മുൻ സെനറ്റ് അംഗവുമായിരുന്ന തിരുവല്ല വെൺപാല കോയിപത്ര വീട്ടിൽ റിട്ട. പ്രഫ. കെ.ജി.കെ. പണിക്കർ (99) അന്തരിച്ചു.

## ഡോ. സി.ആർ. രാമസ്വാമി

**പാലക്കാട്:** അഞ്ചര പതിറ്റാണ്ടിലേറെ പാലക്കാട് ശിശുരോഗ ചികിത്സാ മേഖലയിൽ പ്രവർത്തിച്ച താണാവ് അനുഗ്രഹം വീട്ടിൽ ഡോ. സി.ആർ. രാമസ്വാമി (81) അന്തരിച്ചു. ഭാര്യ അംബികാ രാമസ്വാമി. മക്കൾ: ഡോ. ലേഖ (യുകെ), പ്രസീദ (ചാർട്ടേഡ് അക്കൗണ്ടന്റ് ബെംഗ്ളൂരു), ശാന്താറാം (യുഎസ്). മരുമക്കൾ: ഡോ. ശ്രീധർ (യുകെ), അശോക് (ചാർട്ടേഡ് അക്കൗണ്ടന്റ്).

## സുലോചന ജയരാമൻ

**തൃശൂർ:** ചെമ്പൂക്കാവ് മനലൈനിൽ സുജ വീട്ടിൽ സുലോചന (77) അന്തരിച്ചു. ഭർത്താവ് റിട്ട. മെമ്പർ ജയരാമൻ (ടെലികോം ബോർഡ്, ഡൽഹി). മക്കൾ: രവി, പ്രകാശ് (ബെംഗ്ളൂരു), ഗീത (യുഎസ്). മരുമക്കൾ: സന്ധ്യ (ബെംഗ്ലൂരു), സത്യനാരായണൻ (യുഎസ്).

**പുളിക്കൽ കവല:** കാക്കനാട്ടുകുന്നേലായ കൊച്ചുവയലിൽ അന്നമ്മ ഏബ്രഹാം (പൊന്നമ്മ-89) അന്തരിച്ചു.

**വാകത്താനം:** വടശ്ശേരിയിലായ ചിറത്തലാട്ട് നെല്ലിക്കകുന്നേൽ ഏലിയാമ്മ നൈനാൻ (101) അന്തരിച്ചു.

**ചങ്ങനാശേരി:** വാഴപ്പള്ളി കുറ്റിശേരിക്കടവ് പടിഞ്ഞാറേക്കളം ജോസി (ഫിലിപ് ഡോൺ ബോസ്കോ-74) അന്തരിച്ചു.

## ചാച്ചിയമ്മ ലൂക്കോസ്

**കൈപ്പുഴ:** ചാമക്കാലായിൽ ചാച്ചിയമ്മ ലൂക്കോസ് (89) അന്തരിച്ചു. മാഞ്ഞൂർ തുണ്ടത്തിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ സി.എൽ. ലൂക്കോസ്. മക്കൾ: ജോസ് (യുഎസ്), എൽസി (കാനഡ), മേഴ്സി ജോർജ്, ത്രേസ്യാമ്മ (യുഎസ്). മരുമക്കൾ: മേരിക്കുട്ടി കരിശ്ശേരിക്കൽ (യുഎസ്), മാത്യു ചേന്നങ്കാട്ട് (കാനഡ), ജെയിംസ് ചെറുപുഷ്പാലയം (വഴിത്തല), ലിറ്റി തട്ടാമറ്റത്തിൽ (കരികുന്നം), അഗസ്റ്റിൻ ആലപ്പാട്ട് (യുഎസ്), ഷാജിമോൾ തടത്തിൽ (യുകെ).

**തിരുവല്ല:** കുറ്റപ്പുഴ നാലാംവേലിൽ പ്രഫ. ഡെയിസി സാറാ വർഗീസ് (88) അന്തരിച്ചു.

**പാലാ:** എഫ്സിസി അൽഫോൻസാ പ്രോവിൻസ് അംഗമായ സിസ്റ്റർ മേരി ലിറ്റീഷ്യ പുറക്കാട്ടുപുത്തൻപുര (82) അന്തരിച്ചു.

**കുന്നംകുളം:** അസോസിയേഷൻ ഓഫ് സർജന്റെ കേരള ചാപ്റ്റർ മുൻ പ്രസിഡണ്ടും പ്രമുഖ സർജനും കുന്നംകുളം യൂണിറ്റ് ആശുപത്രി സ്ഥാപകനുമായ ഡോ. ആർ. മോഹൻ വർമ (ആർ.എം. വർമ-84) അന്തരിച്ചു.

**നാലുകോടി:** എയർഫോഴ്സ് റിട്ട. ഉദ്യോഗസ്ഥൻ കണ്ടംപറമ്പിൽ യോഹന്നാൻ ജോസഫ് (പാപ്പച്ചൻ-76) അന്തരിച്ചു.

# MALAYALEE CARETAKER/ BABYSITTER NEEDED – MINNESOTA (6 MONTHS)

A young malayalee family in Minnesota is seeking a reliable and caring live-in caretaker/babysitter to assist with the care of two small children.

**Position Details:**

Duration: 6-12 months (Summer & Fall Season only)
Live-in arrangement/ Accommodation provided
Primary focus on childcare
Light household duties (e.g., tidying, basic help)
Travel expenses covered

We are looking for someone who is nurturing, patient, and enjoys working with young children. Salary and overall compensation can be discussed further over a phone call.

**CONTACT:**

**Mithun @ 651-895-3887**

**for further details.**

# BABYSITTER NEEDED IN NILES, ILLINOIS

Seeking a reliable and caring babysitter for a 3-year-old toddler in Niles, IL. Position begins May 2026 and requires availability 3–4 days per week.

**For more information, please call or text**

**708-250-4845**

# BABYSITTER WANTED IN ST LOUIS

Doctor and family near St Louis, MO seeking a kind, reliable live-in babysitter. Responsibilities include infant care and daily housework as needed. Private room included.

**Please call or email if interested**

**Leyah at 201-207-8299**

**leyahelizabeth@gmail.com**

*Favors Received*



*Inserted by: Firm Believer, Chicago*

*Favors Received*



*Inserted by: Firm Believer, Chicago*

# PRIME KERALA INVESTMENT OPPORTUNITY FOR NRIs

## 1 Acre Property with House for Sale in Ettumanoor, Kerala

This is the right time to invest in Kerala real estate while property prices are still attractive. Experts expect strong appreciation in the coming years, making this an excellent long-term investment opportunity for NRIs.

**Property Highlights**

- 1 Acre land witha house
- Prime location in Ettumanoor
- Panchayat tarred road access on both sides
- Plenty of natural water within the property
- Ideal for farming, fruit trees, farmhouse, or peaceful retirement living
- Schools, churches, hospitals, and town facilities nearby
- Excellent appreciation potential over the next 5–6 years

Invest today — enjoy nature, peace, and future financial growth.

**Serious Buyers / Investors Only**

**Investment Starting from Rs. 1.2 Crore**

**USA: +1 630 903 7680**

**USA: +1 630 728 7956**

**INDIA: +91 94961 15802**

**Direct Owner Sale**

***Part transaction can be arranged in foreign currency.***

# CAREGIVER NEEDED – OKLAHOMA CITY

## (Malayalee Christian Preferred)

An 80-year-old Ammachi in Oklahoma City is seeking a compassionate and reliable Malayalee Christian caregiver. This role can be either live-in or part-time (a few times per week) depending on availability.

**Responsibilities include:**

• Light cooking (Indian/Malayalee meals preferred) • Household chores • Grocery shopping and errands • General companionship and support

**Preferred qualifications:**

• Malayalee Christian background
• Ability to drive (strongly preferred)
• Kind, patient, and trustworthy nature

Ammachi is currently independent and able to drive short distances but would benefit from additional support.

**Contact:**

**Annie Shepherd**

**321-287-0187**

Visit Our Website: www.keralaexpress.com for Classified Advt.




# സംവിധായകനും നടനുമായ ആർ.ജെ. ബാലാജി കറുപ്പിന്റെ വിശേഷങ്ങൾ പങ്കുവയ്ക്കുന്നു




എന്റെ ജീവിതത്തിൽ സംഭവിച്ച കാര്യങ്ങളാണ് കറുപ്പിലൂടെ പറയാൻ ശ്രമിച്ചത്. ഇതിലെ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിച്ച ഇന്ദ്രൻസ് സാറും അനഘയും കടന്നുപോയ സാഹചര്യങ്ങളിലൂടെ യഥാർത്ഥ ജീവിതത്തിൽ എനിക്കും കടന്നു പോകേണ്ടി വന്നിട്ടുണ്ട്. അന്ന് എന്നെ സഹായിക്കാൻ ആരുമുണ്ടായിരുന്നില്ല. ജുഡീഷ്യറിക്കും സിസ്റ്റത്തിലെ പുഴുക്കുത്തുകൾക്കുമെതിരെ പൊരുതാൻ ശ്രമിച്ചെങ്കിലും എവിടെയും എത്തിയില്ല. എന്നെങ്കിലും ഒരു സിനിമ ചെയ്താൽ ഈ പ്രശ്നങ്ങളൊക്കെ ലോകത്തോടു വിളിച്ചു പറയണമെന്നുണ്ടായിരുന്നു. അങ്ങനെയാണ് കറുപ്പിലേക്ക് കടന്നത്.

വിജയ് സാറിനോട് പറഞ്ഞ കഥ സൂര്യയിൽ എത്തിയത് ഈ കഥ ഉൾപ്പെടെ രണ്ട് കഥകൾ പറഞ്ഞിരുന്നു. രണ്ടും അദ്ദേഹത്തിനു ഇഷ്ടമായി. പക്ഷേ, അപ്പോഴേക്കും അദ്ദേഹം രാഷ്ട്രീയത്തിലേക്കു കടന്നു. ആ തിരക്കിനിടയിൽ ഈ സിനിമയുമായി മുന്നോട്ടു പോകാൻ സാധിച്ചില്ല. പിന്നാലെ സൂര്യസാറിനെ സമീപിക്കാൻ നിർമാതാക്കളോട് ആവശ്യപ്പെട്ടു. വിജയ് സാറിനു ഇഷ്ടപ്പെട്ട കഥയാണ് ഒന്നു കേട്ടു നോക്കൂ എന്നാണ് സൂര്യ സാറിനോട് നിർമാതാക്കൾ പറഞ്ഞത്. സത്യത്തിൽ വിജയ്സാർ എന്നിൽ അർപ്പിച്ച വിശ്വാസം കണ്ടാണ് സൂര്യസാർ ഈ കഥ കേട്ടതും ചെയ്യാമെന്നു സമ്മതിച്ചതും. സിനിമ കണ്ടശേഷം ശിവകുമാർ സാർ (സൂര്യയുടെ അച്ഛൻ വിളിച്ചിരുന്നു. അവൻ ഈ റോൾ ചെയ്യാൻ ജനിച്ചവനാണ്, നിങ്ങൾ ഈ സിനിമ ചെയ്യാനും എന്നു പറഞ്ഞു. അതിൽപരം അംഗീകാരം ലഭിക്കാനുണ്ടോ.



ഈ സിനിമ എഴുതി തുടങ്ങിയപ്പോൾ വില്ലൻ വേഷം ആരു ചെയ്യണമെന്ന കാര്യത്തിൽ നല്ല വ്യക്തത ഉണ്ടായിരുന്നു. അത് എനിക്കുവേണ്ടി ഞാൻ തന്നെ എഴുതി ഉണ്ടാക്കിയ കഥാപാത്രമാണ്. ഇത് ഫഹദ് ഫാസിൽ ചെയ്തിരുന്നെങ്കിൽ, എസ്.ജെ. സൂര്യ ചെയ്തിരുന്നെങ്കിൽ എന്നൊക്കെ സിനിമ കണ്ടശേഷം പലരും അഭിപ്രായം പറഞ്ഞു. ശരിയാണ്. ഈ കഥാപാത്രം അവരൊക്കെ ചെയ്തെങ്കിൽ എന്നെക്കാൾ എത്രയോ മികച്ചതായേനെ. പക്ഷേ, ഇതു ഞാൻ എനിക്കു വേണ്ടി മാത്രം എഴുതിയ കഥാപാത്രമാണ്. എനിക്കുവേണ്ടി ഞാൻ ചെയ്തില്ലെങ്കിൽ, വേറെ ആരു ചെയ്യാനാണ്?

കഥ പൂർത്തിയായപ്പോൾ തന്നെ ഈ വേഷത്തിന് ഇന്ദ്രൻസ് സാർ മതിയെന്നു തീരുമാനിച്ചിരുന്നു. അദ്ദേഹം ഇതു ചെയ്യാൻ സമ്മതിച്ചില്ലായിരുന്നെങ്കിൽ, ഈ റോൾ തന്നെ മാറ്റിയെഴുതി ഉർവശി മാഡത്തിനെ ഈ വേഷത്തിലേക്കു കൊണ്ടുവരാൻ ആലോചിച്ചിരുന്നു. ഉർവശി മാഡത്തിനൊപ്പം ഞാൻ രണ്ടു സിനിമകൾ ചെയ്തുകഴിഞ്ഞു. ഒരു ആവർത്തനം തോന്നാതിരിക്കാനാണ് ഇതിലെ പ്രധാന കഥാപാത്രം ഒരു പുരുഷനായാൽ മതിയെന്നു തീരുമാനിച്ചത്. കഥ കേട്ടപ്പോൾതന്നെ ഇന്ദ്രൻസ് സാർ ഓകെ പറഞ്ഞതുകൊണ്ട് മറ്റൊന്നും ചിന്തിക്കേണ്ടിവന്നില്ല. അജു വർഗീസ് ഇതിലൊരു ചെറിയ റോൾ ചെയ്തിട്ടുണ്ട്. അജു എന്റെ അടുത്ത സുഹൃത്താണ്. ഒരു രൂപ പോലും വാങ്ങാതെയാണ് അജു വന്നതും അഭിനയിച്ചതും. മലയാളി അഭിനേതാക്കളോട് എനിക്കു വലിയ മതിപ്പാണ്. വളരെ നാചറലായി അഭിനയിക്കാൻ അവർക്കു സാധിക്കും. തമിഴ് നന്നായി കൈകാര്യം ചെയ്യാനും അവർക്കറിയാം.

പ്രേക്ഷകരെ കൺവിൻസ് ചെയ്യാൻ സത്യത്തിൽ ഞാൻ ശ്രമിച്ചില്ല. വൈകാരികമായാണ് ആദ്യ പകുതി അവതരിപ്പിച്ചിരിക്കുന്നത്. അതു കഴിഞ്ഞു രണ്ടാം പകുതിയിലേക്കു കടക്കുമ്പോൾ ഒരു പ്രതികാരമാണ് കാണികൾ പ്രതീക്ഷിക്കുന്നത്. അവിടെ ലോജിക്കിനു സ്ഥാനമില്ല. ആസ്വാദനത്തിന് ആവശ്യമായ സീനുകളാണ് രണ്ടാം പകുതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരു വ്യക്തിയല്ല, ഒരു സിസ്റ്റം മുഴുവനായാണ് ദൈവത്തിന് എതിരെ നിൽക്കുന്നത്. അതുകൊണ്ടുതന്നെ ദൈവവും മനുഷ്യനും തമ്മിലുള്ള പോരാട്ടം മാത്രമായി 'കറുപ്പി'നെ കാണാൻ കഴിയില്ല.

റഹ്മാൻ സാർ ആയിരുന്നു ആദ്യം കറുപ്പിന് സംഗീതം ചെയ്യേണ്ടിയിരുന്നത്. എന്നാൽ, വ്യക്തിപരമായ കാരണങ്ങളാൽ അദ്ദേഹം പിൻമാറി. അതോടെ പുതിയൊരു സംഗീത സംവിധായകനെ ഞാൻ അന്വേഷിച്ചു. അപ്പോഴാണ് സായിയുടെ പാട്ടുകൾ കേൾക്കാൻ ഇടയായത്. അതോടെ സായ് മതിയെന്ന് ഉറപ്പിച്ചു. നിർമാതാക്കൾക്കും സൂര്യ സാറിന്റെ ടീമിനും ആദ്യം സംശയമുണ്ടായിരുന്നു. ഞാൻ നൽകിയ ഉറപ്പിലാണ് അവർ സമ്മതിച്ചത്. എന്റെ കണ്ടെത്തൽ തെറ്റിയില്ലെന്നു സായ് തെളിയിച്ചു.

ശരിയാണ്. ഇതു പലതവണ ഞങ്ങൾ ചർച്ച ചെയ്തതാണ്. പക്ഷേ, എന്തുചെയ്യാൻ സാധിക്കും? പുതിയ തലമുറ ഈ രീതിയിലാണ് സിനിമയെ കാണുന്നത്. അവർക്ക് ഇഷ്ടപ്പെട്ട രംഗങ്ങൾ വരുമ്പോൾ അത് വീഡിയോ എടുത്ത് സ്റ്റാറ്റസും റീൽസും ഉണ്ടാക്കുന്നതിലാണ് അവരുടെ സന്തോഷം. അതു മറ്റുള്ളവരുടെ ആസ്വാദനത്തെ ബാധിക്കുമെന്ന് അവർ ചിന്തിക്കുന്നില്ല. തിയറ്ററിൽനിന്ന് വീഡിയോ എടുക്കരുത്, സോഷ്യൽ മീഡിയയിൽ ഇടരുത് എന്നൊക്കെ എത്ര പേരോടു പറയാൻ സാധിക്കും. അപ്പോൾ ആ ട്രെൻഡിനൊപ്പം സഞ്ചരിക്കുകയേ നിവൃത്തിയുള്ളൂ.

തമിഴ്നാട് രാഷ്ട്രീയത്തിൽ വിപ്ലവകരമായ മാറ്റം വന്ന സമയമാണിത്. വിജയ് സാറിന്റെ രാഷ്ട്രീയ പ്രവേശത്തിൽ എനിക്ക് ഒരേസമയം സന്തോഷവും പ്രതീക്ഷയുമുണ്ട്. അദ്ദേഹത്തിനു ജനങ്ങൾ നൽകിയ അംഗീകാരമാണ് ഇത്. ഈ സർക്കാർ നിലവിൽ വന്നിട്ട് വളരെ കുറച്ചുകാലമേ ആയിട്ടുള്ളൂ. ഇപ്പോഴേ വിലയിരുത്തുന്നതിൽ അർത്ഥമില്ല. എനിക്ക് ഈ സർക്കാരിൽ നല്ല പ്രതീക്ഷയുണ്ട്. നല്ലതു നടക്കുമെന്നു ഞാൻ ഉറച്ചുവിശ്വസിക്കുന്നു.

## 'കറക്കം' പ്രദർശനത്തിനെത്തി




ശ്രീനാഥ് ഭാസി, ഫെമിന ജോർജ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി സുഭാഷ് ലളിത സുബ്രഹ്മണ്യൻ സംവിധാനം ചെയ്യുന്ന 'കറക്കം' പ്രദർശനത്തിനെത്തി. ക്രൗൺ സ്റ്റാർസ് എന്റർടെയ്ൻമെന്റിന്റെ ബാനറിൽ കിംബർലി ട്രിനിഡെട്, അൻകുഷ് സിംഗ് എന്നിവർ ചേർന്ന് നിർമിക്കുന്ന ചിത്രത്തിൽ അഭിറാം രാധാകൃഷ്ണൻ, സിദ്ധാർഥ് ഭരതൻ, ജീൻ പോൾ ലാൽ, പ്രവീൺ ടി.ജെ, മണികണ്ഠൻ ആചാരി, ബിജുക്കുട്ടൻ, മിഥൂട്ടി, ഷോൺ റോമി, ലെനാസ് ബിച്ചു, ശാലു റഹിം തുടങ്ങിയവരും അഭിനയിക്കുന്നു.

നിപിൻ നാരായണൻ, സുഭാഷ് ലളിത സുബ്രഹ്മണ്യൻ, അർജുൻ നാരായണൻ എന്നിവർ ചേർന്നാണ് തിരക്കഥയും സംഭാഷണവും എഴുതുന്നത്. അൻവർ അലി, വിനായക് ശശികുമാർ, മുരി, ഹരീഷ് മോഹനൻ എന്നിവരുടെ വരികൾക്ക് സാം സിഎസ് സംഗീതം പകരുന്നു.

മലയാളത്തിലെ ആദ്യത്തെ മ്യൂസിക്കൽ ഹൊറർ കോമഡി ചിത്രമെന്നാണ് ഇതിന്റെ വിശേഷണം. ഛായാഗ്രഹണം-ബബ്ലു അജു, എഡിറ്റർ-നിതിൻ രാജ് അരോൾ, കഥ-ധനുഷ് വർഗീസ്, കലാസംവിധാനം-രാജേഷ് പി. വേലായുധൻ, വസ്ത്രാലങ്കാരം-മെൽവി ജെയ്, മേക്കപ്പ്-ആർ.ജി. വയനാടൻ തുടങ്ങിയവരും അണിയറയിലുണ്ട്.




# 'മാജിക് മാജിക് മൊമെന്റ്' ഓഡിയോ റിലീസ്




രമ്യം ക്രിയേഷൻസിന്റെ ബാനറിൽ പ്രശാന്ത്കുമാർ സി. നിർമിച്ച 'മാജിക് മാജിക് മൊമെന്റ്' എന്ന ചിത്രത്തിന്റെ ഓഡിയോ റിലീസ് ചെയ്തു. പുതുമുഖങ്ങൾക്ക് പ്രാധാന്യം നൽകി രാജീവ് നടുവനാട് സംവിധാനം ചെയ്ത 'മാജിക് മാജിക് മൊമെന്റ്' എന്ന സിനിമയുടെ ആദ്യഗാനം മില്ലെനിയം ഓഡിയോസിലൂടെയാണ് പുറത്തിറങ്ങിയത്. കോഴിക്കോട് വെച്ചു നടന്ന ചടങ്ങിൽ പ്രശസ്ത നാടക സംഗീത കലാകാരൻ വിൻസൺ സാമുവൽ പ്രകാശനം ചെയ്തു.

സംവിധായകന്റെ കഥയ്ക്ക് ബാബു മാനുവൽ സംഭാഷണം രചിച്ചിരിക്കുന്ന ചിത്രം നാല് യുവാക്കളുടെ കഥ പറയുന്നു. 1948 കാലം പറഞ്ഞത്, മാക്കൊട്ടൻ എന്നീ ചിത്രങ്ങൾക്ക് ശേഷം രാജീവ് നടുവനാട് സംവിധാനം ചെയ്ത ചിത്രമാണിത്. നേർച്ചപ്പെട്ടി, മുള്ളൻകൊല്ലി എന്നീ സിനിമകളിലൂടെ നായകനായ അതുൽ സുരേഷ്, പുതുമുഖങ്ങളായ അർജുൻ ദാസ്, ജെറിൻ, രാകേന്ദ് എന്നിവർ നായകന്മാരും അനുശ്രീ, പ്രാർത്ഥന എന്നിവർ നായികമാരുമാകുന്നു.

മാക്കൊട്ടൻ എന്ന ചിത്രത്തിലൂടെ ബാലതാരമായി അരങ്ങേറ്റം കുറിച്ച് പ്രാർഥന ശക്തമായൊരു കഥാപാത്രത്തെ ചിത്രത്തിൽ അവതരിപ്പിക്കുന്നു. പ്രശസ്ത നടൻ ബാല അതിഥി താരമായെത്തുന്ന ചിത്രത്തിൽ സന്തോഷ് കീഴാറ്റൂർ, കെഎൽ ബ്രോ ബിജു, സിദ്ദിഖ്, ശിവദാസ് മട്ടന്നൂർ, സദാനന്ദൻ ചേപ്പറമ്പ്, പ്രശാന്ത് സി, സുരേഷ് കനവ്, റാഫി മൻമാസ്, ലിതേഷ് കോളയാട്, പ്രദീപ് മൈക്കീൻ, സാനിയ ഉല്ലാസ്, ലസിത, ഷിജിന, ലയ എന്നിവരോടൊപ്പം നിരവധി പുതുമുഖങ്ങളും അഭിനയിക്കുന്നു.

കാമറ-രാഹുൽ സി, വിമല, എഡിറ്റിംഗ്-ഹിഷാം യൂസഫ് പി.വി, ചീഫ് അസോസിയേറ്റ് ഡയറക്ടർ-ജയേന്ദ്ര ശർമ, ഗാനരചന-സുനിൽ കല്ലൂർ, ബാഹുലേയൻ കേളകം, ഹരിപ്രിയ എസ് എച്ച്, സമീർ അലി, സംഗീതം-പി.ജെ., നൗഷാദ് കണ്ണൂർ, രഞ്ജിത്ത് ശ്രീധർ, നജീം അർഷാദ്, മൃദുല വാര്യർ, മുക്താർമുഹിബ് നൂർ, നയൻതാര, സാന്ദ്രതോമസ്, സസ്‌ലിം നാസർ, സരുൺ ടി.എസ്, അർഷാദ് പത്തിരിയാൻ തുടങ്ങിയവർ ഗാനങ്ങൾ ആലപിച്ചിരിക്കുന്നു.

മേക്കപ്പ്-ജയൻ എരുവേശി, കോസ്റ്റ്യൂം-സുജിത്ത് മട്ടന്നൂർ, ആർട്ട്-ഷബിൻ യു.പി, സ്റ്റണ്ട്-ബ്രൂസിലി രാജേഷ്, കൊറിയോഗ്രഫി-സുദേവ് സുരേഷ്, സൗണ്ട് ഡിസൈൻ-ഡോ. ആശിഷ് ഇല്ലിക്കൽ, സ്റ്റിൽസ്-അജേഷ് ആവണി, പബ്ലിസിറ്റി ഡിസൈൻ-സുജിപാൽ ക്രിയേഷൻ, സ്റ്റുഡിയോ-സൗത്ത് സ്റ്റുഡിയോ കൊച്ചി. ചിത്രം ഉടൻ തീയറ്ററിൽ പ്രദർശനത്തിനെത്തും.

# 'ഇല്ലിക്കൽ റിവഞ്ച്' ആദ്യ പോസ്റ്റർ പുറത്ത്




പ്രണയ പശ്ചാത്തലത്തിലൊരു റിവഞ്ച് ത്രില്ലർ. ഇല്ലിക്കൽ റിവഞ്ച് ആദ്യ പോസ്റ്റർ പുറത്ത്. എ.ടി. സിനിമാസിന്റെ ബാനറിൽ ഗോകുലം തുളസീധരൻ നിർമിച്ച് സത്യദാസ് കാഞ്ഞിരംകുളം രചന നിർവഹിച്ച് സംവിധാനം ചെയ്യുന്ന ഇല്ലിക്കൽ റിവഞ്ച് എന്ന സിനിമയുടെ ആദ്യ പോസ്റ്റർ, സുൽത്താൻബത്തേരി താളൂർ അൾട്ടി ബോസ് സ്റ്റുഡിയോയിൽ പ്രകാശിതമായി.

കോളജ് പശ്ചാത്തലത്തിൽ ഇതൾ വിരിയുന്ന ഒരു പ്രണയകഥയും തുടർന്നുണ്ടാകുന്ന സംഭവവികാസങ്ങളും കോമഡിയും ആക്ഷനും സമന്വയിപ്പിച്ച് അവതരിപ്പിക്കുന്ന ത്രില്ലർ ചിത്രമാണ് ഇല്ലിക്കൽ റിവഞ്ച്. ഉടൻ ചിത്രീകരണമാരംഭിക്കുന്ന ചിത്രത്തിൽ പുതുമുഖങ്ങളോടൊപ്പം മലയാളത്തിലെ പ്രശസ്ത താരങ്ങളും അഭിനയിക്കുന്നു. വയനാട്, ഊട്ടി, മൈസൂർ എന്നിവിടങ്ങളിലാണ് ലൊക്കേഷൻ. ബാനർ-എ.ടി. സിനിമാസ്, രചന, സംവിധാനം-സത്യദാസ് കാഞ്ഞിരംകുളം, നിർമാണം-ഗോകുലം തുളസീധരൻ, എഡിറ്റിംഗ്, ഛായാഗ്രഹണം-വിവേക് വിൻസന്റ്, സംഗീതം-ഗോപൻ സാഗരി, ഗാനരചന-രാജേഷ് അറപ്പുര, വിനോദ്, അജിത് ഊരൂട്ടമ്പലം, ഗീതാ ഭാസ്കർ, ചീഫ് അസോസിയേറ്റ് ഡയറക്ടർ-മധു പി. നായർ, പ്രൊഡക്ഷൻ കൺട്രോളർ-അനീഷ് ചീരാൽ, കല-രാകേഷ് ചെറുവടി, ഡിസൈൻസ്-അനിൽ ചുണ്ടേൽ.

# കിരാത തിയറ്ററുകളിലെത്തി


മാനവരാശിയുടെ നിലനില്പിനു തന്നെ ഭീഷണിയാകുന്ന ചില വിശ്വാസപ്രമാണങ്ങളുടെ പൊളിച്ചെഴുത്തിന്റെ കാഹളം മുഴക്കിയെത്തുന്ന സസ്പെൻസ് ക്രൈം ആക്ഷൻ ത്രില്ലർ 'കിരാത' പ്രദർശനത്തിനെത്തി.




എം.ആർ. ഗോപകുമാർ, ചെമ്പിൽ അശോകൻ, തുളസീദാസ്, ദിനേശ് പണിക്കർ, ഡോ. രജിത് കുമാർ, രാജ്മോഹൻ, അരിസ്റ്റോ സുരേഷ്, ഇടത്തൊടി ഭാസ്ക്കരൻ, നീനാ കുറുപ്പ്, ജീവ നമ്പ്യാർ, വൈഗറോസ്, സച്ചിൻ ചാലപ്പറമ്പിൽ, അൻവർ, അമൃത്, ഷമിർ ബിൻ കരിം റാവുത്തർ, മിന്നു മെറിൻ, അതുല്യ നടരാജൻ, ശിഖ മനോജ്, ആൻ മേരി തുടങ്ങിയവർ അഭിനയിക്കുന്നു.

ബാനർ-ഇടത്തൊടി ഫിലിംസ്, നിർമാണം-ഇടത്തൊടി ഭാസ്ക്കരൻ, ഛായാഗ്രഹണം, എഡിറ്റിംഗ്, സംവിധാനം-റോഷൻ കോന്നി, രചന-ജിറ്റ ബഷീർ, ചീഫ് അസോ. ഡയറക്ടേഴ്സ്-കലേഷ്കുമാർ കോന്നി, ശ്യാം അരവിന്ദം, സംഗീതം-സജിത് ശങ്കർ, പ്രൊഡക്ഷൻ കൺട്രോളർ-സജിത് സത്യൻ, വിതരണം-ഇടത്തൊടി ഫിലിംസ് (സുധൻരാജ്).

# കെ.പി. ധനപാലൻ അന്തരിച്ചു



പറവൂർ: ചാലക്കുടി മുൻ എംപിയും മുതിർന്ന കോൺഗ്രസ് നേതാവുമായ കെ.പി. ധനപാലൻ (76) അന്തരിച്ചു. മെയ് 30-ന് പുലർച്ചെ മൂന്നിനു ശാരീരിക അസ്വസ്ഥതകൾ അനുഭവപ്പെട്ട അദ്ദേഹത്തെ ആദ്യം പറവൂരിലെ സ്വകാര്യ ആശുപത്രിയിലെത്തിച്ചു. ആരോഗ്യനില വഷളായതിനെ തുടർന്നു കൊച്ചിയിലെ ആശുപത്രിയിലേക്കു കൊണ്ടുപോകുംവഴി പുലർച്ചെ 5.30-നായിരുന്നു അന്ത്യം.

അർബുദ രോഗബാധിതനായി ചികിത്സയിലായിരുന്നു. ഭാര്യ സുമം. മക്കൾ: മിലാഷ്, പരേതനായ ബ്രിജിത്ത്. മരുമകൾ: ഹൃദ്യ. മുഖ്യമന്ത്രി വി.ഡി. സതീശൻ ഉൾപ്പെടെയുള്ള നേതാക്കൾ അന്ത്യാഞ്ജലിയർപ്പിച്ചു.

എറണാകുളം ജില്ലയിൽ കോൺഗ്രസിന്റെ മുൻനിര നേതാവായിരുന്ന ധനപാലൻ, 2001 മുതൽ 2008 വരെ ഡിസിസി അദ്ധ്യക്ഷനായിരുന്നു. എറണാകുളം, തൃശൂർ ജില്ലകളിലെ മണ്ഡലങ്ങൾ ഉൾപ്പെടുന്ന ചാലക്കുടി ലോക്സഭാ മണ്ഡലത്തെ 2009-2014 കാലത്ത് പ്രതിനിധീകരിച്ചു. പറവൂത്തറ കളത്തിൽ പരേതരായ കെ.കെ. പങ്കജാക്ഷന്റെയും പി.എം. മാധവിയുടെയും മകനായി 1950 ഏപ്രിൽ നാലിനു ജനിച്ച ധനപാലൻ വിദ്യാഭ്യാസ കാലഘട്ടത്തിൽതന്നെ പൊതുരംഗത്തെത്തി.

മാല്യങ്കര എസ്എൻഎം കോളജിൽ പ്രീഡിഗ്രിക്കു പഠിക്കുന്ന സമയത്ത് 1968-ൽ കെഎസ്‌യു താലൂക്ക് സെക്രട്ടറിയായി തുടക്കം. 70-ൽ ആലുവ യുസി കോളജ് ചെയർമാനും 71-ൽ കെഎസ്‌യു എറണാകുളം ജില്ലാ സെക്രട്ടറിയുമായി. 1980 മുതൽ 85 വരെ യൂത്ത് കോൺഗ്രസ് ജില്ലാ പ്രസിഡന്റായിരുന്നു. 1985-90 കാലഘട്ടത്തിൽ യൂത്ത് കോൺഗ്രസ് സംസ്ഥാന വൈസ് പ്രസിഡണ്ടായി. രണ്ടു തവണ പറവൂർ നഗരസഭാ കൗൺസിലറായി. 1990 മുതൽ 1998 വരെ ഡിസിസി വൈസ് പ്രസിഡന്റായിരുന്നു. 1998-ൽ കെപിസിസി സെക്രട്ടറിയായി. 2007-ൽ നോർത്ത് മലബാർ ഗ്രാമീൺ ബാങ്കിന്റെ ഡയറക്ടർ, 2008-ൽ കേരള സംസ്ഥാന ക്ഷീര കർഷക ക്ഷേമനിധി ബോർഡിന്റെ പ്രഥമ ചെയർമാൻ തുടങ്ങിയ പദവികളും വഹിച്ചു.

# ഐ.എ.എസുകാരന് ഐ.പി.എസ് കസേര

തിരുവനന്തപുരം: സംസ്ഥാനത്ത് ഐഎഎസ് കേഡർ തസ്തികകളിൽ ഐപിഎസുകാരെ നിയമിക്കുന്നതിനെതിരെയുള്ള ഐഎഎസ് ഉദ്യോഗസ്ഥരുടെ ദീർഘനാളത്തെ നിയമപോരാട്ടത്തിന് ഒടുവിൽ വിജയം.

ഡി.ജി.പി റാങ്കിലെ ഐപിഎസുകാർ ഇരുന്ന കസേരയിൽ ഐഎഎസ് ഉദ്യോഗസ്ഥനെ നിയമിച്ചു. ഇതു സംബന്ധിച്ച ഉത്തരവും ഇറങ്ങി.

മുൻ എഡിജിപി എം.ആർ. അജിത്കുമാർ ഉൾപ്പെടെയുള്ള ഐപിഎസ് ഉദ്യോഗസ്ഥർ വർഷങ്ങളായി കൈവശം വെച്ചിരുന്ന എക്സൈസ് കമ്മീഷണർ പദവിയിലേക്കാണ് വീണ്ടും ഐഎഎസ് ഉദ്യോഗസ്ഥൻ എത്തുന്നത്. മുൻ മുഖ്യമന്ത്രിയുടെ ഒ.എസ്.ഡി. ആയിരുന്ന സീറാം സാംബശിവ റാവു (2012 ബാച്ച്) ആണ് പുതിയ എക്സൈസ് കമ്മീഷണർ. ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തലയുമായി ചർച്ച നടത്തിയാണ് മുഖ്യമന്ത്രി വി.ഡി. സതീശൻ തീരുമാനമെടുത്തത്.

സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ (സിഎടി) നിർണായക ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ നടപടി. ഐഎഎസുകാരുടെ കേഡർ പോസ്റ്റുകളിൽ ഐപിഎസ് ഉദ്യോഗസ്ഥരെ നിയമിക്കുന്ന നിയമലംഘനത്തിനെതിരെ ബി. അശോകിന്റെ നേതൃത്വത്തിൽ നടന്ന ശക്തമായ നിയമപോരാട്ടമാണ് ലക്ഷ്യം കണ്ടത്.

എക്സൈസ് കമ്മീഷണറുടെ അധിക ചുമതല വഹിച്ചിരുന്ന അഡീ. എക്സൈസ് കമ്മീഷണറും ഐപിഎസുകാരനുമായ ജെ. കിഷോർകുമാറിൽ നിന്നാണ് സീറാം സാംബശിവ റാവു ചുമതലയേൽക്കുക. ഒരു വർഷത്തെ കാലാവധിയാണ് സ്പെഷ്യൽ സെക്രട്ടറി റാങ്കിൽ തസ്തിക താൽക്കാലികമായി സൃഷ്ടിച്ചിരിക്കുന്നത്.

നിലവിൽ സീറാം സാംബശിവ റാവു വഹിക്കുന്ന മറ്റ് അധിക ചുമതലകളിൽ അദ്ദേഹം തുടരും. ഐഎഎസ് അസോസിയേഷനും സർക്കാരും തമ്മിൽ ദീർഘനാളായി നിലനിന്നിരുന്ന തർക്കങ്ങളാണ് ഈ ഉത്തരവോടെ ശമിക്കുക.

കേഡർ തസ്തികകളുടെ മര്യാദകൾ പാലിക്കപ്പെടണമെന്ന ഐഎഎസ് ഉദ്യോഗസ്ഥരുടെ വാദങ്ങൾക്ക് സിഎടി ഉത്തരവിലൂടെ നിയമസാധുത ലഭിച്ചതോടെ വരും ദിവസങ്ങളിൽ മറ്റ് വകുപ്പുകളിലും സമാനമായ മാറ്റങ്ങൾക്ക് വഴിതുറന്നേക്കും.

## മാസപ്പടി കേസ്

(ഒന്നാം പേജിൽ നിന്നും)

എക്സാലോജിക് സൊല്യൂഷൻസിന് സിഎംആർഎൽ നല്കിയ തുകയുമായി ബന്ധപ്പെട്ട് സമൻസ് അയയ്ക്കാൻ ഇഡിക്ക് നിയമപരമായ അധികാരമില്ലെന്നാണ് കമ്പനിയുടെ വാദം.

ചെയ്യാത്ത സേവനത്തിന് പ്രതിഫലമായി രണ്ടു കോടിയിലധികം രൂപ കൈപ്പറ്റിയതിന് തെളിവുകളുണ്ടെന്ന് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കോടതിയെ അറിയിച്ചിരുന്നു. എന്നാൽ, മറ്റൊരു ഏജൻസിയുടെ എഫ്ഐആറോ ഇഡിക്ക് അന്വേഷിക്കാവുന്ന പ്രെഡിക്കേറ്റ് ഒഫൻസോ നിലവിലില്ലാത്ത സാഹചര്യത്തിൽ പിഎംഎൽഎ പ്രകാരമുള്ള അന്വേഷണം നിയമവിരുദ്ധമാണെന്നാണ് സിഎംആർഎലിന്റെ വാദം. സിഎംആർഎലുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലും വീണയുമായി ബന്ധപ്പെട്ട വീടുകളിലും നേരത്തെ ഇഡി വിപുലമായ പരിശോധനകൾ നടത്തുകയും അക്കൗണ്ടുകൾ മരവിപ്പിക്കുകയും ചെയ്തിരുന്നു.

# ദീപിക ശതോത്തര റൂബി ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ നിർവഹിച്ചു



കോട്ടയം: ദീപികയുടെ ഒരു വർഷം നീണ്ടുനിൽക്കുന്ന ശതോത്തര റൂബി ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു സി.പി. രാധാകൃഷ്ണൻ.

തലമുറകളായി സാമൂഹിക ഐക്യം, വിദ്യാഭ്യാസം, സംസ്കാരം, ക്രിയാത്മകമായ പൊതുസംവാദം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തിന്റെ സാഹിത്യ-സാംസ്കാരിക മേഖലയെ സമ്പന്നമാക്കുന്നതിനും ദീപിക നൽകുന്ന സംഭാവനകളെ അദ്ദേഹം അഭിനന്ദിച്ചു. സത്യസന്ധതയുടെയും പ്രഫഷണലിസത്തിന്റെയും ഉയർന്ന നിലവാരം ഉയർത്തിപ്പിടിച്ചുകൊണ്ട് ദീപിക യുവ പത്രപ്രവർത്തകരെ പ്രചോദിപ്പിക്കുന്നത് തുടരുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

ജാതി-മത-വർഗ ഭേദമെന്യേ സമൂഹത്തിന്റെ എല്ലാ തലങ്ങളിലും നന്മയും വികസനവും പുലരാൻ ദീപിക ശ്രദ്ധവെക്കുന്നു. സത്യം പറയുകയും നേരിന്റെ പക്ഷം ചേരുകയും ചെയ്യുന്ന ദീപികയുടെ നിലപാട് ശ്ലാഘനീയമാണ്. വികസിത ഭാരതത്തെ മുന്നിൽക്കണ്ട് ജനമനസിൽ ശുഭചിന്തയും പ്രത്യാശയും ജനിപ്പിക്കുന്നതിൽ ദീപിക പ്രതിജ്ഞാബദ്ധമാണ്.

പണ്ഡിതനും സാമൂഹിക പരിഷ്കർത്താവുമായിരുന്ന നിധീരിക്കൽ മാണിക്കത്തനാർ 1887-ൽ ദീപിക സ്ഥാപിച്ചത് കുലീന ദർശനങ്ങളെ മുന്നിൽക്കണ്ടാണ്. സ്വാതന്ത്ര്യസമരത്തിന് ഉണർവും ആവേശവും പകരുന്നതിൽ ദീപിക ചെയ്ത സേവനം എക്കാലവും സ്മരിക്കപ്പെടും. കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് ദീപികയുടെ സംഭാവനകൾ ചെറുതല്ല. ദേശീയ വികസനം സാധ്യമാക്കുന്നതിൽ മാധ്യമങ്ങളുടെ പങ്കും ഇടപെടലുകളും ഏറെ പ്രധാനമാണെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

ന്യൂനപക്ഷങ്ങൾക്കും കർഷകർക്കുമായി അതിമനോഹര മുഖപ്രസംഗങ്ങൾ എഴുതി ശക്തമായി നിലപാട് സ്വീകരിക്കുന്ന പത്രമാണ് ദീപികയെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ പറഞ്ഞു.

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണന് ദീപികയുടെ ഉപഹാരം കോട്ടയം ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട് സമ്മാനിച്ചു.

നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ, മന്ത്രി മോൻസ് ജോസഫ്, കെ. ഫ്രാൻസിസ് ജോർജ് എംപി, പശ്ചിമ ബംഗാൾ മുൻ ഗവർണർ ഡോ. സി.വി. ആനന്ദബോസ് എന്നിവരും പങ്കെടുത്തു.

## പെരുമാറ്റച്ചട്ടം

(ഒന്നാം പേജിൽ നിന്നും)

കുടുംബാംഗത്തിന് അത്തരത്തിൽ ബിസിനസ് ഉണ്ടെങ്കിൽ അതു മുഖ്യമന്ത്രിയെ അറിയിക്കണമെന്നാണ് വ്യവസ്ഥ. സർക്കാർ അനുവദിച്ച താമസ സൗകര്യങ്ങൾ ഒഴികെ മറ്റ് ഇളവുകൾ മന്ത്രിക്കോ കുടുംബാംഗങ്ങൾക്കോ വേണ്ടി ലഭ്യമാക്കാൻ ശ്രമിക്കരുത്. വിദേശ സർക്കാർ, വിദേശ സംഘടന, അല്ലെങ്കിൽ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി സ്വീകരിക്കരുത്.

മന്ത്രിയുടെ കുടുംബാംഗങ്ങൾ ഇത്തരത്തിലുള്ള നിയമനങ്ങൾ സ്വീകരിക്കുന്നെങ്കിൽ അതിന് മുഖ്യമന്ത്രിയുടെ മുൻകൂർ അനുമതി വാങ്ങണം എന്നും ചട്ടങ്ങളിൽ പറയുന്നു.

# ഒന്നരവയസുകാരനെ രണ്ടാനച്ഛൻ മർദ്ദിച്ചു കൊന്നു

നെടുമങ്ങാട്: ഒന്നരവയസുകാരനെ രണ്ടാനച്ഛൻ മർദിച്ച് കൊന്നു. ഏറെക്കാലത്തെ ശാരീരിക പീഡനത്തിനൊടുവിലായിരുന്നു കൊല. അമ്മയും രണ്ടാനച്ഛനും പോലീസ് കസ്റ്റഡിയിൽ.

നെടുമങ്ങാട് പനവൂർ കരിക്കുഴി നെല്ലിക്കുന്നേൽ വാടകക്കു താമസിക്കുന്ന അഖിലയുടെ മകൻ അർഷാദാണ് കൊല്ലപ്പെട്ടത്. അഖിലയുടെ രണ്ടാം ഭർത്താവ് അഷ്കറാണ് കൊല നടത്തിയത്. ആഹാരം തൊണ്ടയിൽ കുരുങ്ങിയെന്ന വ്യാജേന മെയ് 29-ന് വെള്ളിയാഴ്ച ഉച്ചയ്ക്ക് അഷ്കർ കുട്ടിയെ എസ്എടി ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. അവശനായിരുന്ന കുഞ്ഞ് അല്പസമയം കഴിഞ്ഞപ്പോൾ മരിച്ചു. ഡോക്ടർമാർ നടത്തിയ പരിശോധനയിൽ കുഞ്ഞിന്റെ ദേഹമാസകലം മുറിവുകൾ കണ്ടെത്തി. തലയുടെ പിൻഭാഗത്ത് ശക്തമായി ഏറ്റ ക്ഷതത്തിന്റെ പാടും ഉണ്ടായിരുന്നു. കാൽപ്പാദങ്ങളിലും കൈകളിലും മുതുകിലുമൊക്കെ പൊള്ളലേറ്റ പാടുകളും ഉണ്ടായിരുന്നു.

കുഞ്ഞിന്റെ അമ്മ അഖില ഏതാനും നാളുകളായി ജോലിസംബന്ധമായ ആവശ്യങ്ങൾക്കായി തമിഴ്നാട്ടിലായിരുന്നു. കുഞ്ഞും രണ്ടാനച്ഛൻ അഷ്കറും മാത്രമാണ് പനവൂരിലെ വാടക വീട്ടിലുണ്ടായിരുന്നത്. ഈ സമയങ്ങളിലൊക്കെ അഷ്കർ കുഞ്ഞിനെ നിരന്തരം ശാരീരികപീഡനത്തിന് വിധേയമാക്കിയിരുന്നു. കുഞ്ഞിന്റെ ദേഹത്ത് മുറിവുകളും ചതവുകളും ഒടിവുകളും നിരന്തരം സംഭവിച്ചുകൊണ്ടിരുന്നു. അതെല്ലാം കുട്ടി വീണതുകൊണ്ടും തീയിൽ കളിച്ചതുകൊണ്ടുമൊക്കെ സംഭവിച്ചതാണ് എന്നാണ് അഷ്കർ അഖിലയോടും കുഞ്ഞിന്റെ ബന്ധുക്കളോടും പറഞ്ഞിരുന്നത്.

29-ന് മരണവിവരം അറിഞ്ഞ് ആശുപത്രിയിൽ എത്തിയ കുഞ്ഞിന്റെ പിതാവിന്റെ ബന്ധുക്കൾ മരണത്തിൽ ദുരൂഹതയുണ്ടെന്നാരോപിച്ച് പോലീസിനെ സമീപിച്ചു. അഷ്കറിനെയും അഖിലയേയും നെടുമങ്ങാട് പോലീസ് കസ്റ്റഡിയിൽ എടുത്ത് നടത്തിയ ചോദ്യംചെയ്യലിലാണ് കൊലപാതകം തെളിഞ്ഞത്.

ഉച്ചയ്ക്ക് കരഞ്ഞ് നിർബന്ധംപിടിച്ച കുഞ്ഞിന്റെ തലക്കു പിന്നിൽ അഷ്കർ ശക്തിയായി അടിക്കുകയും അടിയുടെ ആഘാതത്തിൽ കുഴഞ്ഞുവീഴുകയും ചെയ്തിരുന്നു. കുഴഞ്ഞുവീണ കുഞ്ഞിനെ എടുത്ത് കട്ടിലിൽ കിടത്തി. ഇതിനിടയിൽ കുഞ്ഞ് ഛർദിക്കുകയും ചെയ്തു. ഛർദിക്കുന്നതിന്റെ ശബ്ദംകേട്ട് പരിസരവാസികളിൽ ചിലർ വീട്ടിലെത്തി. ആഹാരം തൊണ്ടയിൽ കുടുങ്ങി എന്നാണ് അഷ്കർ അവരോട് പറഞ്ഞത്. അവരുടെ നിർബന്ധപ്രകാരമാണ് ആംബുലൻസ് വിളിച്ച് അഷ്കർ കുഞ്ഞിനെ ആശുപത്രിയിൽ എത്തിച്ചത്. കുഞ്ഞിനെ ഉയരത്തിൽനിന്നു തള്ളിയിട്ട് ഇരുകൈകളും ഒടിച്ചതായും ലൈറ്റർ ഉപയോഗിച്ച് ദേഹമാസകലം പൊള്ളിച്ചതായും വടി ഉപയോഗിച്ച് നിരന്തരം പീഡിപ്പിച്ചിരുന്നതായും അഷ്കർ പോലീസിനോട് സമ്മതിച്ചു.

വെങ്കിട്ടക്കാല സ്വദേശിനിയാണ് അഖില. പാലോട് സ്വദേശി അഖിലാണ് അഖിലയുടെ ആദ്യ ഭർത്താവ്. ഒരുവർഷം മുമ്പ് അഖിൽ ആത്മഹത്യ ചെയ്തു. ശേഷമാണ് അഷ്കറെ കൂടെക്കൂട്ടിയത്. നർത്തകിയായ അഖില ഏതാനും ആഴ്ചകൾക്കു മുമ്പാണ് തമിഴ്നാട്ടിൽ പോയത്. ഇതിനുശേഷം അഷ്കർ കുഞ്ഞിനെ നിരന്തരമായ പീഡനത്തിന് വിധേയമാക്കുകയായിരുന്നു.

പോസ്റ്റ്മോർട്ടത്തിനുശേഷം കുഞ്ഞിന്റെ മൃതദേഹം അഖിലിന്റെ പിതാവ് ഏറ്റുവാങ്ങി പാലോട് പച്ചയിലെ വീട്ടുവളപ്പിൽ സംസ്കരിച്ചു.


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


MIDWEST
WINDOWS & DOORS
40% OFF
FOR DOORS & SIDING
45% OFF
FOR WINDOWS
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


Grace CONVENTION CENTER
Punnamoodu, Mavelikara
DESTINATION Wedding Package in KERALA
Rate : $ 25,000 /- (Dollars Only)
(This package Includes 500 pax - guest)
SERVICES
PHOTOGRAPHY
STAGE DECORATION
CATERING SERVICE:
(Kerala sadhya, Christian Meals, Dum Biriyani, North Indian Food)
FUSION, TALLMAN SECURITY,
PREMIUM CARS, ENTERTAINMENT
CHURCH CHOIR, ANCHORING
LED WALL, LIVE STREAMING
EVENTS
WEDDING PLANNING,
ENGAGEMENT
FUNERAL SERVICE,
BETROTHAL, BAPTISM,
BIRTHDAY PARTIES,
HOUSE WARMING
BUSINESS CONFERENCE
GET TOGETHER Etc;
Celebrate your Dreams With Us...
TOLL FREE 1800-572-5667
FOLLOW US NOW
+91 9188751000
+91 9633949676,+91 8547805929
info@graceconventioncenter.com
www.graceconventioncenter.com
For Location And Feedback
Kindly scan the QR
GRACE
CONVENTION CENTER
Celebrate your Dreams with Us

# First Memorial of
# Rev. Fr. Alummoottil Koshy Cherian
## June 4, 2026



Lovingly remembering Appacha,

Mrs. Molly Cherian (Kochamma)

Dr. Mathew & Dr. Sheba George

"Of Blessed Memory Dr. Koshi" &
Dr. Rekha Cherian

Fr. Paul & Shallu Cherian (Kochamma)

Dr. Shoba Cherian

Grandchildren: Leah, Miriam, Abigail,
Sophia, Joanna, Nathanael, Olivia,
Ethan & Julia

First Vicar & Founding Father of
St. Mary's Orthodox Church of India
360 Bedford Park Boulevard
Bronx, New York

Senior Priest of the
Malankara Orthodox Syrian Church



Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**